09
നവംബർ
ഞായർ 2025
1201 തുലാം23
Vol 08 Issue No 39

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

`7.50
പേജ് 12
www.keralapranamam.com
infokeralapranamam@gmail.com

## 'ഒരു രോഗിയെ എങ്ങനെയാണ് തറയിൽ കിടത്തി ചികിത്സിക്കാൻ കഴിയുക'; വേണുവിന്റെ മരണത്തിൽ ഡോ. ഹാരിസ് ചിറയ്ക്കൽ




**തിരുവനന്തപുരം:** തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൃത്യമായ ചികിത്സ ലഭിക്കാതെയാണ് കൊല്ലം പന്മന സ്വദേശി വേണു മരിച്ചതെന്ന ആരോപണത്തിൽ പ്രതികരിച്ച് ഡോക്ടർ ഹാരിസ് ചിറയ്ക്കൽ. ധാരാളം മെഡിക്കൽ കോളേജുകൾ തുടങ്ങിയിട്ട് കാര്യമില്ലെന്നും നിലവിലുള്ള മെഡിക്കൽ കോളേജുകൾ ശക്തിപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വേണുവിനെ ആശുപത്രിയിൽ നിലത്ത് കിടത്തിയതിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരത്ത് ഒരു ചടങ്ങിൽ സംസാരിക്കവേയായിരുന്നു പ്രതികരണം. 'വേണുവിനെ തറയിലാണ് കിടത്തിയിരുന്നത്. ആധുനിക സംസ്കാരത്തിൽ എങ്ങനെയാണ് തറയിൽ കിടത്തി ചികിത്സിക്കുന്നത്. ഒരിക്കൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയപ്പോൾ വളരെ വിഷമകരമായ അവസ്ഥയുണ്ടായി. മെഡിക്കൽ കോളേജുകൾ ധാരാളം തുടങ്ങുന്നതുകൊണ്ട് കാര്യമില്ല. കോന്നി മെഡിക്കൽ കോളേജിൽ തന്നെ 500 കോടിയോളം രൂപ ചെലവായെന്നാണ് എനിക്ക് കിട്ടിയ കണക്ക്. എന്നിട്ടും അവിടെ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ഇപ്പോഴും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾക്ക് പരിമിതികളുണ്ട്. രോഗികളുടെ ബാഹുല്യവുമുണ്ട്. വേണുവിനെ കൊണ്ടുവന്നപ്പോൾ അവിടെ തറയിലാണ് കിടത്തിയത്. അവിടെ ഒന്നാം വാർഡ്, രണ്ടാം വാർഡ്, 28ാം വാർഡ് എന്നിങ്ങനെയുണ്ട്. ഇന്നത്തെ സംസ്കാരത്തിലുള്ള ആർക്കും അവിടെ പോകാൻ പറ്റില്ല. ഒരു രോഗിയെ എങ്ങനെയാണ് തറയിൽ കിടത്തി ചികിത്സിക്കാൻ കഴിയുക'- ഡോ. ഹാരിസ് ചിറയ്ക്കൽ ചോദിച്ചു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദ്രോഗ ചികിത്സ യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച് സുഹൃത്തിന് ശബ്ദസന്ദേശം അയച്ച് മണിക്കൂറുകൾക്കുള്ളിലാണ് വേണു മരിച്ചത്. ബുധനാഴ്ച രാത്രിയായിരുന്നു സംഭവം. ഓട്ടോ ഡ്രൈവറായ വേണുവിന് വെള്ളിയാഴ്ച രാത്രിയാണ് നെഞ്ചുവേദനയുണ്ടായത്. അസിഡിറ്റിയാണെന്ന് കരുതിയെങ്കിലും കുറയാതെ വന്നതോടെ ശനിയാഴ്ച രാവിലെ ചവറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെത്തിച്ചു. അവിടെനിന്ന് കൊല്ലം ജില്ലാ ആശുപത്രിയിലേക്ക് അയച്ചു. ഇ.സി.ജിയിൽ വ്യത്യാസം കണ്ടതോടെയാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചത്. ഭാര്യ സിന്ധുവും ഒപ്പമുണ്ടായിരുന്നു. ആംബുലൻസിൽ അതിവേഗം എത്തിച്ച് അഞ്ചുദിവസം കഴിഞ്ഞിട്ടും ആൻജിയോഗ്രാം നടത്തിയില്ലെന്നാണ് കുടുംബം ഉന്നയിക്കുന്ന പരാതി.

## 'തീവ്ര ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ഒളിച്ചു കടത്തലാണ് വന്ദേഭാരതിന്റെ ഉദ്ഘാടന ചടങ്ങിൽ കണ്ടത്'; റെയിൽവെയ്ക്കെതിരെ മുഖ്യമന്ത്രി



**തിരുവനന്തപുരം:** എറണാകുളം-ബംഗളൂരു വന്ദേ ഭാരത് സർവീസ് ഉദ്ഘാടനത്തിനിടെ വിദ്യാർത്ഥികളെക്കൊണ്ട് ആർഎസ്എസ് ഗണഗീതം പാടിപ്പിച്ച ദക്ഷിണ റെയിൽവേയുടെ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അപരമത വിദ്വേഷവും വർഗ്ഗീയ വിഭജന രാഷ്ട്രീയവും നിരന്തരം പ്രസരിപ്പിക്കുന്ന ആർഎസ്എസിന്റെ ഗാനം സർക്കാരിന്റെ ഔദ്യോഗിക പരിപാടിയിൽ ഉൾപ്പെടുത്തിയത് ഭരണഘടനാതത്വങ്ങളുടെ ലംഘനമാണെന്നും അദ്ദേഹം ഫേസ്ബുക്കിൽ പങ്കുവച്ച കുറിപ്പിൽ വ്യക്തമാക്കി. 'രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ റെയിൽവേയെ പോലും തങ്ങളുടെ വർഗ്ഗീയ രാഷ്ട്രീയ പ്രചാരണത്തിനായി സംഘപരിവാർ ഉപയോഗിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. ദേശഭക്തി ഗാനമെന്ന കുറിപ്പോടെ ഈ ഗണഗീതം സാമൂഹിക മാദ്ധ്യമങ്ങളിൽ പങ്കുവച്ച ദക്ഷിണ റെയിൽവേ സ്വയം പരിഹാസ്യരാവുന്നതിനൊപ്പം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെ അപഹസിക്കുക കൂടിയാണ് ചെയ്തത്. സ്വാതന്ത്ര്യ സമരകാലത്ത് ഇന്ത്യയുടെ മതനിരപേക്ഷ ദേശീയതയുടെ ആണിക്കല്ലായി വർത്തിച്ച റെയിൽവേയാണ് ഇന്നിപ്പോൾ സ്വാതന്ത്ര്യ സമരത്തെ ഒറ്റിയ ആർഎസ്എസിന്റെ വർഗീയ അജണ്ടയ്ക്കു കുടപിടിക്കുന്നത്. തീവ്ര ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ഒളിച്ചു കടത്തലാണ് വന്ദേഭാരതിന്റെ ഉദ്ഘാടന ചടങ്ങിൽ കണ്ടത്. ഇതിനു പിന്നിൽ പ്രവർത്തിച്ചത് മതനിരപേക്ഷതയെ തകർക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സങ്കുചിത രാഷ്ട്രീയ മനസ്സാണ്. ഇതു തിരിച്ചറിഞ്ഞുകൊണ്ട് മുഴുവൻ ജനങ്ങളുടേയും പ്രതിഷേധമുയരണം'- മുഖ്യമന്ത്രി പറഞ്ഞു.


### ഗണഗീതം; ഒഴിവാക്കിയ വീഡിയോ വീണ്ടും എക്സിൽ പങ്കുവെച്ച് ദക്ഷിണ റെയിൽവേ




**കൊച്ചി:** ആക്ഷേപങ്ങളെ തുടർന്ന് എക്സിൽ നിന്നും ഒഴിവാക്കിയ കുട്ടികളുടെ ഗണഗീത വീഡിയോ വീണ്ടും പങ്കുവെച്ച് ദക്ഷിണ റെയിൽവേ. 'പരമപവിത്രമതാമീ മണ്ണിൽ ഭാരതാംബിയെ പൂജിക്കാൻ' എന്ന് തുടങ്ങുന്ന ഈ ഗാനത്തിന്റെ ഇംഗ്ലീഷ് പരിഭാഷയോടുകൂടിയാണ് പോസ്റ്റ് ചെയ്തത്. എളമക്കര സരസ്വതി വിദ്യാലയയിലെ കുട്ടികൾ സ്കൂളിലെ പാട്ടുപാടി എന്ന അടിക്കുറിപ്പോടുകൂടിയാണ് പോസ്റ്റ്. ആദ്യം പാട്ട് ഒഴിവാക്കിയ റെയിൽവേ, സ്കൂൾ അധികൃതരോട് വിശദാംശങ്ങൾ തേടി. സ്കൂളിൽ എല്ലാ ദിവസവും അസംബ്ലിയിൽ പാടുന്ന ദേശഭക്തിഗാനം ആണെന്ന് സ്കൂൾ അധികൃതർ വിശദീകരിച്ചതോടുകൂടിയാണ് വീണ്ടും പോസ്റ്റ് ചെയ്തതെന്ന് റെയിൽവേ അധികൃതർ പറയുന്നു. എക്സിൽ വീണ്ടും വീഡിയോ പോസ്റ്റ് ചെയ്തതിന് റെയിൽവേയോട് എളമക്കര സരസ്വതീവിദ്യാനികേതനിലെ പ്രിൻസിപ്പൽ നന്ദി അറിയിച്ചു. 'വന്ദേ ഭാരതിന്റെ ഉദ്ഘാടനയാത്രയിൽ പങ്കെടുക്കാൻ അവസരം നൽകിയതിന് റെയിൽവേ മന്ത്രിക്കും പ്രധാനമന്ത്രിക്കും നന്ദി. പാട്ടിലെ 'പലനിറമെങ്കിലും ഒറ്റമനസ്സായ് വിടർന്നിടുന്നു മുകുളങ്ങൾ ' എന്ന അവസാന വരി രാജ്യത്തിന്റെ നാനാത്വത്തിലുള്ള ഏകത്വത്തിന്റെ കരുത്തും ലയവും വിളിച്ചറിയിക്കുന്നതാണ് '-അവർ പറഞ്ഞു.

## പോപ്പുലർ ഫ്രണ്ടിന്റെ ഗ്രീൻവാലി അക്കാദമി അടക്കം 67 കോടി രൂപയുടെ സ്വത്തുക്കൾ ഇഡി കണ്ടുകെട്ടി

**തിരുവനന്തപുരം:** പോപ്പുലർ ഫ്രണ്ടിന്റെയും എസ്ഡിപിഐയുടെയും കേരളത്തിന്റെ വിവിധ സ്ഥലങ്ങളിലുള്ള ഭൂമിയുൾപ്പെടെയുള്ള 67 കോടി രൂപയുടെ സ്വത്തുക്കൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) കണ്ടുകെട്ടി. മലപ്പുറത്തെ ഗ്രീൻവാലി അക്കാദമി അടക്കമുള്ള എട്ട് സ്വത്തുക്കളാണ് ഇഡി കണ്ടുകെട്ടിയിരിക്കുന്നത്. പോപ്പുലർ ഫ്രണ്ടിന്റെ നിരോധനവുമായി ബന്ധപ്പെട്ട് ഇഡിയും എൻഐഎയും രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ അന്വേഷണം പുരോഗമിക്കുകയാണ്. അതിന്റെ ഭാഗമായാണ് ഇപ്പോൾ ഈ നടപടിയുണ്ടായിരിക്കുന്നത്. നിരോധിതസംഘടനയായ പോപ്പുലർ ഫ്രണ്ടും രാഷ്ട്രീയപാർട്ടിയായ എസ്ഡിപിഐയുമായി ബന്ധപ്പെട്ട് 129 കോടി രൂപയുടെ സ്വത്തുവകകൾ ഇതിനോടകം അന്വേഷണസംഘങ്ങൾ കണ്ടുകെട്ടി. ഗ്രീൻവാലി ഫൗണ്ടേഷന്റെ ഭാഗമായുള്ള കെട്ടിടവും ഭൂമിയും, ആലപ്പുഴ സോഷ്യൽ കൾച്ചർ ആൻഡ് എജ്യൂക്കേഷൻ ട്രസ്റ്റ്, പത്തനംതിട്ടയിലെ പന്തളം എജ്യൂക്കേഷൻ ആൻഡ് കൾച്ചറൽ ട്രസ്റ്റ്, ഇസ്ലാമിക് സെന്റർ വയനാട്, ഹരിതം ഫൗണ്ടേഷൻ മലപ്പുറം, പെരിയാർവാലി ചാരിറ്റബിൾ ട്രസ്റ്റ് ആലുവ, വള്ളുവനാടൻ ട്രസ്റ്റ് പാലക്കാട്, എസ്ഡിപിഐയുടെ തിരുവനന്തപുരത്തുള്ള ഭൂമി എന്നിവ ഉൾപ്പെടെയാണ് കണ്ടുകെട്ടിയിരിക്കുന്നത്. ഇത്തരം നടപടികൾ തുടരുമെന്ന് ഇഡി വൃത്തങ്ങൾ വ്യക്തമാക്കി. രാജ്യത്തിനെതിരായി പ്രവർത്തിച്ചതായും രാജ്യത്ത് ഹവാല ഇടപാടുകൾ നടത്തിയതായും വിദേശഫണ്ടുകൾ അനധികൃതമായി രാജ്യത്ത് എത്തിച്ചതായും ഭീകരപ്രവർത്തനങ്ങൾക്കായി ഈ ഫണ്ടുകൾ ഉപയോഗപ്പെടുത്തിയതായുമുള്ള ആരോപണങ്ങളാണ് പോപ്പുലർ ഫ്രണ്ടിനെതിരായി കേന്ദ്രസർക്കാർ ഉന്നയിച്ചിട്ടുള്ളത്. ഈ ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണ് പോപ്പുലർ ഫ്രണ്ടിനും എസ്ഡിപിഐയ്ക്കുമെതിരെ അന്വേഷണം ആരംഭിക്കുകയും തുടർന്ന് പോപ്പുലർ ഫ്രണ്ടിന്റെ നിരോധനത്തിലേക്ക് നീങ്ങുകയും ചെയ്തത്.




## തിരുസ്വരൂപം അനാവരണം ചെയ്തു, മദർ ഏലിശ്വയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു



**കൊച്ചി :** മദർ ഏലിശ്വ ഇനി വാഴ്ത്തപ്പെട്ടവൾ. വിശ്വാസി സമൂഹത്തെ സാക്ഷിയാക്കി ദേശീയ മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ നടന്ന ചടങ്ങിലാണ് പദവി പ്രഖ്യാപനം നടന്നത്. മാർപ്പാപ്പയുടെ പ്രതിനിധി മലേഷ്യയിലെ പെനാംഗ് ആർച്ച് ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ ഫ്രാൻസിസാണ് ശനിയാഴ്ച വൈകിട്ട് നാലിന് നടന്ന ദിവ്യബലി മദ്ധ്യേ പ്രഖ്യാപനം നടത്തിയത്. കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് മദർ എലീശ്വയുടെ തിരുസ്വരൂപം അനാവരണം ചെയ്തു. മദറിന്റെ തിരുശേഷിപ്പ് ഔദ്യോഗികമായി ഏറ്റുവാങ്ങി അൾത്താരയിൽ പ്രതിഷ്ഠിച്ചു. വത്തിക്കാന്റെ ഇന്ത്യയിലെ അപ്പോസ്തലിക പ്രതിനിധി ആർച്ച് ബിഷപ്പ് ഡോ, ലെയോ പോൾദോ ജിറെല്ലി സന്ദേശം നൽകി. കേരളകത്തോലിക്ക സഭയിലെ ആദ്യ സന്യാസിനിയും ഇന്ത്യയിലെ സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രഥമ കർമലീത്ത നിഷ്പാദുക മൂന്നാം സഭയുടെ സ്ഥാപകയുമാണ് മദർ ഏലിശ്വ. 1811ൽ എറണാകുളം ജില്ലയിലെ ഓച്ചംതുരുത്തിലാണ് മദർ ഏലിശ്വയുടെ ജനനം. 1913ലായിരുന്നു മരണം മദർ ഏലീശ്വയെ വിശുദ്ധരുടെ നാമകരണത്തിനായുള്ള വത്തിക്കാൻ കാര്യാലയം 2023 നവംബർ എട്ടിനാണ് ധന്യപദവിയിലേക്ക് ഉയർത്തിയത്.

## മാലിയിൽ അഞ്ച് ഇന്ത്യക്കാരെ ആയുധധാരികൾ തട്ടിക്കൊണ്ട് പോയി, അൽഖ്വയ്ദ – ഐസിസ് ഗ്രൂപ്പുകളാണെന്ന് സംശയം

**ബമാകാ (മാലി):** വിവിധ ഗ്രൂപ്പുകൾ തമ്മിൽ ഏറ്റുമുട്ടൽ നടക്കുന്ന പശ്ചിമ ആഫ്രിക്കൻ രാജ്യമായ മാലിയിൽ അഞ്ച് ഇന്ത്യക്കാരെ തട്ടിക്കൊണ്ട് പോയി. മാലിയിലെ പടിഞ്ഞാറൻ മേഖലയിൽ കോബ്രിക്കിന് സമീപം വ്യാഴാഴ്ചയോടെ സംഭവം ഉണ്ടായതെന്നാണ് റിപ്പോർട്ട്. വൈദ്യുതീകരണ പദ്ധതികളിൽ ജോലി ചെയ്യുന്ന ജീവനക്കാരെയാണ് തട്ടിക്കൊണ്ട് പോയത്. തട്ടികൊണ്ട് പോകലിന്റെ ഉത്തരവാദിത്വം ഇതുവരെ ഒരു സംഘടനയും ഏറ്റെടുത്തിട്ടില്ല. സുരക്ഷ മുൻനിർത്തി കമ്പനിയിൽ ജോലി ചെയ്യുന്ന മറ്റ് ഇന്ത്യക്കാരെ തലസ്ഥാനമായ ബമാക്കോയിലേക്ക് മാറ്റിപാർപ്പിച്ചിട്ടുണ്ട്. 2012 മുതൽ അട്ടിമറികളും സംഘർഷങ്ങളും നിറഞ്ഞ മാലിയിൽ, വിദേശികളെ ലക്ഷ്യമിട്ടുള്ള തട്ടികൊണ്ടുപോകലുകൾ സാധാരണമാണ്. കഴിഞ്ഞ സെപ്തംബറിൽ അൽഖയ്ദയുമായി ബന്ധമുള്ള ഗ്രൂപ്പ് ഫോർ ദി സപ്പോർട്ട് ഓഫ് ഇസ്ലാം ആൻഡ് മുസ്ലീം (ജെഎൻഐഎം) ജിഹാദിസ്റ്റുകൾ രണ്ട് എമിറാത്തി പൗരൻമാരെയും ഒരു ഇറാനിയെയും ബമാക്കോയ്ക്ക് സമീപത്ത് നിന്ന് തട്ടിക്കൊണ്ട് പോയിരുന്നു. പിന്നീട് 50 മില്യൺ ഡോളർ മോചന ദ്രവ്യം നൽകിയതിനെ തുടർന്നാണ് ഇവരെ കഴിഞ്ഞയാഴ്ച വിട്ടയച്ചത്. അതേസമയം, അൽഖ്വയ്ദ-ഐസിസ് തുടങ്ങിയ ഗ്രൂപ്പുകളാണ് തട്ടിക്കൊണ്ട് പോകലിന് പിന്നിലെന്നാണ് വിവരം. നിലവിൽ സൈനിക ഭരണത്തിൽ നീങ്ങുന്ന മാലിയിൽ ഏറെ നാളുകളായി സംഘർഷഭരിതമായ അന്തരീക്ഷമാണ് നിലനിൽക്കുന്നത്. രാജ്യത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുന്നതും ജനങ്ങൾക്ക് വലിയ രീതിയിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ട്.



## ശബരിമല ദർശനം: വെർച്വൽ ക്യൂ ബുക്കിംഗ് നിർബന്ധം

**തിരുവനന്തപുരം;** ശബരിമല തീർത്ഥാടനത്തിന് വെർചൽ ക്യൂ ബുക്കിംഗ് നിർബന്ധമെന്ന് പൊലീസ് . തിരക്ക് ഒഴിവാക്കുന്നതിനായി ഭക്തർ ബുക്കിംഗിൽ അനുവദിച്ചിട്ടുള്ള സമയ സ്ലോട്ട് കർശനമായി പാലിക്കണം. സ്പോട്ട് ബുക്കിംഗുകൾ വളരെ പരിമിതമായതിനാൽ മുൻകൂർ ബുക്കിംഗ് ഇല്ലാതെ എത്തുന്ന ഭക്തരെ ഉൾക്കൊള്ളാൻ കഴിയില്ല. വെർചൽ ക്യൂ ബുക്കിംഗ് ഇല്ലാത്തവർക്ക് ദർശനത്തിനു അസൗകര്യവും നീണ്ട കാത്തിരിപ്പ് സമയവും ഉണ്ടാകാൻ സാധ്യതയുണ്ട്. അനിയന്ത്രിതമായ തിരക്ക് സുരക്ഷാ ക്രമീകരണങ്ങളെ തടസ്സപ്പെടുത്താൻ സാധ്യതയുള്ളതിനാൽ, തീർത്ഥാടകർ യാത്ര ആരംഭിക്കുന്നതിന് മുമ്പ് ഒരു വെർചൽ ക്യൂ സ്ലോട്ട് ഉറപ്പാക്കാൻ ശ്രദ്ധിക്കണമെന്നും . കൂടാതെ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടകർ അനുവദിച്ച സമയത്തിനുള്ളിൽ മാത്രം എത്തുന്ന രീതിയിൽ യാത്ര ആസൂത്രണം ചെയ്യണമെന്നും പൊലീസ് അറിയിച്ചു.

**നിർദ്ദേശങ്ങൾ:**

മരക്കൂട്ടം, ശരംകുത്തി, നടപന്തൽ എന്നിവയിലൂടെ സന്നിധാനത്ത് എത്തുക.

പതിനെട്ടാം പടിയിലെത്താൻ ക്യൂ പാലിക്കുക.

മടക്കയാത്രയ്ക്ക് നടപന്തൽ ഫ്ലൈ-ഓവർ ഉപയോഗിക്കുക.

ഡോളി ഉപയോഗിക്കുമ്പോൾ, ദേവസ്വം കൗണ്ടറിൽ മാത്രം പണമടച്ച് രസീത് സൂക്ഷിക്കുക.

സുരക്ഷാ പരിശോധനാ പോയിന്റുകളിൽ പരിശോധനയ്ക്ക് വിധേയരാകുക.

വാഹന തകരാർ, അപകടങ്ങൾ, മെഡിക്കൽ അടിയന്തരാവസ്ഥകൾ, മൃഗങ്ങളുടെ ഭീഷണി, മോഷണം/കുറ്റകൃത്യങ്ങൾ, കാണാതായ വ്യക്തികൾ തുടങ്ങിയ പ്രതിസന്ധി സാഹചര്യങ്ങളിൽ പൊലീസിനെ ബന്ധപ്പെടാൻ '14432' എന്ന ഹെൽപ്പ്ലൈൻ നമ്പർ ലഭ്യമാണ്.

സംശയാസ്പദമായ എന്തെങ്കിലും കണ്ടാൽ പൊലീസിനെ അറിയിക്കുക.

ആവശ്യമെങ്കിൽ മെഡിക്കൽ സെന്ററുകളുടെയും ഓക്സിജൻ പാർലറുകളുടെയും സൗകര്യങ്ങൾ ഉപയോഗിക്കുക.

കുട്ടികൾ, പ്രായമായവർ, മാളികപ്പുറങ്ങൾ (പെൺകുട്ടികൾ) എന്നിവരുടെ കഴുത്തിൽ വിലാസവും കോൺടാക്റ്റ് നമ്പറുകളും അടങ്ങിയ തിരിച്ചറിയൽ കാർഡുകൾ. തൂക്കുക

പതിനെട്ടാംപടിയിൽ തേങ്ങ ഉടയ്ക്കരുത്.

പതിനെട്ടാംപടിയുടെ ഇരുവശങ്ങളിലുമുള്ള നിയുക്ത സ്ഥലങ്ങളിലല്ലാതെ മറ്റെവിടെയും തേങ്ങ ഉടയ്ക്കരുത്.

അപ്പർ തിരുമുറ്റത്തോ തന്ത്രി നടയിലോ വിശ്രമിക്കരുത്.

നടപന്തലിലും താഴത്തെ തിരുമുറ്റത്തും വിരികൾ (ഗ്രൗണ്ട് മാറ്റുകൾ) വിരിക്കാൻ പാതകൾ ഉപയോഗിക്കരുത്.

പമ്പയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കരുത്

## മന്ത്രി ഗണേശ് കുമാറിന്റെ വകുപ്പിലെ പുതിയ പരിഷ്കാരം; പ്രതിഷേധവുമായി ജീവനക്കാരുടെ സംഘടനകൾ



**തിരുവനന്തപുരം:** കെഎസ്ആർടിസിയിൽ നടപ്പാക്കിയ പുതിയ പരിഷ്കാരത്തിനെതിരെ ജീവനക്കാരുടെ സംഘടനകൾ രംഗത്ത്. എഐ ഉപയോഗിച്ച് റൂട്ടുകളിലെ സമയം നിശ്ചയിക്കുന്ന സംവിധാനത്തിനെതിരെയാണ് ജീവനക്കാർ രംഗത്തെത്തിയത്. പുതിയ സംവിധാനത്തിലൂടെ സമയം നിശ്ചയിക്കുമ്പോൾ തൊഴിലാളികൾക്ക് ഡ്യൂട്ടി നഷ്ടം വരും വിധം കുറഞ്ഞ യാത്രാ സമയം തിരഞ്ഞെടുക്കുന്നുവെന്നാണ് പരാതി. ബസ് വിന്യാസത്തിലെ അപാകത പരിഹരിക്കുന്നതിന് വേണ്ടിയാണ് മന്ത്രി ഗണേശ് കുമാറിന്റെ വകുപ്പ് പുതിയ പരിഷ്കാരം കൊണ്ടുവന്നത്. പ്രീമിയം സൂപ്പർഫാസ്റ്റുകളിൽ സ്റ്റോപ്പ് കുറച്ചതിന്റെ പേരിൽ ഡ്യൂട്ടി കുറച്ചതിന്റെ സമാനമാണ് എഐ പരിഷ്കാരമെന്നാണ് ഉയരുന്ന ആക്ഷേപം. പുതിയ മോഡൽ ടിക്കറ്റ് മെഷിൻ ഏർപ്പെടുത്തിയതോടെ ബസുകളുടെ യാത്രാസമയം ഓൺലൈനിൽ ലഭിക്കും. ഓരോ റൂട്ടുകളിലെ ബസുകൾ ഏത്ര സമയത്തിനുള്ളിൽ ട്രിപ്പ് പൂർത്തിയാകുമെന്ന് അറിയാൻ സാധിക്കും. എന്നാൽ ദേശീയപാത നിർമ്മാണവും ഗതാഗതക്കുരുക്കും കാരണം ബസുകൾ വൈകിയോടുന്നുണ്ട്. ഇക്കാര്യം അവഗണിച്ച് കുറഞ്ഞ സമയം കണക്കാക്കി അതുപ്രകാരം ഡ്യൂട്ടി പുനഃക്രമീകരിക്കാൻ നിർദ്ദേശിച്ചതാണ് പരാതിക്ക് കാരണമാക്കിയത്. ഇപ്പോഴത്തേത് പരീക്ഷണ ഉപയോഗം മാത്രമാണെന്നാണ് മാനേജ്മെന്റ് വിശദീകരണം. അതേസമയം, പ്രീമിയം ബസുകളുടെ ഡ്യൂട്ടി കുറച്ചത് പിൻവലിച്ചില്ലെങ്കിൽ സമരവുമായി മുന്നോട്ടു പോകാനാണ് തൊഴിലാളി സംഘടനകളുടെ തീരുമാനം. സൂപ്പർ ഫാസ്റ്റ് ആരംഭിച്ച സമയത്ത് തിരുവനന്തപുരം- എറണാകുളം റൂട്ടിൽ 11 ഫെയർ സ്റ്റേജുകളും അഞ്ചരമണിക്കൂർ സമയവുമാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ കാലക്രമേണ സ്റ്റോപ്പുകൾ വർദ്ധിപ്പിച്ചെങ്കിലും സമയം ദീർഘിപ്പിച്ചില്ല. ഈ അവസ്ഥ തന്നെയാണ് എല്ലാ റൂട്ടുകളിലും. യാത്രക്കാർ രാത്രിയിൽ ആവശ്യപ്പെടുന്ന സ്ഥലത്ത് നിർത്തേണ്ടി വരുന്നതും ഗതാഗതതടസവും ലക്ഷ്യസ്ഥാനത്ത് എത്തേണ്ട സമയം വർദ്ധിപ്പിക്കുന്നു. ഈ കാരണം കൊണ്ട് ഡ്യൂട്ടിക്കിടയിലെ വിശ്രമസമയം നഷ്ടമാകുന്നതായി ജീവനക്കാർ പറയുന്നു.






കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല"
മഹാത്മാ
ഗാന്ധി



## നഗരത്തിന്റെ ഭാവി വളർച്ചയും മറ്റും കണക്കിലെടുക്കുമ്പോൾ എന്തുകൊണ്ടും മെട്രോ റെയിൽ തന്നെയാണ് നല്ലത്

തിരുവനന്തപുരം നഗരത്തിന്റെ ഭാവി വികസനത്തിന് ഗതിവേഗം പകരുന്ന മെട്രോ റെയിൽ പദ്ധതിയുടെ ആദ്യഘട്ട അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകിയിരിക്കുകയാണ്. പഴയ കാലത്തൊക്കെ ഒരു വൻ പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ തന്നെ അത് പൂർത്തിയാകാൻ വർഷങ്ങൾ വേണ്ടിവരുമായിരുന്നു. ആധുനിക സാങ്കേതികവിദ്യയും നിർമ്മാണ രീതികളും അത്യധികം പുരോഗമിച്ച ഇക്കാലത്ത് ഏതൊരു വമ്പൻ പദ്ധതിയും വിരലിലെണ്ണാവുന്ന വർഷങ്ങൾക്കുള്ളിൽ പൂർത്തിയാക്കാനാവും. മെട്രോ പദ്ധതിക്ക് ആവശ്യമായ കേന്ദ്രാനുമതികൾ കൂടി ലഭ്യമാകുന്ന മുറയ്ക്ക് അധികം വൈകാതെ തന്നെ ഈ പദ്ധതി തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കാം. നഗരത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്നതും ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും മുൻപന്തിയിലേക്ക് വരുന്ന നഗരമായി തിരുവനന്തപുരത്തെ മാറ്റിത്തീർക്കുന്നതുമാകും ഈ പദ്ധതി.

പാപ്പനംകോടു നിന്ന് ആരംഭിച്ച് ഈഞ്ചയ്ക്കലിൽ അവസാനിക്കുന്നതാണ് ആദ്യഘട്ടം. 31 കിലോമീറ്റർ ദൂരപരിധിയിൽ 27 സ്റ്റേഷനുകളുണ്ടാകും. വിമാനത്താവളവും റെയിൽവേ സ്റ്റേഷനും കൂടി ഉൾപ്പെടുത്തിയാവണം അലൈൻമെന്റെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നു. ഇത് പരിഗണിച്ച് വിമാനത്താവളത്തിനും കൊച്ചുവേളി റെയിൽവേ സ്റ്റേഷനും സമീപത്തുകൂടിയാണ് അലൈൻമെന്റ് നിശ്ചയിച്ചത്. നിലവിൽ തിരുവനന്തപുരത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ എത്തിച്ചേരാനായി സഞ്ചരിക്കുന്ന പ്രധാന കേന്ദ്രങ്ങളെല്ലാം അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നത് ആശ്വാസകരമാണ്.

ഇത് ലാഭകരമാകുമോ ഇല്ലയോ എന്നതിനല്ല ആദ്യ പരിഗണന നൽകേണ്ടത്. തുടക്കത്തിൽ ഡൽഹി മെട്രോ പോലും നഷ്ടത്തിലാണ് ഓടിയത്. ഇന്നത് ലാഭകരമായി എന്നത് മാത്രമല്ല ഡൽഹിയുടെ ഗതാഗതത്തിന്റെ ജീവനാഡിയായി മാറിയിരിക്കുന്നു. നഗരത്തിന്റെ വാഹന ഗതാഗതത്തിന്റെ പെരുപ്പം മൂലമുണ്ടാകുന്ന മലിനീകരണവും റോഡിലെ നാലു ചക്ര വാഹനങ്ങളുടെ തിരക്കും ഒഴിവാക്കാൻ മെട്രോ റെയിൽ സംവിധാനത്തിന് കഴിയുമെന്നതാണ് ഏറ്റവും വലിയ സവിശേഷത. ടെക്നോപാർക്കിലേക്കും റെയിൽവേ സ്റ്റേഷനിലേക്കും പോകുന്ന വാഹനങ്ങളുടെ എണ്ണം പകുതിയെങ്കിലും കുറയ്ക്കാനായാൽ അത് നഗരത്തിന് നൽകുന്ന ആശ്വാസം ചെറുതാകില്ല.

തലസ്ഥാനത്ത് മെട്രോ റെയിൽ പദ്ധതിയുടെ ആദ്യഘട്ടത്തിന് അനുമതിയാകുന്നത് നിരവധി അനിശ്ചിതത്വങ്ങളും കടമ്പകളും കടന്നതിനുശേഷമാണ്. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച പദ്ധതിയുടെ അലൈൻമെന്റിൽ പോലും അന്തിമ തീരുമാനമായത് 11 വർഷത്തിനു ശേഷമാണ്. മോണോ റെയിൽ പദ്ധതിയായിരുന്നു ആദ്യം വിഭാവനം ചെയ്തത്. പിന്നീടത് ലൈറ്റ് മെട്രോയായി. ഒടുവിലാണ് മെട്രോ റെയിലിൽ എത്തിയത്. തിരുവനന്തപുരം പോലെ തിരക്കേറിയ നഗരത്തിൽ ഒരേസമയം കൂടുതൽ യാത്രക്കാരെ വഹിക്കാൻ കഴിയുന്ന മെട്രോ റെയിൽ തന്നെയാണ് ഏറ്റവും അഭികാമ്യം. ലൈറ്റ് മെട്രോയിൽ പരമാവധി 15,000 യാത്രക്കാരെ ഉൾക്കൊള്ളാനേ കഴിയൂ. എന്നാൽ മെട്രോ റെയിലിൽ മണിക്കൂറിൽ 40,000 യാത്രക്കാരെ വരെ കൊണ്ടുപോകാം. വേഗത്തിലും മെട്രോ റെയിലാണ് മുന്നിൽ. നഗരത്തിന്റെ ഭാവി വളർച്ചയും മറ്റും കണക്കിലെടുക്കുമ്പോൾ എന്തുകൊണ്ടും മെട്രോ റെയിൽ തന്നെയാണ് നല്ലത്.

ഭാവിയിൽ തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട ഉപനഗരങ്ങളെല്ലാം മെട്രോയുടെ പാളങ്ങൾ കടന്നുപോകുന്നവയായി മാറില്ലെന്ന് പറയാനാവില്ല. തിരുവനന്തപുരത്ത് മെട്രോ വരുമ്പോൾ ആദ്യം പരിഹരിക്കപ്പെടുന്നത് യാത്രക്കാർ ഇപ്പോൾ തിരക്കിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടും സമയനഷ്ടവുമാകും. പാപ്പനംകോട് നിന്ന് രണ്ട് ബസ് കയറി കഴക്കൂട്ടത്തെത്താൻ നല്ല തിരക്കുള്ള സമയത്ത് കുറഞ്ഞത് ഒന്നര മണിക്കൂറോളം വേണ്ടിവരും. ഈ സമയം പത്തും പതിനഞ്ചും മിനിട്ടായാവും കുറയുക. ട്രാഫിക്കിൽ കുരുങ്ങി ട്രെയിനും വിമാനവും നഷ്ടപ്പെടുന്ന സാഹചര്യവും പൂർണമായി ഇല്ലാതാകും. നഗരത്തിലെ ചെറുപ്പക്കാർക്ക് ഒട്ടേറെ പുതിയ തൊഴിലവസരങ്ങളും മെട്രോ പ്രദാനം ചെയ്യുന്നതായിരിക്കും. 8000 കോടി ചെലവിൽ 2029-ൽ തിരുവനന്തപുരത്ത് മെട്രോ റെയിൽ യാഥാർത്ഥ്യമാകുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

## കോളേജ് അധ്യാപകരുടെ ശമ്പളത്തിൽ സർക്കാർ കൈവെക്കും; പരിശോധിക്കാൻ ധനവകുപ്പിന്റെ സമിതി



തിരുവനന്തപുരം: കോളേജ് അധ്യാപകർക്ക് എട്ടാം ശമ്പളക്കമ്മിഷൻ ശുപാർശയനുസരിച്ചുള്ള ശമ്പളവർധനയും ആനുകൂല്യങ്ങളും അതേപടി നടപ്പാക്കില്ലെന്നു വ്യക്തമാക്കി സർക്കാർ ഉത്തരവ്. ധനവകുപ്പിന്റെ പ്രത്യേക സമിതി പരിശോധിച്ചേ ശുപാർശ നടപ്പാക്കൂവെന്ന് അഡീഷണൽ സെക്രട്ടറി എ.എം. ജാഫർ പുറപ്പെടുവിച്ച ഉത്തരവിൽ പറയുന്നു.

യുജിസിയുടെയും എഐസിടിഇയുടെയുമൊക്കെ ശമ്പളപരിഷ്കരണ ഉത്തരവുകൾ ധനവകുപ്പ് പരിഗണിച്ചുമാത്രം നടപ്പാക്കുന്നത് നിർബന്ധമാക്കി. ഏഴാം ശമ്പളക്കമ്മിഷനുശേഷം 2016-ൽ കോളേജ് അധ്യാപകർക്ക് അനുവദിച്ച പിഎച്ച്ഡി, എംഫിൽ ഇൻക്രിമെന്റ് തുക റദ്ദാക്കി പുറപ്പെടുവിച്ച ഉത്തരവിലാണ് ഈ വ്യവസ്ഥകൾ. നവംബർ മൂന്നിന് ജസ്റ്റിസ് രഞ്ജനാ ദേശായ് അധ്യക്ഷയായുള്ള എട്ടാം ശമ്പളക്കമ്മിഷൻ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിരിക്കേയാണ് ധനവകുപ്പിന്റെ അസാധാരണ നടപടി.

അക്കാദമിക ആവശ്യങ്ങളും അധികബാധ്യത വഹിക്കാനുള്ള സാമ്പത്തികശേഷിയും കണക്കിലെടുത്തേ എട്ടാം ശമ്പളക്കമ്മിഷൻ ശുപാർശ നടപ്പാക്കൂവെന്നാണ് ഉത്തരവിലെ മറ്റൊരു ഓർമ്മപ്പെടുത്തൽ. ഇതോടെ, ശമ്പളവർധനയിൽ സർക്കാർ കൈവെക്കുമെന്ന് ഉറപ്പായി. സാമ്പത്തികശേഷി സാധാരണ പരിഗണിക്കാറുണ്ടെങ്കിലും അക്കാദമികമായ ആവശ്യങ്ങൾ പരിശോധിക്കുമെന്ന പ്രഖ്യാപനത്തിലാണ് അധ്യാപകർക്ക് ആശങ്ക. സർക്കാർ, എയ്ഡഡ് കോളേജുകളെന്നോ സർവകലാശാല എന്നോ ഒക്കെ വേർതിരിച്ച് ശുപാർശ നടപ്പാക്കാനുള്ള സാധ്യതയേറി.

അതേസമയം, ഏഴാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അധ്യാപകർക്ക് പിഎച്ച്ഡി, എംഫിൽ ആനുകൂല്യം നൽകുന്നതിലുണ്ടായ ആശയക്കുഴപ്പം ഭാവിയിൽ വരാതിരിക്കാനാണ് മുൻകരുതൽ നടപടിയെന്നാണ് സർക്കാർവൃത്തങ്ങളുടെ വിശദീകരണം.

# പാക് ആണവകേന്ദ്രത്തിൽ ബോംബിടാൻ ഇന്ദിര അനുമതി നൽകിയില്ല'; വെളിപ്പെടുത്തലുമായി മുൻ സി ഐഎ ഉദ്യോഗസ്ഥൻ



ആണവസ്വപ്നങ്ങൾക്ക് തടയിടുന്നതിന്റെ ഭാഗമായി, ഇന്ത്യയും ഇസ്രയേലും സംയുക്തമായി 1980-കളുടെ ആദ്യകാലത്ത് പാകിസ്താനിലെ കഹുത ആണവകേന്ദ്രം ബോംബിട്ട് നശിപ്പിക്കാൻ തീരുമാനിച്ചിരുന്നെന്ന് അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസിയായ സിഐഎയുടെ മുൻ ഉദ്യോഗസ്ഥൻ റിച്ചാർഡ് ബാർലോ. അന്നത് സംഭവിച്ചിരുന്നെങ്കിൽ ധാരാളം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

അന്ന് ആ ആക്രമണത്തിന് അനുമതി നൽകാൻ ഇന്ത്യൻ സർക്കാർ തയ്യാറാകാതിരുന്നതിനെ 'നാണക്കേട്' എന്നാണ് ബാർലോ വിശേഷിപ്പിച്ചത്. വാർത്താ ഏജൻസിയായ എഎൻഐയ്ക്ക് നൽകിയ അഭിമുഖത്തിലായിരുന്നു അദ്ദേഹം ഇക്കാര്യങ്ങൾ പറഞ്ഞത്. പാകിസ്താൻ രഹസ്യമായി ആണവപരീക്ഷണങ്ങൾ നടത്തിയിരുന്ന 1980-കളിൽ സിഐഎയിൽ കൗണ്ടർ പ്രൊലിഫറേഷൻ ഓഫീസറായിരുന്നു ബാർലോ.

ഇന്ത്യയും ഇസ്രയേലും സംയുക്തമായി ആക്രമണം നടത്താനൊരുങ്ങുന്നു എന്ന വിവരം രഹസ്യാന്വേഷണവൃത്തങ്ങളിൽനിന്ന് കേട്ടിരുന്നു. എന്നാൽ, ആ സമയത്ത് സർക്കാർ സർവീസിന്റെ ഭാഗം അല്ലാതിരുന്നതിനാൽ, നേരിട്ട് ഇടപെട്ടിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ആക്രമണത്തിന് ഇന്ദിരാ ഗാന്ധി അനുമതി നൽകാതിരുന്നത് ലജ്ജാകരമാണ്. അത് ഒരുപാട് പ്രശ്നങ്ങൾക്കുള്ള പരിഹാരമായേനെ, ബാർലോ കൂട്ടിച്ചേർത്തു.

പാകിസ്താൻ ആണവായുധങ്ങൾ വികസിപ്പിക്കുന്നതും പ്രത്യേകിച്ച് ഇസ്രയേലിന്റെ ശത്രുവായ ഇറാന് കൈമാറുന്നതും തടയുന്നതിന്റെ ഭാഗമായി, അവരുടെ ആണവപദ്ധതിയുടെ കേന്ദ്രമായ യുറേനിയം സംപുഷ്ടീകരണ പ്ലാന്റിൽ വ്യോമാക്രമണം നടത്താൻ ഇന്ത്യയും ഇസ്രയേലും പദ്ധതിയിട്ടിരുന്നതായാണ് റിപ്പോർട്ടുകളും ഡീക്ലാസിഫൈഡ് രേഖകളും പറയുന്നത്.

ഡൊണാൾഡ് റീഗന്റെ കീഴിലെ അന്നത്തെ യുഎസ് ഭരണകൂടം അത്തരത്തിലുള്ള ഏത് ആക്രമണത്തെയും, പ്രത്യേകിച്ച് ഇസ്രയേലിൽനിന്നുള്ളതിനെ ശക്തമായി എതിർക്കുമായിരുന്നെന്നും ബാർലോ പറഞ്ഞു. സോവിയറ്റ് യൂണിയന്റെയും അഫ്ഗാനിസ്ഥാന്റെയും നേർക്കുള്ള അമേരിക്കൻ നീക്കത്തെ തടസ്സപ്പെടുത്തുമെന്നതിനാലായിരുന്നു റീഗൻ ഭരണകൂടം ആ നിലപാട് കൈക്കൊണ്ടത്. യുഎസിന്റെ ഈ ആശ്രയത്വത്തെ പാകിസ്താൻ മുതലെടുത്തെന്നും ബാർലോ ആരോപിച്ചു. യുഎസിൽനിന്നുള്ള സഹായത്തിന്റെ വരവ് നിലയ്ക്കുന്നത് അഫ്ഗാനിസ്ഥാനുമായുള്ള സഹകരണത്തെ ബാധിക്കുമെന്ന് പാക് അറ്റോമിക് എനർജി കമ്മിഷന്റെ തലവനായിരുന്ന മുനീർ അഹമ്മദ് ഖാനെ പോലുള്ളവർ യുഎസ് നിയമനിർമാണസഭാംഗമായിരുന്ന സ്റ്റീഫൻ സോലാർസിനും മറ്റും മുന്നറിയിപ്പ് നൽകിയിരുന്നെന്നും ബാർലോ പറഞ്ഞു.

# ഇന്ത്യയോട് പിടിച്ചുനിൽക്കാൻ ഇന്ത്യയെ കോപ്പിയടിച്ച് പാകിസ്ഥാൻ, മാറ്റങ്ങൾ നടപ്പാക്കാൻ ഭരണഘടനാ ഭേദഗതിയും



പാകിസ്ഥാൻ: ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യയിൽ നിന്ന് കണക്കിന് തിരിച്ചടി കിട്ടിയതോടെ സൈനിക തലത്തിൽ കാര്യമായ മാറ്റങ്ങൾക്കൊരുങ്ങി പാകിസ്ഥാൻ. ഇതിനായി ഇന്ത്യയുടെ രീതികൾ തന്നെയാണ് പാകിസ്ഥാൻ കോപ്പിയടിക്കുന്നത് എന്നതാണ് ഏറെ കൗതുകരം. മൂന്നുസേനകൾക്കുമായി ഏകീകൃത കമാൻഡറെ നിയമിക്കാനുള്ള ശ്രമത്തിലാണ് പാകിസ്ഥാൻ എന്നാണ് റിപ്പോർട്ട്. സേനയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയില്ലെങ്കിൽ ഇനിയും തിരിച്ചടി ഉണ്ടാകുമെന്ന് മനസിലാക്കിയാണ് പുതിയ മാറ്റങ്ങൾക്ക് ഒരുങ്ങുന്നത്.

കമാൻഡർ ഒഫ് ഡിഫൻസ് ഫോഴ്സ് (സിഡിഎഫ്) എന്ന പുതിയ പദവിയാണ് ഉൾപ്പെടുത്തുന്നതെന്നാണ് റിപ്പോർട്ട്. ഇതിനായി ഭരണഘടനാ ഭേദഗതിയും ലക്ഷ്യമിടുന്നുണ്ടെന്നാണ് പാക് പത്രമായ ദി ന്യൂസ് റിപ്പോർട്ടുചെയ്യുന്നത്. സമീപകാലത്ത് ഇന്ത്യയും പാകിസ്ഥാനുമായുണ്ടായ യുദ്ധസാഹചര്യങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ടാണ് പുതിയ നീക്കത്തിന് ശ്രമിക്കുന്നത്. ആധുനിക യുദ്ധത്തിൽ സേനയുടെ സംയോജിത പ്രവർത്തനത്തിന്റെ ആവശ്യകത വളരെയേറെയാണ്. അതിനാലാണ് ഇത്തരത്തിലൊരു നീക്കം നടത്തുന്നത്. റിപ്പോർട്ടിൽ പറയുന്നു. ഓപ്പറേഷൻ സിന്ദൂറിൽ നിന്നുണ്ടായ അനുഭവങ്ങളുടെ വെളിച്ചത്തിൽ സൈന്യത്തിനായി കൂടുതൽ അത്യന്താധുനിക ആയുധങ്ങൾ വാങ്ങാനുള്ള ശ്രമത്തിലാണ് പാകിസ്ഥാൻ. ഇന്ത്യയുമായുണ്ടായ നാലുദിവസത്തെ സംഘർഷത്തിൽ ചൈനീസ് നിർമ്മിത ആയുധങ്ങൾ ഫലപ്രദമായി വിനിയോഗിച്ചുവെന്ന് പാക് സൈന്യത്തിന്റെ പബ്ലിക് റിലേഷൻ വകുപ്പ് ഡയറക്ടർ ജനറൽ അഹമ്മദ് ഷെരീഫ് ചൗധരി ഒരു അഭിമുഖത്തിൽ അവകാശപ്പെട്ടിരുന്നു. ഇന്ത്യയുടെ ഏഴ് യുദ്ധവിമാനങ്ങൾ വെടിവച്ചിട്ടെന്നും തങ്ങളുടെ ഒരു വിമാനംപോലും തകർക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടില്ലെന്നും അഭിമുഖത്തിൽ അഹമ്മദ് ഷെരീഫ് അവകാശപ്പെട്ടു.

# ഒരെണ്ണം പോലും നഷ്ടപ്പെട്ടില്ല; ഓപ്പറേഷൻ സിന്ദൂറിൽ പങ്കെടുത്ത മുഴുവൻ യുദ്ധവിമാനങ്ങളെയും അണിനിരത്താൻ വ്യോമസേന



**ന്യൂഡൽഹി:** ഓപ്പറേഷൻ സിന്ദൂറിൽ പങ്കെടുത്ത യുദ്ധവിമാനങ്ങളെ അണിനിരത്തിയുള്ള പ്രദർശനത്തിന് വ്യോമസേന. പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി പാകിസ്താനിലെ ഭീകര കേന്ദ്രങ്ങളെയും പിന്നീട് പാക് സൈനിക കേന്ദ്രങ്ങളിലും തുടർച്ചയായി ആക്രമണം നടത്തിയ യുദ്ധവിമാനങ്ങളെ മുഴുവൻ വിമാനങ്ങളെയും വ്യോമാഭ്യാസ പ്രകടനത്തിന് അണിനിരത്താനാണ് വ്യോമസേനയുടെ തീരുമാനം. 93-ാമത് വായുസേനാ ദിനത്തോടനുബന്ധിച്ച് ഞായറാഴ്ച നടത്തുന്ന 'ബരാക്' എന്ന് പേരിട്ടിരിക്കുന്ന ആഭ്യാസപ്രകടനം വീക്ഷിക്കാൻ പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങും എത്തും. അസമിലെ ഗുവാഹത്തിയിലാണ് ബരാക് പ്രദർശനം നടത്തുക.

ഓപ്പറേഷൻ സിന്ദൂറിൽ പങ്കെടുത്ത എസ്.യു-30 എംകെഐ, റഫാൽ, തേജസ്, മിറാഷ്- 2000 യുദ്ധവിമാനങ്ങളെയാണ് വ്യോമസേന അണിനിരത്തുക. ഇതിന് പുറമെ ജാഗ്വാർ, മിഗ്-29 എന്നീ യുദ്ധവിമാനങ്ങളും അപ്പാച്ചെ അറ്റാക് ഹെലികോപ്റ്ററുകളും സി-17 ഗ്ലോബ്മാസ്റ്റർ, സി-130 ഹെർക്കുലീസ്, ഐഎൽ-78 റീഫ്യൂവല്ലർ തുടങ്ങിയ വിമാനങ്ങളും അഭ്യാസപ്രകടനത്തിൽ പങ്കാളികളാകും. ഇന്ത്യാ- പാക് സംഘർഷ സമയത്ത് യുദ്ധവിമാനങ്ങൾ ഇന്ത്യയുടെ യുദ്ധവിമാനങ്ങൾ വെടിവെച്ചിട്ടിരുന്നുവെന്ന് പാകിസ്താന്റെ വാദങ്ങൾക്കിടെയാണ് ഇന്ത്യയുടെ വ്യോമാഭ്യാസമെന്നതാണ് ശ്രദ്ധേയം. മാത്രമല്ല എട്ട് യുദ്ധവിമാനങ്ങൾ ഇരുരാജ്യങ്ങൾക്കുമിടയിലെ സംഘർഷ സമയത്ത് വെടിവെച്ചിട്ടിരുന്നുവെന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും അവകാശപ്പെട്ടിരുന്നു. എന്നാൽ ഏത് രാജ്യത്തിന്റെ യുദ്ധവിമാനങ്ങളാണ് വെടിവെച്ച് വീഴ്ത്തപ്പെട്ടതെന്ന് ട്രംപ് ഇതുവരെ വ്യക്തമാക്കിയിട്ടുമില്ല.

ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലയിൽ വ്യോമസേന നടത്തുന്ന ആദ്യത്തെ സമ്പൂർണ വ്യോമാഭ്യാസമെന്ന പ്രത്യേകതയും ഇതിനുണ്ട്. യുദ്ധവിമാനങ്ങൾക്ക് പുറമെ ഹെലികോപ്റ്ററുകളും അഭ്യാസപ്രകടനത്തിൽ പങ്കെടുക്കും. 25 തരത്തിലുള്ള എയർ ഫോർമേഷനുകൾ വ്യോമസേന പ്രദർശിപ്പിക്കും. സൂര്യകിരൺ വിമാനങ്ങളുടെ അഭ്യാസ പ്രകടനവും ഉണ്ടാകും.

# ബ്രിക്സ് ഉച്ചകോടിക്കായി വമ്പൻ പദ്ധതികളുമായി കേന്ദ്രം; ജി20 മാതൃകയിൽ രാജ്യമാകെ സമ്മേളനങ്ങൾ





ന്യൂഡൽഹി: ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന 2026 ജനുവരി ഒന്നിന് ആരംഭിക്കുന്ന ബ്രിക്സ് *(BRICS)* ഉച്ചകോടിയുമായി ബന്ധപ്പെട്ട് വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്ത് കേന്ദ്ര സർക്കാർ. ജനുവരിയിലെ ബ്രിക്സ് ഉച്ചകോടി മുതൽ അധ്യക്ഷ പദവി ഇന്ത്യയ്ക്കാണ്. ഈ കാലയളവിൽ രാജ്യത്തിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ കൊണ്ടുവരാനാണ് കേന്ദ്ര സർക്കാരിന്റെ പദ്ധതി. ഇന്ത്യയുടെ മുൻ ജി20 അധ്യക്ഷ പദവിക്ക് സമാനമായ രീതിയിൽ, രാജ്യത്തിന്റെ സമ്പന്നമായ സംസ്കാരവും പൈതൃകവും പ്രദർശിപ്പിച്ചുകൊണ്ട് രാജ്യവ്യാപകമായ പാൻ ഇന്ത്യൻ ബ്രിക്സ് സമ്മേളനങ്ങൾക്കാണ് കേന്ദ്രസർക്കാർ പദ്ധതിയിടുന്നത്.

രാജ്യത്തെ 28 സംസ്ഥാനങ്ങളിലും ഒമ്പത് കേന്ദ്രഭരണപ്രദേശങ്ങളിലുമുൾപ്പെടുന്ന 60 പ്രധാന നഗരങ്ങളിലായാകും ബ്രിക്സുമായി ബന്ധപ്പെട്ട യോഗങ്ങൾ നടക്കുക. 2023-ൽ നടന്ന ജി20 അധ്യക്ഷ പദവി ഇന്ത്യ ഒരു രാജ്യവ്യാപക സംഭവമായി മാറ്റിയിരുന്നു. ജമ്മു കശ്മീർ ഉൾപ്പെടെ ഇന്ത്യയിലെ 60 നഗരങ്ങളിലായി ഏകദേശം 220 യോഗങ്ങൾ നടന്നു. ഈ ജി20 മാതൃക 2026-ലെ ഒരു വർഷം നീണ്ടുനിൽക്കുന്ന ബ്രിക്സ് അധ്യക്ഷ പദവിക്ക് വേണ്ടി ആവർത്തിക്കാനാണ് ഇന്ത്യ പദ്ധതിയിടുന്നതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

ബ്രിക്സ് പ്രമേയമാക്കിയ പട്ടം പറത്തൽ ഉത്സവങ്ങൾ, ദീപാവലി സമയത്ത് ബ്രിക്സ് ലോഗോ ഉൾപ്പെടുത്തിയുള്ള ദീപാവലി ആഘോഷങ്ങൾ, വിവിധ നഗരങ്ങളിൽ ബ്രിക്സ് ലോഗോയുടെ ഹോളോഗ്രാഫിക് അവതരണങ്ങൾ, റിപ്പബ്ലിക് ദിന ടാബ്ലോയിൽ ബ്രിക്സിനെ ഒരു വിഷയമാക്കുക, പ്രതിനിധികളെ കൊണ്ടുപോകുന്ന വിമാനങ്ങളിൽ ബ്രാൻഡിംഗ് നടത്തുക, കേരളത്തിലെ വള്ളംകളി മഹോത്സവം, ഒഡീഷയിലെ അന്താരാഷ്ട്ര മണൽ ശില്പമേള, ഗോവ കാർണിവൽ തുടങ്ങിയ സംസ്ഥാന ഉത്സവങ്ങളിലും ബ്രിക്സ് ബ്രാൻഡിംഗും പ്രചാരണവും നടത്തുക, മെട്രോ സംവിധാനങ്ങൾ, സംസ്ഥാന ബസുകൾ, റെയിൽവേ തുടങ്ങിയ പൊതുഗതാഗത മാർഗ്ഗങ്ങളിലും ബ്രിക്സ് ലോഗോ പ്രദർശിപ്പിക്കുക, ബിക്സ് തീം അടിസ്ഥാനമാക്കിയുള്ള ഫുഡ് ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുക തുടങ്ങി വിപുലമായ പ്രചാരണ പദ്ധതികളുമുണ്ട്.

ഒരു പ്രമുഖ ഇന്ത്യൻ സംഗീതജ്ഞനെക്കൊണ്ട് 3-4 മിനിറ്റ് ദൈർഘ്യമുള്ള ഒരു ബ്രിക്സ് തീം സോംഗ് തയ്യാറാക്കിയേക്കുമെന്നും റിപ്പോർട്ടുകളുണ്ട്. ഇന്ത്യ, ബ്രസീൽ, റഷ്യ, ചൈന, ദക്ഷിണാഫ്രിക്ക, ഈജിപ്ത്, എത്യോപ്യ, ഇറാൻ, സൗദി അറേബ്യ, യുഎഇ എന്നിവയുൾപ്പെടെ 11 സ്ഥിരാംഗങ്ങളും 10 പങ്കാളി രാജ്യങ്ങളുമുൾക്കൊള്ളുന്നതാണ് ബ്രിക്സ് കൂട്ടായ്മ. ബ്രിക്സ് അംഗരാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ സ്വാധീനവും സ്ഥാനവും കൂടുതൽ ഉറപ്പിക്കുക, ഇന്ത്യയുടെ ആഗോള പ്രാധാന്യം ശക്തിപ്പെടുത്തുക തുടങ്ങിയ ഉദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചതാണ് കേന്ദ്രത്തിന്റെ പദ്ധതിയെന്നാണ് വിവരം.

# ദൈവത്തിനു വിവേചനമില്ല, ജാതികൊണ്ട് വിശ്വാസത്തെ വേലികെട്ടാനാവില്ല—മദ്രാസ് ഹൈക്കോടതി



ചെന്നൈ: ദൈവത്തിനു വിവേചനമില്ലെന്നും ജാതിയോ മതമോ ഉപയോഗിച്ച് വിശ്വാസത്തെ വേലികെട്ടി നിർത്താനും മുൻവിധികൊണ്ട് ദൈവികതയെ പരിമിതപ്പെടുത്താനും സാധിക്കില്ലെന്നും മദ്രാസ് ഹൈക്കോടതി. കാഞ്ചീപുരത്തെ ഗ്രാമത്തിൽ ദളിത് കോളനിയിലൂടെ ക്ഷേത്രരഥം എഴുന്നെള്ളിക്കാനുള്ള നടപടിയെടുക്കാൻ ജില്ലാഭരണകൂടത്തോട് ഉത്തരവിട്ടുകൊണ്ടാണ് കോടതിയുടെ നിരീക്ഷണം. കാഞ്ചീപുരം പുത്തഗ്രാം പ്രദേശത്തെ ദളിത് വിഭാഗത്തിൽപ്പെട്ട സെൽവരാജ്, തൊട്ടുകൂടായ്മ നിർമാർജന സമിതി ജില്ലാ സെക്രട്ടറി ആനന്ദൻ എന്നിവരാണ് ഹർജി സമർപ്പിച്ചത്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ വിശ്വാസത്തെ ഹനിക്കാൻ സാധിക്കില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 14 പ്രകാരം തൊട്ടുകൂടായ്മ നിർത്തലാക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ആർക്കൊക്കെയാണ് ദൈവത്തിനു മുന്നിൽ നിൽക്കാനും ആരാധിക്കാനും അർഹതയുള്ളതെന്നും ഇല്ലാത്തതെന്നുമൊക്കെയുള്ള നിബന്ധനകൾ നിർദേശിക്കാൻ ആർക്കും അവകാശമില്ലെന്നും ജസ്റ്റിസ് ബാലാജിയുടെ ബെഞ്ച് വ്യക്തമാക്കി.

ദൈവത്തെ ആരാധിക്കുന്നതിൽ യാതൊരു വിവേചനവും നടത്തുന്നില്ല എന്ന് ഉറപ്പാക്കാനും മുത്തുക്കാളിയമ്മൻ ക്ഷേത്രത്തിൽ ദളിതർക്ക് എല്ലാ സൗകര്യവും ഒരുക്കാനും കാഞ്ചീപുരം ജില്ലാ ഭരണകൂടത്തോടും ദേവസ്വംവകുപ്പിനോടും കോടതി ഉത്തരവിട്ടു. രഥം ദളിത് കോളനിയിലൂടെ എഴുന്നള്ളിക്കാൻ സൗകര്യം ഒരുക്കണം. ക്ഷേത്രത്തിൽ ദളിതർ ആരാധന നടത്തുന്നത് ഇതര ജാതിക്കാർ തടയുന്നതിനെതിരേ അഭിഭാഷകരായ കുമാരസ്വാമിയും തിരുമൂർത്തിയും ശക്തമായി എതിർത്തു.

എന്നാൽ ഇതര ജാതിക്കാർക്കുവേണ്ടി ഹാജരായ അഭിഭാഷകൻ കാർത്തികേയൻ രഥഘോഷയാത്രയുടെ റൂട്ട് മാറ്റാനാവില്ലെന്നും പതിറ്റാണ്ടുകളായുള്ള ആചാരംലംഘിച്ചാൽ പ്രത്യാഘാതമുണ്ടാകുമെന്നും വാദിച്ചു. എന്നാൽ കോടതി ഇത് അംഗീകരിച്ചില്ല. 'ദൈവം ചില തെരുവുകളിൽ മാത്രം വസിക്കുന്നില്ല. ഒരിക്കലും ആരോടും വിവേചനവും കാണിക്കുന്നില്ല. അതിനാൽ പാരമ്പര്യത്തിന്റെ പവിത്രതയിൽ ഇതിനെ പൊതിഞ്ഞു നിർത്താൻ കഴിയില്ല'- കോടതി വ്യക്തമാക്കി.

# പാർലമെന്റ് ശീതകാല സമ്മേളനം ഡിസം. 1 മുതൽ 19 വരെ



**ന്യൂഡൽഹി:** പാർലമെന്റിന്റെ ശീതകാല സമ്മേളനം ഡിസംബർ ഒന്നു മുതൽ 19 വരെ നടക്കും. കേന്ദ്രസർക്കാരിന്റെ ശുപാർശ രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകരിച്ചു. പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജുവാണ് ഇക്കാര്യമറിയിച്ചത്. എന്നാൽ, സഭാ സമ്മേളനം അസാധാരണമായ രീതിയിൽ വൈകിപ്പിക്കുകയാണെന്നും ദിവസങ്ങൾ വെട്ടിച്ചുരുക്കിയെന്നും കോൺഗ്രസ് ആരോപിച്ചു. ശനിയും, ഞായറും അവധി ദിനങ്ങളായതിനാൽ 15 ദിവസം മാത്രമാണ് സമ്മേളനം നടക്കുകയെന്ന് കോൺഗ്രസ് നേതാവ് ജയറാം രമേശ് വ്യക്തമാക്കി. ക്രിമിനൽ കേസുകളിൽ പ്രതിയായി 30 ദിവസം കസ്റ്റഡിയിൽ കഴിയുന്ന നേതാക്കളെ പ്രധാനമന്ത്രി, മുഖ്യമന്ത്രി, മന്ത്രി പദവികളിൽ നിന്ന് നീക്കുന്ന ബിൽ ശീതകാല സമ്മേളനത്തിൽ അവതരിപ്പിച്ചേക്കും. ഇതുമായി ബന്ധപ്പെട്ട ജെ.പി.സി (ജോയിന്റ് പാർലമെന്ററി കമ്മിറ്റി) റിപ്പോർട്ട് ശീതകാല സമ്മേളനത്തിന്റെ ആദ്യദിവസം തന്നെ സഭയിൽ വയ്ക്കണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ താത്പര്യം പ്രകടിപ്പിച്ചിരുന്നു. തീവ്ര വോട്ടർപട്ടിക പുതുക്കൽ (എസ്.ഐ.ആർ), വോട്ടുക്കൊള്ള ആരോപണം തുടങ്ങിയവ ഉയർത്തി പ്രതിപക്ഷം ചർച്ച ആവശ്യപ്പെട്ടേക്കും.

**ഇംപീച്ച്മെന്റ് വരുമോ ?**

ഔദ്യോഗിക വസതിയിൽ നോട്ടുകൂമ്പാരം കണ്ടെത്തിയതുമായി ബന്ധപ്പെട്ട് ജസ്റ്റിസ് യശ്വന്ത് വർമ്മയ്ക്കെതിരെ ഇംപീച്ച്മെന്റ് നടപടി വരുമോയെന്നതും നിർണായകമാണ്. യശ്വന്ത് വർമ്മ ഡൽഹി ഹൈക്കോടതി ജഡ്ജിയായിരിക്കെ ഔദ്യോഗിക വസതിയിൽ നോട്ടുകൂമ്പാരം കണ്ടെത്തിയിരുന്നു. നിലവിൽ അലഹബാദ് ഹൈക്കോടതി ജഡ്ജിയാണ്. സുപ്രീംകോടതി സിറ്റിംഗ് ജഡ്ജി അരവിന്ദ് കുമാർ, മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് എം.എം. ശ്രീവാസ്തവ, കർണാടക ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകൻ ബി.വി. ആചാര്യ എന്നിവരടങ്ങിയ സമിതി ആരോപണങ്ങൾ പരിശോധിക്കുകയാണ്. സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നത് വരെ ഇംപീച്ച്മെന്റ് പ്രമേയം ലോക്സഭാ സ്പീക്കർ മാറ്റിവച്ചിരിക്കുകയാണ്.

## മലയാളദിനം–ഭരണഭാഷാ വാരഘോഷം : വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു




ഭരണഭാഷാ വാരഘോഷത്തിന്റെ ഭാഗമായി വിവരപൊതുജന വകുപ്പും ജില്ലാ ഭരണകൂടവും സംയുക്തമായി സംഘടിപ്പിച്ച പ്രശ്നോത്തരി, തർജമ മത്സര വിജയികൾക്കുള്ള സമ്മാനവും പ്രശസ്തിപത്രവും ജില്ലാ കലക്ടർ എസ് പ്രേം കൃഷ്ണൻ ചേംബറിൽ വിതരണം ചെയ്തു.പ്രശ്നോത്തരിയിൽ ആദ്യ സ്ഥാനത്ത് എത്തിയ ജില്ല ചരക്ക് സേവന നികുതി വകുപ്പ് ഓഫീസിലെ ബി എൻ ഷിബിൻ, എ കെ അരവിന്ദകൃഷ്ണൻ, രണ്ടാം സ്ഥാനം നേടിയ കലക്ടറേറ്റ് റവന്യൂ വകുപ്പിലെ ആർ ആര്യ, എസ് അഭിറാം, മൂന്നാം സ്ഥാനം സ്വന്തമാക്കിയ സഹകരണ ഓഡിറ്റ് വകുപ്പിലെ കെ പി അശ്വതി, അഞ്ജു രാജ് എന്നിവർക്കും തർജമ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ റവന്യൂ വകുപ്പിലെ വി പി മായ, സോണി സാംസൺ ഡാനിയേൽ എന്നിവർക്ക് ജില്ലാ കലക്ടർ പുരസ്കാരം സമ്മാനിച്ചു.ജില്ലാതല ഭരണഭാഷാ സേവന പുരസ്കാര ജേതാവായ റവന്യൂ വകുപ്പിലെ സീനിയർ ക്ലാർക്ക് സോണി സാംസൺ ഡാനിയലിനും ജില്ലാ കലക്ടർ പുരസ്കാരം നൽകി. മലയാള ഭാഷ, സംസ്കാരം, ചരിത്രം വിഷയങ്ങളിലായിരുന്നു പ്രശ്നോത്തരി. കവിയും ആകാശവാണി മുൻ പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുമായ ശ്രീകുമാർ മുഖത്തലയാണ് പ്രശ്നോത്തരി നയിച്ചത്. കാതോലിക്കേറ്റ് കോളജ് മുൻ പ്രൊഫസർ മാലൂർ മുരളീധരൻ തർജമ മത്സരത്തിന് നേതൃത്വം നൽകി. എഡിഎം ബി ജ്യോതി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി.ടി ജോൺ, അസിസ്റ്റന്റ് എഡിറ്റർ രാഹുൽ പ്രസാദ് എന്നിവർ പങ്കെടുത്തു.

## കുന്നന്താനം സബ് സ്റ്റേഷനിലൂടെ തടസമില്ലാത്ത വൈദ്യുതി ലഭ്യമാക്കും: മന്ത്രി കൃഷ്ണൻകുട്ടി

**പത്തനംതിട്ട :**വ്യവസായ സംരംഭങ്ങളുള്ള കുന്നന്താനത്ത് തടസമില്ലാതെ വൈദ്യുതി ലഭ്യമാക്കുകയാണ് സബ് സ്റ്റേഷൻ നിർമാണത്തിലൂടെ ലക്ഷ്യമെന്ന് വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി. കുന്നന്താനം 33 കെ വി സബ് സ്റ്റേഷൻ നിർമാണോദ്ഘാടനം പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. കിൻഫ്ര വ്യവസായ പാർക്കിന്റെ കൈവശമുള്ള 76 സെന്റ് ഭൂമി പാട്ടത്തിനാണ് സബ് സ്റ്റേഷൻ നിർമാണത്തിന് കെഎസ്ഇബിക്ക് കൈമാറിയത്. കുന്നന്താനം വ്യവസായ പാർക്കിന് പുറമെ സമീപപ്രദേശത്തെ ഗുണഭോക്താക്കൾക്കും തടസമില്ലാതെ വൈദ്യുതി ലഭിക്കും.വൈദ്യുതി പ്രസരണ വിതരണ ശൃംഖല കാര്യക്ഷമമാക്കി കൂടുതൽ സബ് സ്റ്റേഷനും ലൈനുകളും സ്ഥാപിക്കാനുള്ള പ്രവർത്തനമാണ് വകുപ്പിന്റേത്. ഒമ്പതു വർഷത്തിനിടെ 101 സബ് സ്റ്റേഷനുകൾ പൂർത്തിയാക്കി. 20,621 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. ഏകദേശം 21000 കോടി രൂപയുടെ വികസന പ്രവർത്തനം നടത്തി.ഒമ്പത് വർഷത്തിനിടെ ആഭ്യന്തര ഉൽപാദനം 2151 മെഗാവാട്ട് വർധിച്ചു. നിയന്ത്രണം ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി. ഹ്രസ്വകാല കരാറുകളിലൂടെ വൈദ്യുതി വാങ്ങുകയും, ആഭ്യന്തര ജലവൈദ്യുത നിലയങ്ങളിലെ ഉൽപാദനം കാര്യക്ഷമമാക്കി. വൈദ്യുതി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടാനുള്ള ശ്രമത്തിലാണ്. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ 180 മെഗാവാട്ട് അധിക ജലവൈദ്യുത ഉൽപാദന ശേഷി നേടി. 2016 മുതൽ 2024 വരെ കെ.എസ്.ഇ.ബി ലിമിറ്റഡ് വൈദ്യുതി ഉൽപാദനത്തിന് 2942 കോടി രൂപയുടെ നിക്ഷേപം നടത്തി. പവർ പർച്ചേസ് ചെലവ് കുറച്ചും ആഭ്യന്തര ജലവൈദ്യുതി ഉൽപാദനം വർധിപ്പിച്ചും 2024–25 ൽ 571 കോടി രൂപയുടെ പ്രവർത്തന ലാഭം നേടി.പുനരുപയോഗ ഊർജ സ്രോതസ് 1988 മെഗാവാട്ടായി ഉയർത്തി. പി.എം. സൂര്യഘർ പദ്ധതിയിലൂടെ 1,57,000 പുരപ്പുറങ്ങളിൽ സോളാർ നിലയങ്ങൾ സ്ഥാപിച്ചു. ഉപഭോക്താക്കൾക്ക് 1117 കോടി രൂപയുടെ കേന്ദ്ര സബ്സിഡി ലഭിച്ചു.പകൽ കൂടുതലായി ഉൽപാദിപ്പിക്കുന്ന സൗരോർജ വൈദ്യുതി സംഭരിച്ച് 'പീക്ക്' സമയങ്ങളിൽ വൈദ്യുതി വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പാക്കി. 500 മെഗാവാട്ട് ശേഷിയും 1500 മെഗാവാട്ട് അവർ സംഭരണ ശേഷിയുള്ള അഞ്ച് പദ്ധതി അടുത്ത വർഷം പ്രവർത്തനസജ്ജമാകും. സംസ്ഥാനത്തെ വനാന്തരങ്ങളിൽ താമസിക്കുന്ന എല്ലാ ആദിവാസി ഗോത്ര മേഖലകളിലും വൈദ്യുതി എത്തിക്കും. 102 ആദിവാസി ഉന്നതികളിൽ 43 എണ്ണം ഗ്രിഡ് വഴിയും 40 എണ്ണം ഓഫ് ഗ്രിഡ് സോളാർ വിൻഡ് ഹൈബ്രിഡ് വഴിയും വൈദ്യുതീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. കുന്നന്താനം കിൻഫ്രയിലെ വൈദ്യുതി പോരായ്മ പരിഹരിക്കുന്നതിനൊപ്പം പ്രദേശത്തെ ജനങ്ങൾക്കും അനുഗ്രഹമാണ് പദ്ധതിയെന്ന് അധ്യക്ഷൻ മാത്യു ടി തോമസ് എം എൽ എ പറഞ്ഞു. തിരുവല്ല മല്ലപ്പള്ളി റോഡ് റീടാറിങ്ങിനായി അഞ്ച് കോടി 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. തിരുവല്ല – മല്ലപ്പള്ളി – ചേലകൊമ്പ് റോഡിൽ വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുത്ത് ആധുനികനിലവാരത്തിൽ റോഡ് നിർമിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടു പോകുമെന്നും എം എൽ എ പറഞ്ഞു. ആന്റോ ആന്റണി എം പി മുഖ്യാതിഥിയായി.17 കോടി രൂപയുടെ പദ്ധതിയിൽ 5.95 കോടി രൂപ മുടക്കി 5 എംവിഎ ശേഷിയുള്ള രണ്ട് 33/11 കെവി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് 11 കെവിയിൽ വൈദ്യുതി വിതരണം സാധ്യമാക്കും. കോട്ടയം ജില്ലയിലെ തൃക്കൊടിത്താനം 110 കെ.വി. സബ് സ്റ്റേഷനിൽ 4.7 കോടി രൂപ മുടക്കി 16 എംവിഎ ശേഷിയുള്ള 110/33 കെവി ട്രാൻസ്ഫോർമർ സ്ഥാപിച്ച് കുന്നന്താനത്തേക്ക് 6.35 കോടി രൂപ മുടക്കി എട്ട് കിലോമീറ്റർ ദൂരത്തിൽ 33 കെവി കവേർഡ് കണ്ടക്ടർ ലൈൻ സ്ഥാപിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കുന്നന്താനം കിൻഫ്ര പാർക്ക് ഉൾപ്പെടെ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും തടസമില്ലാത്ത വൈദ്യുതി ഉറപ്പാകും. സമീപ പ്രദേശങ്ങളായ വായ്പൂർ, വെണ്ണിക്കുളം, മല്ലപ്പള്ളി, പായിപ്പാട് എന്നിവിടങ്ങളിലെ ഗാർഹിക, വ്യാപാര, വ്യവസായിക ഉപഭോക്താക്കൾക്ക് കൃത്യമായ വോൾട്ടേജ് നിലവാരത്തിൽ തടസരഹിതമായ വൈദ്യുതി കിട്ടും.മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബാബു കൂടത്തിൽ, കുന്നന്താനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീദേവി സതീഷ് ബാബു, ബ്ലോക്ക് പഞ്ചായത്ത് അംഗം സി.എൻ മോഹനൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രൊഫ. മധുസൂദനൻ നായർ, അംഗം സ്മിത വിജയരാജൻ, കെഎസ്ഇബി ലിമിറ്റഡ് ഡയറക്ടർ ട്രാൻസ്മിഷൻ ആൻഡ് സിസ്റ്റം ഓപ്പറേറ്റർ എസ് ശിവദാസ്, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. കെഎസ്ഇബി ലിമിറ്റഡ് പ്രസരണ വിഭാഗം ദക്ഷിണ മേഖല ചീഫ് എഞ്ചിനീയർ ഡേവിഡ്സൺ റിപ്പോർട്ട് അവതരിപ്പിച്ചു.




## ദേശീയതലത്തിൽ ശ്രദ്ധനേടി കുളനട കുടുംബാരോഗ്യ കേന്ദ്രം 98.64 ശതമാനം സ്കോറോടെ എൻ.ക്യു.എ.എസ്

**പത്തനംതിട്ട :**ദേശീയ ഗുണനിലവാര മാനദണ്ഡങ്ങളിൽ ഉയർന്ന സ്കോറോടെ പത്തനംതിട്ട കുളനട കുടുംബാരോഗ്യ കേന്ദ്രം. 98.64 ശതമാനം സ്കോറോടെയാണ് കുളനട കുടുംബാരോഗ്യ കേന്ദ്രം നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻക്യുഎഎസ്) അംഗീകാരം നേടിയത്. എൻക്യുഎഎസ് മാനദണ്ഡപ്രകാരം എല്ലാ ചെക്ക് ലിസ്റ്റുകളിലും മികച്ച മുന്നേറ്റം നടത്തിയാണ് കുളനട കുടുംബാരോഗ്യ കേന്ദ്രത്തിന് സാധിച്ചു.ഈ സർക്കാരിന്റെ കാലത്ത് കുളനട കുടുംബാരോഗ്യ കേന്ദ്രത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് എൻക്യു എഎസ് സർട്ടിഫിക്കേഷൻ. 69 ലക്ഷം രൂപ ചെലവഴിച്ചാണ് കുളനട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം നിർമിച്ചത്. വീണാ ജോർജ് എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 55 ലക്ഷം രൂപയും സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപയുമാണ് അനുവദിച്ചത്. 2600 ചതുരശ്ര അടി വിസ്തീർണത്തിലാണ് ആധുനിക സൗകര്യങ്ങളോടെ കെട്ടിടം നിർമിച്ചിരിക്കുന്നത്. പുതിയ കെട്ടിടത്തിൽ വെയ്റ്റിംഗ് ഏരിയ, ഒപി റൂം, രജിസ്ട്രേഷൻ കൗണ്ടർ, പ്രീ ചെക്ക് റൂം, ഡ്രസിങ് റൂം, നിരീക്ഷണ മുറി, ഫാർമസി, ഫാർമസി സ്റ്റോർ, നഴ്സിംഗ് സ്റ്റേഷൻ, ഇൻജക്ഷൻ റൂം, സെർവർ റൂം, ടോയ്‌ലറ്റ് എന്നിവയുണ്ട്. രാവിലെ ഒമ്പത് മുതൽ വൈകിട്ട് ആറുവരെയാണ് ഒപി. ജീവിതശൈലീ രോഗ നിർണയ ക്ലിനിക്, ശ്വാസ്, ആശ്വാസ് ക്ലിനിക്, വയോജന ക്ലിനിക്, പാലിയേറ്റീവ് കെയർ ഒപി, ഗർഭിണികൾക്കുള്ള ക്ലിനിക്, പ്രതിരോധ കുത്തിവയ്പ്, എല്ലാ ദിവസവും ലാബിന്റെ സേവനം, മാസത്തിൽ രണ്ട്, നാല് ചൊവാഴ്ചകളിൽ കണ്ണിന്റെ ഒപി എന്നീ സേവനങ്ങൾ ലഭിക്കും. കഴിഞ്ഞവർഷം ഫെബ്രുവരിയിലാണ് കുളനട കുടുംബാരോഗ്യ കേന്ദ്രം മന്ത്രി വീണാ ജോർജ് നാടിന് സമർപ്പിച്ചത്.2023– 24 സാമ്പത്തിക വർഷത്തിൽ 15–ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന കുളനട മെയിൻ സെന്റർ പുതിയ കെട്ടിടം നിർമിക്കുന്നതിന് 55 ലക്ഷം രൂപ കൂടി അനുവദിച്ചു. സംസ്ഥാനത്തെ ഒമ്പത് ജില്ലാ ആശുപത്രികൾ, എട്ട് താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 47 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 170 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 30 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻക്യുഎഎസ് അംഗീകാരം നേടിയിട്ടുണ്ട്.

## അടൂരിൽ സർദാർ@150 പദയാത്ര സംഘടിപ്പിച്ചു

**പത്തനംതിട്ട :**സർദാർ വല്ലഭായ് പട്ടേലിന്റെ 150 ജന്മ വാർഷികാഘോഷങ്ങളുടെ ഭാഗമായി കേന്ദ്ര യുവജന കാര്യ കായിക മന്ത്രാലയത്തിന് കീഴിലെ മേരാ യുവ ഭാരത് ആഭിമുഖ്യത്തിൽ ''സർദാർ@150 ഏകതാ പദയാത്ര'' അടൂരിൽ സംഘടിപ്പിച്ചു. ഏക ഭാരതം ശ്രേഷ്ഠ ഭാരതം സന്ദേശവുമായി സർദാർ വല്ലഭായ് പട്ടേലിന്റെ ചിന്ത ഹൃദയങ്ങളിലേക്ക് എത്തിക്കുവാനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കുന്നതിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുമാണ് പരിപാടി സംഘടിപ്പിച്ചത്.അടൂർ റവന്യൂ ടവറിൽ നിന്ന് അടൂർ മുൻസിപ്പൽ ചെയർമാൻ മഹേഷ് കുമാർ കെ പദയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. അടൂർ ഹോളി ക്രോസ് ഹോസ്പറ്റൽ, ഹൈസ്കൂൾ ജംഗ്ഷനിലൂടെ മാർത്തോമാ യൂത്ത് സെന്ററിൽ പദയാത്ര അവസാനിച്ചു. മാർത്തോമാ യൂത്ത് സെന്ററിൽ നടന്ന സമാപന സമ്മേളനത്തിൽ മേരാ യുവ ഭാരത് ജില്ല യൂത്ത് ഓഫീസർ സന്ദീപ് കൃഷ്ണൻ, മാർ ക്രിസോസ്റ്റം കോളജ് നാഷണൽ സർവീസ് സ്കീം കോർഡിനേറ്റർ എൽ ആർ ശ്രീകല , വി എച്ച് എസ് സി എൻ എസ് എസ് ക്ലസ്റ്റർ കോർഡിനേറ്റർ ലത പി ചന്ദ്രൻ , വടക്കടത്ത്കാവ് വിഎച്ച്എസ്സി പ്രിൻസിപ്പൽ റാണി ഷംസ്, അടൂർ പോളിടെക്നിക്ക് എൻ എസ് എസ് ഓഫീസർ അനു ശങ്കർ എന്നിവർ പങ്കെടുത്തു.

## കോന്നി ഗ്രാമപഞ്ചായത്ത് ജലബജറ്റ് പ്രകാശനം ചെയ്തു

**കോന്നി** ഗ്രാമപഞ്ചായത്തും ഹരിതകേരളം മിഷനും ചേർന്ന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തയ്യാറാക്കിയ ജലബജറ്റിന്റെ പ്രകാശനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അനി സാബു തോമസ് നിർവഹിച്ചു. ഓരോ പ്രദേശത്തെയും ജലസ്രോതസുകളുടെ പരിപാലനം ഉറപ്പാക്കി ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ശാസ്ത്രീയ രേഖയാണ് ജലബജറ്റ്. ആരോഗ്യ വിദ്യാഭ്യാസ കമ്മിറ്റി അധ്യക്ഷൻ തോമസ് കാലായിൽ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ ആർ രഞ്ജു എന്നിവർ പങ്കെടുത്തു.



## വ്യാജ പരാതി നൽകി മാതാപിതാക്കളെ മാനസികമായി പീഡിപ്പിക്കുന്നതായി മകളുടെ പരാതി

**വീയപുരം:** തലവടി വാലയിൽ എബനേസ്സർ കോട്ടേജിൽ സുപ്രീം കോടതി അഭിഭാഷകയായ സിനി വർഗ്ഗീസ് ആണ് പരാതിക്കാരി.പ്രദേശത്തെ സിപിഐ നേതാക്കൾ നിരന്തരം തന്റെ മാതാപിതാക്കളായ വിസി വർഗ്ഗീസ്, സാറാമ്മ വർഗ്ഗീസ് എന്നിവർക്കെതിരെ കള്ളപരാതി നൽകി മാനസികമായി പീഡിപ്പിക്കുകയും വ്യക്തിഹത്യ നടത്തുകയും ചെയ്യുന്നത് അവസാനിപ്പിക്കണമെന്നും കള്ള പരാതി നൽകിയവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് എടത്വ പോലീസിൽ പരാതി നൽകിയത്. തലവടി പഞ്ചായത്തിൽ 12–ാം വാർഡില് താമസിക്കുന്ന വാലയിൽ എബനേസ്സർ കോട്ടേജിൽ വി സി വർഗ്ഗീസ് വീട് നിർമ്മിക്കുന്നതിന് മുന്നോടിയായി വീടിനും മതിലിനും വേണ്ടി തലവടി ഗ്രാമപഞ്ചായത്ത് ഓഫിസിൽ നിന്നും പെർമിറ്റ് എടുത്തിരുന്നു

## ഇ– മാലിന്യ ശേഖരണത്തിന് തുടക്കം

**ആലപ്പുഴ:** കോർപ്പറേഷനുകളിലെയും നഗരസഭകളിലെയും ഇ-മാലിന്യ ശേഖരണത്തിനു ശേഷം ഹരിതകർമ്മ സേന ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് മാലിന്യം ശേഖരിച്ചു തുടങ്ങി. 16 പഞ്ചായത്തുകളിൽ നിന്ന് 2901 കിലോയാണ് ഇതുവരെ ശേഖരിച്ചത്. കഴിഞ്ഞ ജൂലായ് 15നാണ് സംസ്ഥാന തലത്തിൽ കോർപ്പറേഷനുകളിലും നഗരസഭകളിലും ഇ മാലിന്യശേഖരണം ആരംഭിച്ചത്. ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, റഫ്രിജറേറ്റർ, വാഷിംഗ് മെഷീൻ, റേഡിയോ, പ്രിന്റർ, മൈക്രോ വേവ് ഓവൻ, ലാപ് ടോപ്, ബാറ്ററികൾ, മോട്ടോർ യു.പി.എസ് തുടങ്ങി 44 ഇനങ്ങളിലുള്ള ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങളാണ് കിലോയ്ക്ക് നിശ്ചിത തുക നൽകി ഹരിത കർമസേന ശേഖരിക്കുന്നത്. ഹരിത കർമസേന പഞ്ചായത്തുകളിൽ നിന്നു ശേഖരിക്കുന്ന ഇമാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയാണ് ഏറ്റെടുത്ത് ശാസ്ത്രീയ സംസ്കരണത്തിന് അയയ്ക്കുന്നത്. പുനരുപയോഗമായവയ്ക്ക് തുക ഹരിത കർമ്മസേനക്ക് കൈമാറും.

## ഓഫീസിന് ശിലയിട്ടു

**മുഹമ്മ:** മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിന്റെ പുതിയ ഓഫീസിന്റെ ശിലാസ്ഥാപനം മന്ത്രി സജി ചെറിയാൻ നിർവ്വഹിച്ചു . പി .പി. ചിത്തരഞ്ജൻ എം എൽ എ അദ്ധ്യക്ഷത വഹിച്ചു .ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ .ഡി. മഹീന്ദ്രൻ, പി .വി. സത്യനേശൻ, എൻ.പി. സ്നേഹജൻ,പി.ഡി. മാലതി, ടി.പി. ഷാജി, ഇന്ദിരാ തിലകൻ,ഷീല സുരേഷ്, എൻ.എസ്. ശാരിമോൾ, പി .ജെ. ഇമ്മാനുവൽ, റിച്ചാർഡ്,ജി. ലളിത തുടങ്ങിയവർ സംസാരിച്ചു. പ്രസിഡന്റ് പി.പി. സംഗീത സ്വാഗതവും സെക്രട്ടറി കെ. സാബുമോൻ നന്ദി പറഞ്ഞു.മൂന്ന് നിലകളോടു കുടിയാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത് .

## സ്കോളർഷിപ്പ് അപേക്ഷനീട്ടി

**ആലപ്പുഴ:** കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ജില്ലാ ഓഫീസിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2025-26 അദ്ധ്യയനവർഷത്തിൽ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള സ്കോളർഷിപ്പിന് അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 15 വരെ



.ഫോൺ –0477 2241455.

## സ്വകാര്യ മില്ലുകൾക്ക് പുറമേ സപ്ലൈകോയുമായി സഹകരിച്ച് നെല്ല് സംഭരിക്കുമെന്ന് മന്ത്രി

**ആലപ്പുഴ:** സ്വകാര്യ മില്ലുകൾക്ക് പുറമേ സപ്ലൈകോ എഇക യുമായി സഹകരിച്ച് നെല്ല് സംഭരിക്കുമെന്ന് മന്ത്രി സംഭരിച്ച നെല്ലിന്റെ വില ഒരാഴ്ചയ്ക്കകം നല്കുമെന്നും മന്ത്രി വ്യക്തമാക്കി. കൃഷിമന്ത്രി പി പ്രസാദിന്റെയും മന്ത്രി ജി ആർ അനിലിന്റെയും നേതൃത്വത്തില് നടന്ന യോഗത്തിന് ശേഷമാണ് തീരുമാനം. നിലവിൽ സർക്കാർ നിശ്ചയിച്ച പ്രകാരം നെല്ല് സംഭരിക്കുന്ന മില്ലുകൾക്ക് പുറമേ കൂടുതലായി കൊയ്തു വെച്ചിരിക്കുന്ന നെല്ല് വരുന്ന ചൊവ്വാഴ്ച മുതൽ എഫ്സിഐയുമായും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനുമായും സഹകരിച്ചു സംഭരിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ പറഞ്ഞു. നെല്ല് സംഭരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാനുള്ള നടപടികൾ ചർച്ച ചെയ്യുന്നതിന് മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കർഷകരും സപ്ലൈകൊ ഉദ്യോഗസ്ഥരുമായി നടന്ന ചർച്ചയിൽ കൃഷി വകുപ്പ് മന്ത്രി പി.പ്രസാദും പങ്കെടുത്തു. കർഷകർ ഇതുവരെ സംഭരിച്ച നെല്ലിന്റെ പണം തിങ്കളാഴ്ച മുതൽ കൊടുത്ത് തുടങ്ങും. എഫ്സിഐ സംഭരിച്ചു തുടങ്ങുന്ന നെല്ലിന്റെ വില ഒരാഴ്ചയ്ക്കുള്ളിൽ സർക്കാർ തീരുമാനിച്ച തുകയായ 30 രൂപ നിരക്കിൽ നൽകാൻ പിആർഎസ് വായ്പയുടെ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. 2432 മെട്രിക് ടൺ നെല്ല് കഴിഞ്ഞ മൂന്നു ദിവസമായി സംഭരിച്ചു. ഇന്നും പ്രവർത്തനങ്ങൾ നടന്നുവരുകയാണ്. പാലക്കാട്,തൃശ്ശൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നെല്ല് സംഭരിക്കുന്ന പ്രവർത്തി തുടരുകയാണ്.

## തുറവൂർ ഉപജില്ലാ സ്കൂൾ കലോത്സവം

**പൂച്ചാക്കൽ:** തുറവൂർ ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ 269 പോയി നേടി ശ്രീകണ്ഠേശ്വം എസ്. എൻ. എച്ച്. എസ്. എസ് ജനറൽ വിഭാഗത്തിൽ ഓവറോൾ കിരീടം കരസ്ഥമാക്കി. 169 പോയിന്റുമായി തുറവൂർ ടി.ഡി എച്ച്.എസ് റണ്ണറപ്പായി. പാണാവള്ളി പഞ്ചായത്ത് പ്രസിഡന്റ് രാഗിണിരമണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് കുഞ്ഞുമോൻ അദ്ധ്യക്ഷനായി. തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.ആർ. രജിത സമ്മാനദാനം നിർവ്വഹിച്ചു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹെലൻ കുഞ്ഞ് കുഞ്ഞ്, എച്ച്. എം ഫോറം കൺവീനർ ജോബി, ജനറൽ കൺവീനർ ബിന്ദു ശ്രീനിലയം തുടങ്ങിയവർ സംസാരിച്ചു. എച്ച്.എസ് ജനറൽ വിഭാഗത്തിൽ 234 പോയിന്റ് നേടി തുറവൂർ ടി.ഡി എച്ച് .എസ് ഒന്നാം സ്ഥാനവും 189 പോയിന്റ് നേടി ശ്രീകണ്ഠേശ്വരം എസ്. എൻ. എച്ച് .എസ് രണ്ടാം സ്ഥാനവും നേടി യു.പി ജനറൽവിഭാഗത്തിൽ 80 പോയിന്റ് വീതം നേടി പാണാവള്ളി എസ്.എൻ .ഡി .എസും എൻ.ഐ യു.പി എസ് നദുവത്ത് നഗറും ഒന്നാം സ്ഥാനം പങ്കിട്ടു .ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ശ്രീകണ്ഠേശ്വരം എസ്. എൻ.എച്ച്.എസ്.എസ് വിദ്യാർത്ഥികളേയും അവരെ സജ്ജരാക്കിയ അദ്ധ്യാപകരേയും മറ്റ് ജീവനക്കാരേയും സ്കൂൾ മാനേജർ കെ.എൽ അശോകൻ അഭിനന്ദിച്ചു.



## പാഠങ്ങൾ പഠിക്കുന്നതോടൊപ്പം പാടത്തെക്കുറി പഠിക്കാൻ വിദ്യാർഥികൾ തയ്യാറാകണം

**കുട്ടനാട്:** വിദ്യാലയങ്ങളിൽ പാഠങ്ങൾ പഠിക്കുന്നതോടൊപ്പം പാടത്തെക്കുറിച്ചും കൃഷിരീതികളെകുറിച്ചും പഠിക്കാൻ വിദ്യാർത്ഥികൾ തയ്യാറായാൽ പ്രകൃതി സ്നേഹം വളർത്താൻ കഴിയുമെന്ന് കുട്ടനാട് എംഎൽഎ തോമസ് കെ.തോമസ് പറഞ്ഞു.വീട്ടുപറമ്പിൽവിവിധയിനം പച്ചക്കറികളും പൂക്കൃഷികളും ചെയ്യാൻ മാതാപിതാക്കളോടൊപ്പം കുട്ടികൾ മുന്നോട്ടു വരണം. ചമ്പക്കുളം സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂൾ ഫാർമേഴ്സ് ക്ലബ്ബിലെ വിദ്യാർഥികൾ ചമ്പക്കുളം ബസ്സ് സ്റ്റാൻഡിന് സമീപമുള്ള വയലിൽ അധ്യാപകരുടെ നേതൃത്വത്തിൽ ചെയ്ത നെൽകൃഷിയുടെ രണ്ടാമത് വിളവെടുപ്പായ ' കൊയ്ത്തുത്സവം ' ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. യോഗത്തിൽ നെടുമുടി പഞ്ചായത്ത് പ്രസിഡന്റ് മിനി മന്മഥൻ നായർ അധ്യക്ഷത വഹിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജിൻസി ജോളി മുഖ്യപ്രഭാഷണം നടത്തി.സ്കൂൾ മാനേജർ റവ.ഡോ.ജെയിംസ് പാലയ്ക്കൽ പി.റ്റി.എ.പ്രസിഡന്റ് സാജു ആന്റണി കടമാട്, ഹെഡ് മാസ്റ്റർ പ്രകാശ് ജെ.തോമസ് എന്നിവർ പ്രസംഗിച്ചു. എസ്.എസ് എൽ.സി.പരീക്ഷയിൽ 100 ശതമാനം വിജയവും 44 ഫുൾ എ.പ്ലസും നേടി കുട്ടനാട് വിദ്യാഭ്യാസ ജില്ലയിൽ ഒന്നാം സ്ഥാനവും ശാസ്ത്ര ഗണിതശാസ്ത്ര ഐടി മേളകളിലും മങ്കൊമ്പ് ഉപജില്ല സ്കൂൾ കായികമേളയിലും കലോത്സവത്തിലും യു.പി, ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിൽ ചാമ്പ്യൻഷിപ്പ് നേടുകയും ചെയ്ത വിദ്യാർഥികളെ യോഗത്തിൽ അഭിനന്ദിച്ചു. അധ്യാപകരായ ബിൽബി മാത്യു, ഫിലിപ്പോസ് തത്തംപള്ളി, സ്റ്റുഡന്റ്സ് ഫാർമേഴ്സ് ക്ലബ്ബ് കോർഡിനേറ്റർ സിന്ധു ഫിലിപ്പ്സ്,ബിന്നി ജോസഫ് , ആൽബർട്ട് എം.ജോൺ, സിസ്റ്റർ റെനിറ്റ എന്നിവർ നേതൃത്വം നൽകി.

## ശബരിമല ഉത്സവം പദ്ധതി

**മാവേലിക്കര:**ശബരിമല ഉത്സവം 2025–26 പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിലെ മൂന്ന് റോഡുകളുടെ നവീകരിക്കുന്നതിന് 2.50 കോടി രൂപയുടെ ഭരണാനുമതി സംസ്ഥാന സർക്കാരിൽ നിന്ന് ലഭിച്ചതായി എം.എസ് അരുൺകുമാർ എം.എൽ.എ അറിയിച്ചു. കണ്ടിയൂർ ക്ഷേത്ര ജംഗ്ഷൻ, ആറാട്ടുകടവ്, നഗരസഭ ബസ് സ്റ്റാൻഡ് എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് നിലവിലുള്ള പൊതുമരാമത്തു വകുപ്പ് റോഡുകളായ കണ്ടിയൂർ- ആറാട്ടുകടവ് റോഡ്, കണ്ടിയൂർ ബൈപാസ് എന്നീ റോഡുകളും, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ അധീനതയിലുള്ള റോഡായ കണ്ടിയൂർ തെക്കേ ജങ്ഷൻ മുതൽ ബൈപാസ് വരെയുള്ള റോഡ് ബി.എം.ബി.സി നിലവാരത്തിൽ ടാറിംഗ് നടത്തുന്നതാണ് പദ്ധതി. സാങ്കേതിക അനുമതി വേഗത്തിൽ ലഭ്യമാക്കി ടെൻഡർ പൂർത്തീകരിച്ച് നിർമ്മാണം തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്ത് നിരത്തു വിഭാഗം മാവേലിക്കര സബ് ഡിവിഷന് നിർദ്ദേശം നൽകിയതായും എം.എൽ.എ അറിയിച്ചു.

## മാവേലിക്കര മണ്ഡലത്തിൽ അങ്കണവാടികൾക്ക് 2 കോടി




**ചാരുംമൂട്:**മാവേലിക്കര മണ്ഡലത്തിലെ 9 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി എം.എസ്. അരുൺകുമാർ എം.എൽ.എ അറിയിച്ചു. ചുനക്കര അങ്കണവാടി നമ്പർ 32,നൂറനാട് അങ്കണവാടി നമ്പർ 66, വള്ളികുന്നം അങ്കണവാടി നമ്പർ 142, പാലമേൽ അങ്കണവാടി നമ്പർ 91, 81, തെക്കേക്കര അങ്കണവാടിനമ്പർ 47,49 എന്നിവക്ക് 22 ലക്ഷം രൂപ വീതവും പാലമേൽ അങ്കണവാടിടി നമ്പർ 96 ,164 എന്നിവക്ക് 23 ലക്ഷം രൂപ വീതവുമാണ് അനുവദിച്ചത്. ശരാശരി 650 ച. അടി. വീസ്തീർണ്ണതിലാണ് അങ്കണവാടി നിർമ്മിക്കുന്നത്. പഠനമുറി, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയ്‌ലറ്റ് എന്നിവ ഉൾപ്പെടുത്തി കുട്ടികളുടെ പഠനശേഷി രൂപപ്പെടുത്തുന്ന തരത്തിലാണ് അങ്കണവാടികളുടെ രൂപകല്പന.ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ആൻഡ് എൻജിനിയറിംഗ് വിങ്ങിനാണ് നിർമ്മാണചുമതല. സാങ്കേതിക അനുമതി ലഭ്യമാക്കി ടെൻഡർ പൂർത്തീകരിച്ചു. നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയതായും എം.എൽ.എ അറിയിച്ചു.

## മാതാ സ്കൂൾ ഓവറാൾ ചാമ്പ്യൻമാർ




**അമ്പലപ്പുഴ :** ആലപ്പുഴ സഹോദയ വാർഷിക അത് ലറ്റിക് മീറ്റിൽ 127 പോയിന്റുകൾ നേടി തുമ്പോളി മാതാ സീനിയർ സെക്കന്ററി സ്കൂൾ ഓവറാൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി . 74 പോയിന്റ് നേടിയ മുഹമ്മ കെ. ഇ .കാർമ്മൽ സ്കൂളാണ് ഫസ്റ്റ് റണ്ണറപ്പ് . 70 പോയിന്റ് നേടിയ ആലപ്പുഴ എസ്. ഡി .വി സെൻട്രൽ സ്കൂൾ സെക്കന്റ് റണ്ണറപ്പായി.നീർക്കുന്നം അൽഹുദ ഇംഗ്ലീഷ് സ്കൂൾ ആതിഥേയത്വം വഹിച്ച കായികമാമാങ്കത്തിന് വേദിയായത് പുന്നപ്ര കാർമൽ എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ടിലാണ്. അൽ ഹുദ സ്കൂൾ അസിസ്റ്റന്റ് മാനേജർ എ. എം. ബിലാൽ അദ്ധ്യക്ഷനായി. കാർമ്മൽ എൻജിനീയറിംഗ് കോളേജ് ഡയറക്ടർ ഫാ. ജസ്റ്റിൻ ആലുക്കൽ സമാപന സന്ദേശം നൽകി. വിജയികൾക്ക് ഫാ. ജസ്റ്റിൻ ആലുക്കൽ സമ്മാനങ്ങൾ വിതരണം ചെയ്തു . സഹോദയ സെക്രട്ടറി ആശ യതീഷ് , ഫാ. ജയ്സൻ പരപ്പള്ളി , എ.നൗഷാദ് എന്നിവർ സംസാരിച്ചു. അൽ ഹുദ സ്കൂൾ പ്രിൻസിപ്പൽ ബീന സെബാസ്റ്റ്യൻ കെ. സ്വാഗതവും സഹോദയ ട്രഷറർ ഡയാന ജേക്കബ് നന്ദിയും പറഞ്ഞു.

## മോഷണക്കഥ വീടൊഴിയാതിരിക്കാൻ കെട്ടിച്ചമച്ചതെന്ന നിഗമനത്തിൽ പൊലീസ്

**കൊച്ചി:** പുരാവസ്തു തട്ടിപ്പ് കേസ് പ്രതി മോൻസൻ മാവുങ്കലിന്റെ കലൂരിലെ വാടക വീട്ടിൽ മോഷണം നടന്നുവെന്ന പരാതി വ്യാജമെന്ന് സംശയം. വാടക വീട് ഒഴിയാതിരിക്കാനുള്ള തന്ത്രമാണ് ഇതിന് പിന്നിലെന്നാണ് കരുതുന്നത്. വീട്ടിൽ സൂക്ഷിച്ചിരുന്ന സാധനങ്ങൾ തിട്ടപ്പെടുത്തുന്നതിനായി കോടതിയുടെ അനുമതിയോടെ പരോളിലിറങ്ങി വീട്ടിലെത്തിയപ്പോഴാണ് മോഷണം നടന്നുവെന്ന് മോൻസൻ ആരോപിച്ചത്. കഴിഞ്ഞ ദിവസമാണ് വീടിന്റെ ഒരുഭാഗം പൊളിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടത്. പുറകുവശത്തെ വാതിലും സിസിടിവിയും ഉൾപ്പെടെ തകർക്കപ്പെട്ട നിലയിലായിരുന്നു. ഇതോടെ വീട്ടിലെ പുരാവസ്തുക്കളിൽ പലതും മോഷണം പോയെന്ന മോൻസന്റെ പരാതിയിൽ പൊലീസെത്തി പരിശോധന നടത്തി. എന്നാൽ, രണ്ടാഴ്ച മുമ്പ് മോൻസന്റെ അഭിഭാഷകൻ വീട്ടിൽ നേരിട്ടെത്തി പരിശോധിച്ചപ്പോൾ ഇത്തരത്തിൽ സാധനങ്ങൾ നഷ്ടപ്പെട്ടതായി പരാതിയുയർത്തിയിരുന്നില്ല.

## അങ്കമാലി കുണ്ടന്നൂർ കൊച്ചി ദേശീയപാത 544 ബൈപ്പാസ് പദ്ധതിപുനർവിജ്ഞാപനം ഉടൻ;ബെന്നി ബഹനാൻ എംപി

**അങ്കമാലി :** കുണ്ടന്നൂർ ദേശീയപാതയുടെ നിർമ്മാണത്തിനായി 3എ നോട്ടിഫിക്കേഷൻ ഉടൻ പുറപ്പെടുവിക്കും എന്ന് ബെന്നി ബഹനാൻ എം പി.3എ നോട്ടിഫിക്കേഷൻ കാലപരിധിക്കകം പുറപ്പെടുവിക്കുന്നതിന് സാധിക്കാത്തതിനാൽ 2024 ൽ പുറപ്പെടുവിച്ച 3എ വിജ്ഞാപനം റദ്ദായിരിന്നു.ഇതിനെ തുടർന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയ്ക്കും NHAI ചെയർമാനും 3എ നോട്ടിഫിക്കേഷൻ പുനപ്രസിദ്ധീക്കരിക്കണമെന്ന് എം.പി കത്ത് നൽകിയിരുന്നു.ഇതിന്റെ അടിസ്ഥാനത്തിൽപുനർവിജ്ഞാപനത്തിനു മുന്നോടിയായി ട്രാഫിക് സർവ്വേ അടിയന്തരമായി പൂർത്തീകരിക്കാൻ കേന്ദ്ര ഗതാഗത മന്ത്രാലയം ദേശീയപാതാ അധികൃതർക്ക് നിർദേശം നൽകി.7 ദിവസം നീണ്ടുനിൽക്കുന്ന ട്രാഫിക്സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതോടെ 3എ നോട്ടിഫിക്കേഷൻ പുറപെടുവിക്കും.അഞ്ചുവർഷങ്ങൾക്കു മുൻപ് നടത്തിയ ട്രാഫിക് സർവ്വേയുടെ അടിസ്ഥാനത്തിലാണ് ആറുവരിപാത നിർമാണത്തിന് പ്രാഥമിക നടപടികൾ ആരംഭിച്ചത് ഈ സർവേ റിപ്പോർട്ട് കാലഹരണപെട്ടതിനാലാണ് പുതിയ സർവേ വേണ്ടി വരുന്നത്.പുതിയ സർവേയുടെ അടിസ്ഥാനത്തിലായിരിക്കും ദേശീയപാതയുടെ ലൈനുകളുടെ എണ്ണം നിശ്ചയിക്കുക.അങ്കമാലി - കുണ്ടന്നൂർ ദേശീയപാത ഏറ്റവും അനിവാര്യമായ പദ്ധതിയാണ് എന്ന പ്രാധാന്യം പോലും കൽപ്പിക്കാതെ,സംസ്ഥാന സർക്കാർ നടത്തിയ മെല്ലെപോക്ക്സമീപനമാണ് അങ്കമാലി കുണ്ടന്നൂർ ബൈപ്പാസിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തടസ്സമായത്.ഇതിനെ തുടർന്ന് ബൈപാസ് പദ്ധതി വൈകിപ്പിക്കുന്ന സംസ്ഥാന സർക്കാർ നിലപാടുകൾക്കെതിരേ എംപിയുടെ നേതൃത്വത്തിൽ ബൈപ്പാസ് കടന്നു പോകുന്ന പ്രദേശത്തെ എംഎൽഎമാരും ജനപ്രതിനിധികളും ഉപവാസ സമരം ഉൾപെടെയുള്ള സമരങ്ങളും നടത്തിയി രുന്നു.

## പാണ്ടിയെപ്പള്ളി ചിറയ്ക്ക് പുതിയ രൂപം നൽകി ഫിസാറ്റ്


**കൊച്ചി:** സാങ്കേതിക വിദ്യയിൽ നേട്ടങ്ങൾ കൊയ്യുമ്പോഴും നാടിനോടും പൊതു സമൂഹത്തോടുമുള്ള പ്രതിബദ്ധതയുടെ ഭാഗമായി പാണ്ടിയെപ്പള്ളി ചിറയ്ക്ക് പുതിയ രൂപവും ഭാവവും നൽകി അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജ്. മൂക്കന്നൂർ പഞ്ചായത്തിൻറെ ഉടമസ്ഥതയിൽ ഉള്ള പാണ്ടിയെപ്പള്ളി ചിറയ്ക്ക് പതിനഞ്ചു ലക്ഷം രൂപ മുതൽ മുടക്കി മനോഹരമാക്കിയിരിക്കുകയാണ്. അങ്കമാലി എം എൽ എ റോജി എം ജോൺ നവീകരിച്ച ചിറയുടെ ഉത്ഘാടനം നിർവഹിച്ചു. മൂക്കന്നൂർ ഗ്രാമ പഞ്ചായത് പ്രസിഡന്റ് ബിവിഷ് കെ വി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു. നവീകരണത്തിന്റെ ഭാഗമായി കുളത്തിന് ചുറ്റും നടപ്പാതയും സ്റ്റീൽ കൈവരികളും ഒരുക്കി. ചിറയിലേക്ക് ഇറങ്ങുന്നതിന്



അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൻറെ നേതൃത്വത്തിൽ നവീകരിച്ച പാണ്ടിയെപ്പള്ളി ചിറയുടെ ഉത്ഘാടനം റോജി എം ജോൺ എം എൽ എ നിർവഹിക്കുന്നു. പി ആർ ഷിമിത്ത് , കെ വി ബിവിഷ്, ജെസ്റ്റി ദേവസികുട്ടി, ഡോ ജേക്കബ് തോമസ് തുടങ്ങിയവർ സമീപം

## 1.35 ലക്ഷം തട്ടിയെടുത്തു, യുവതി അറസ്റ്റിൽ

**കോലഞ്ചേരി (എറണാകുളം):** ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണം എടുക്കാൻ സഹായിക്കണെമെന്നു പറഞ്ഞ് യുവാവിനെ കബളിപ്പിച്ച് ഒരുലക്ഷത്തിമുപ്പത്തയ്യായിരം രൂപ തട്ടിയ കേസിൽ യുവതിയെ റിമാൻഡ് ചെയ്തു. അശമന്നൂർ നെടുങ്ങപ്ര കൂടംചിറത്ത് ലിബില ബേബി (29) യെയാണ് പുത്തൻകുരിശ് പോലീസ് അറസ്റ്റ് ചെയ്തത്.ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണം തിരികെയെടുത്ത് വിൽക്കാൻ സഹായിക്കും എന്ന് അശമന്നൂർ സ്വദേശിയായ യുവാവ് പത്രത്തിൽ പരസ്യം ചെയ്തിരുന്നു. ഇതുകണ്ടാണ് യുവതി ഇയാളുമായി ബന്ധപ്പെട്ടത്. കോലഞ്ചേരിയിലെ ബാങ്കിൽ സ്വർണം പണയംവെച്ചിട്ടുണ്ടെന്നും ഇത് എടുക്കാൻ സഹായിക്കണമെന്നും ആവശ്യപ്പെട്ടു. ഇതിൻപ്രകാരം ഒരുലക്ഷം



രൂപ പണമായും 35,000 രൂപ ഗൂഗിൾ പേ വഴിയും വാങ്ങിയ ശേഷം ഇവർ മുങ്ങുകയായിരുന്നു.പിന്നീട് പോലീസ് നടത്തിയ അന്വേഷണത്തിലാണ് യുവതിയെ വ്യാഴാഴ്ച അറസ്റ്റ് ചെയ്തത്. ഇൻസ്പെക്ടർ സി.എൽ. ജയൻ, എസ്ഐമാരായ കെ.ജി. ബിനോയ്, ജി. ശശിധരൻ, എഎസ്ഐമാരായ ബിജു ജോൺ, സുരേഷ്കുമാർ മഞ്ജു ബിജു, സീനിയർ സിപിഒമാരായ റിതേഷ്, ആശ എന്നിവരാണ് അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നത്. യുവതിയെ കോലഞ്ചേരി കോടതി വെള്ളിയാഴ്ച റിമാൻഡ് ചെയ്തു.




## കൊച്ചിക്ക് പ്രത്യേക പരിഗണന: വി.ഡി. സതീശൻ

**കൊച്ചി:** യു.ഡി.എഫ് അധികാരത്തിലെത്തിയാൽ കൊച്ചി നഗരത്തിന് പ്രത്യേക പരിഗണ നൽകുമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. യു.ഡി.എഫിന്റെ സ്വപ്ന പദ്ധതിയായ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി യാഥാർത്ഥ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.കോർപ്പറേഷൻ ഭരണസമിതിക്കെതിരെ കോൺഗ്രസ് കുറ്റപത്രം പുറത്തിറക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്യുയായിരുന്നു അദ്ദേഹം.ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് അദ്ധ്യക്ഷത വഹിച്ചു. എം.പമാരായ ഹൈബി ഈഡൻ, അഡ്വ. ജെബി മേത്തർ, എം.എൽ.എമാരായ കെ. ബാബു, ടി. വിനോദ്, ഉമ തോമസ്, അൻവർ സാദത്ത്, കെ.പി.സി.സി വൈസ് പ്രസിഡന്റുമാരായ വി.പി സജീന്ദ്രൻ, ജയ്സൺ ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, ജനറൽ സെക്രട്ടറിമാരായ ദീപ്തി മേരി വർഗീസ്, എം.ആർ അഭിലാഷ് തുടങ്ങിയവർ സംസാരിച്ചു.

## നികുതി വെട്ടിച്ച് സർവീസ് : 9 അന്തർസംസ്ഥാന ബസുകൾ പിടിച്ചു

**കാക്കനാട് :**നികുതി അടയ്ക്കാതെ കൊച്ചിയിലേക്ക് സർവീസ് നടത്തിയ ഒമ്പത് അന്തർസംസ്ഥാന ടൂറിസ്റ്റ് ബസുകൾ മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുത്തു. നികുതി, പിഴ ഇനത്തിൽ 52 ലക്ഷം രൂപ അടയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 25 വാഹനങ്ങൾക്കെതിരെ കേസെടുത്തു. വാഹനങ്ങൾ കലക്ടറേറ്റിലെ പരേഡ് ഗ്രൗണ്ടിലേക്ക് മാറ്റി.തമിഴ്നാട്, പോണ്ടിച്ചേരി, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽനിന്ന് കൊച്ചിയിലേക്കെത്തിയഅന്തർസംസ്ഥാന ടൂറിസ്റ്റ് ബസുകളാണ് പിടിച്ചെടുത്തവയിൽ ഏറേയും. കേരളത്തിൽ അടയ്ക്കേണ്ട



റോഡ് നികുതി അടയ്ക്കാതെ അന്തർസംസ്ഥാന ബസുകൾ സർവീസ് നടത്തുന്നതായി വ്യാപക പരാതിയുയർന്നതിനെ തുടർന്നാണ് മോട്ടോർ വാഹനവകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നടപടി.വൈറ്റില ജങ്ഷൻ, പാലാരിവട്ടം ബൈപാസ് റോഡുകളിൽ വെള്ളി പുലർച്ചെ മൂന്നുമുതൽ പരിശോധന ആരംഭിച്ചു. അന്തർസംസ്ഥാന ടൂറിസ്റ്റ്ബസുകൾ മൂന്നുമാസം കൂടുമ്പോഴാണ് നികുതി അടയ്ക്കേണ്ടത്. നികുതി മുടങ്ങിയാൽ ഇരട്ടിത്തുക അടയ്ക്കണം. പിടിച്ചെടുത്ത ബസുകൾക്ക് ഒന്നുമുതൽ രണ്ടുലക്ഷം രൂപവരെ പിഴയൊടുക്കേണ്ടിവരുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.അമിതവേഗം, എയർഹോൺ ഉപയോഗം, നമ്പർപ്ലേറ്റുകളിലെ ക്രമക്കേട്, വാഹനരേഖകളിലെ ക്രമക്കേട് തുടങ്ങിയ മറ്റു ഗതാഗത നിയമലംഘനങ്ങളും പിടിച്ചെടുത്ത വാഹനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.

## കോതമംഗലത്ത് 2 റോഡുകൾക്ക് 6.25 കോടി

**കോതമംഗലം :**കോതമംഗലം മണ്ഡലത്തിലെ രണ്ട് റോഡുകൾ ആധുനിക നിലവാരത്തിൽ നവീകരിക്കുന്നതിന് 6.25 കോടി രൂപ അനുവദിച്ചതായി ആന്റണി ജോൺ എം എൽഎ അറിയിച്ചു. ഊന്നുകൽതേങ്കോട് റോഡ്, മാതിരപ്പിള്ളി പള്ളിപ്പടി ഇഞ്ചൂർ -പടിവൂർ റോഡുകൾക്കാണിത്. കവളങ്ങാട് പഞ്ചായത്തിലെ തേങ്കോട് പ്രദേശത്തെ കൊച്ചിമധുര ദേശീയപാതയുമായി ഊന്നുകല്ലിൽ ബന്ധിപ്പിക്കുന്ന റോഡാണിത്.വാരപ്പെട്ടി പഞ്ചായത്തിലെ പിടവൂരിൽ നിന്നാരംഭിച്ച് ഇഞ്ചൂർവഴി മാതിരപ്പിള്ളി പള്ളിപ്പടിയിൽ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതാണ് പിടവൂർ-



ഇഞ്ചൂർ- മാതിരപ്പിള്ളി പള്ളിപ്പടി റോഡ്. വീതി വർധിപ്പിച്ച് ബിഎം ആൻഡ് ബിസി നിലവാരത്തിൽ ടാർ ചെയ്യും. കൽവർട്ടുകൾ, ഓടകൾ, റിഫ്ലക്ടർ, സൂചനാബോർഡുകൾ, സീബ്രാലൈൻ എന്നിവയുണ്ടാകും.ഈ രണ്ടുറോഡുകളുടെയും ചരിത്രത്തിലെ ഏറ്റവും വലിയ വികസന പ്രവർത്തനമാണിപ്പോൾ സാധ്യമാകുന്നത്. തുടർനടപടികൾ വേഗത്തിലാക്കുമെന്നും എംഎൽഎ പറഞ്ഞു.


## സന്തോഷത്തിന്റെ ചൂളംവിളി; എത്തിപ്പോയ് വന്ദേഭാരത്

**കൊച്ചി :** മലയാളികൾ കാത്തിരുന്ന എറണാകുളം സൗത്ത്-ബംഗളൂരു വന്ദേഭാരത് ശനിയാഴ്ച ഓടിത്തുടങ്ങും. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് വീഡിയോ കോൺഫറൻസിങ് വഴി വാരാണസിയിൽ നിന്ന് വന്ദേഭാരത് ഫ്ലാഗ് ഓഫ് ചെയ്യുന്നത്. ചെന്നൈയിൽനിന്ന് എത്തിയ ട്രെയിൻ ട്രയൽ റൺ കഴിഞ്ഞ് പൊന്നുരുന്നിയിലെ യാർഡിൽ ഉണ്ട്.സാധാരണ സർവീസ് ഈ മാസം 11-ന് തുടങ്ങും. ബുക്കിങ് ശനിയാഴ്ച ഉച്ചയ്ക്കോ ഞായറാഴ്ച രാവിലെയോ തുടങ്ങും. ശതാബ്ദി നിരക്കായിരിക്കും ടിക്കറ്റിന്. എറണാകുളം-ബെംഗളൂരു എസി ചെയർ കാറിന് 1500 രൂപ വരെയാകാം. എസി എക്സിക്യൂട്ടീവ് ചെയർ കാറിന് 2,400 രൂപ വരെയും.എറണാകുളത്തുനിന്ന് ബംഗളൂരു 630 കിലോമീറ്റർ ദൂരം എട്ടുമണിക്കൂർ 40 മിനിറ്റ് കൊണ്ടാണ് എത്തുന്നത്. എട്ട് കോച്ചുകളിലായി 600 സീറ്റുകളാണുള്ളത്. ഒൻപത് സ്റ്റോപ്പുകളാണുള്ളത്. ജനപ്രതിനിധികൾ, മാധ്യമ പ്രവർത്തകർ, അധ്യാപകർ, കുട്ടികൾ, സോഷ്യൽ മീഡിയ ഇൻഫ്ലുവൻസേഴ്സ് തുടങ്ങിയവരാണ് സുവനീർ ടിക്കറ്റുമായി ഉദ്ഘാടന യാത്രയിൽ പോകുന്നത്.വമുള്ള ആദ്യയാത്രയുടെ തുടക്കം.



## പാൻട്രികാറിൽ കയറിയ യാത്രക്കാരന്റെ ദേഹത്ത് തിളച്ച വെള്ളം ഒഴിച്ചു, ജീവനക്കാരൻ അറസ്റ്റിൽ

**തൃശ്ശൂർ:** ട്രെയിനിനുള്ളിലെ ഭക്ഷണശാലയിലേക്ക് വെള്ളം ചോദിച്ചു ചെന്ന യാത്രക്കാരന്റെ ദേഹത്തേക്ക് തിളച്ചവെള്ളമൊഴിച്ച് പാൻട്രി ജീവനക്കാരൻ അറസ്റ്റിൽ. നേത്രാവതി എക്സ്പ്രസിൽ യാത്ര ചെയ്യുകയായിരുന്ന മുംബയ് സ്വദേശി അഭിഷേക് ബാബു (24)വിനാണ് പൊള്ളലേറ്റത്. പാൻട്രി കാർ മാനേജരായ ഉത്തർപ്രദേശ് സ്വദേശി രാഘവേന്ദ്ര സിംഗ് ആണ് പിടിയിലായത്. ഇക്കഴിഞ്ഞ വ്യാഴാഴ്ച രാത്രി മുംബയിൽ നിന്ന് തൃശ്ശൂരിലേക്ക് പോകുകയായിരുന്ന നേത്രവതി എക്സ്പ്രസിലാണ് കേസിനാസ്പദമായ സംഭവം.ഒരു സംഘം മുംബയ് സ്വദേശികളായ യുവാക്കൾ തൃശൂർ തൃപ്രയാരുള്ള തങ്ങളുടെ സുഹൃത്തിന്റെ വീട്ടിലേക്ക് പോകുകയായിരുന്നു. രാത്രിയായപ്പോൾ കൈയിലുണ്ടായരുന്ന വെള്ളം തീർന്നപ്പോൾ വെള്ളം എടുക്കുന്നതിനായി പാൻട്രി കാറിലേക്ക് എത്തി. ഇതിന് തുകയായി 200 രൂപ



നോട്ട് നൽകുകയും ചെയ്തു. പക്ഷേ 200 രൂപ നൽകിയാൽ പറ്റില്ലെന്നും ചില്ലറയായി 15 രൂപ തന്നെ നൽകണമെന്ന് പാൻട്രി ജീവനക്കാർ ആവശ്യപ്പെട്ടു.ഇതോടു കൂടി ജീവനക്കാരും യുവാക്കളും തമ്മിൽ തർക്കമായി. അതിനു ശേഷം അവർ സീറ്റിലേക്ക് മടങ്ങി വന്നു. എന്നാൽ മടങ്ങി വന്ന ശേഷമാണ് കൂട്ടത്തിലൊരാളുടെ കൈയിൽ ഉണ്ടായിരുന്ന കണ്ണടയും തൊപ്പിയും കാണാതായത്. അത് പാൻട്രിക്കാറിൽ വച്ച് മറന്നിട്ടുണ്ടെന്ന് ഇവർക്ക് മനസിലായി അവർ വീണ്ടും അങ്ങോട്ടേക്ക് ചെല്ലുന്നു. എന്നാൽ പാൻട്രിയിൽ ചെന്നപ്പോൾ തരാൻ പറ്റില്ലെന്നും വേണമെങ്കിൽ നാളെ രാവിലെ വരൂ എന്നായിരുന്നു ജീവനക്കാരുടെ മറുപടി.ജീവനക്കാർപറഞ്ഞ തനുസരിച്ച് വെള്ളിയാഴ്ച രാവിലെ പത്തുമണിക്ക് പാൻട്രിയിൽ എത്തിയപ്പോൾ മാനേജർ തിളച്ച വെള്ളം ബക്കറ്റിലാക്കി യുവാക്കളുടെ നേർക്ക് ഒഴിക്കുകയായിരുന്നു. ഇതിൽ അഭിഷേക് ബാബു എന്ന യുവാവിന്റെ മുതുകിലും കാലിനും സാരമായ പരിക്കേറ്റിട്ടുണ്ട്. ഉടൻ കൂട്ടത്തിൽ ഉണ്ടായിരുന്നവർ റെയിൽവേ പൊലീസിനെ വിവരമറിയിക്കുകയും ട്രെയിൻ തൃശ്ശൂരിലെത്തുമ്പോൾ അതിക്രമം കാട്ടിയ ജീവനക്കാരനെ റെയിൽവേ പൊലീസ് പിടികൂടുകയുമായിരുന്നു. അതിനുശേഷം യുവാവിന്റെ സുഹൃത്തുക്കളും റെയിൽവേ പൊലീസും ചേർന്നാണ് അഭിഷേക് ബാബുവിനെ സ്വകാര്യ ആശുപത്രിയിലേക്ക് പ്രവേശിപ്പിക്കുന്നത്. പിടിയിലായ പാൻട്രി കാർ മാനേജരെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## ജില്ലാ പഞ്ചായത്ത് : ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിച്ച് കോൺഗ്രസ്

**കോഴിക്കോട്:** തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പ് സീറ്റ് വിഭജനവും സ്ഥാനാർത്ഥി നിർണയവും നടത്തി യു.ഡി.എഫും കോൺഗ്രസും. കോഴിക്കോട് ജില്ലാ പഞ്ചായത്തിലേക്കുള്ള സ്ഥാനാർത്ഥികളുടെ ആദ്യഘട്ട പട്ടികയാണ് ജില്ലാ കോൺഗ്രസ് കമ്മിറ്റി പുറത്തുവിട്ടത്. ജില്ലാ പഞ്ചായത്തിൽ ആകെയുള്ള 28 ഡിവിഷനുകളിൽ 14 ഡിവിഷനുകളിലാണ് കോൺഗ്രസ് മത്സരിക്കുന്നത്. ഇതിൽ എടച്ചേരി, കായക്കൊടി, മേപ്പയൂർ, ചാത്തമംഗലം, കക്കോടി, ബാലുശ്ശേരി, കാക്കൂർ ഡിവിഷനുകളിലെ സ്ഥാനാർത്ഥികളെയാണ് ഡി.സി.സി പ്രസിഡന്റ് കെ.പ്രവീൺകുമാർ പ്രഖ്യാപിച്ചത്. യുവത്വത്തിനും പരിചയസമ്പന്നതയ്ക്കും ആദ്യഘട്ട പട്ടികയിൽ ഒരുപോലെ പ്രധാന്യം നൽകി. വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച ടി.വത്സലകുമാരി എടച്ചേരിയിൽ മത്സരിക്കും. നിലവിൽ നാദാപുരം ബ്ലോക്ക് കോൺഗ്രസ് വൈസ് പ്രസിഡന്റും മഹിളാ കോൺഗ്രസ് ഭാരവാഹിയും കെ.എസ്.എസ്.പി.എ വൈസ് പ്രസിഡന്റുമാണ് 59 കാരിയായ വത്സലകുമാരി. കായക്കൊടിയിൽ കായക്കൊടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റും യൂത്ത് കോൺഗ്രസ് മണ്ഡലം വൈസ് പ്രസിഡന്റുമായ സജിഷ എടുക്കുടി മത്സരിക്കും. 34 കാരിയായ സജിഷ ബികോം ബിരുദധാരിയാണ്. ഡി.സി.സി ജനറൽ സെക്രട്ടറിയും നാദാപുരം ടി.ഐ.എം ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകനുമായ മുനീർ എരവത്താണ് മേപ്പയ്യൂരിൽ സ്ഥാനാർത്ഥി. സാംസ്കാരിക പ്രവർത്തകനും അദ്ധ്യാപക സംഘടനാ പ്രവർത്തകനുമാണ് 51 കാരനായ മുനീർ എരവത്ത്. ചാത്തമംഗലത്ത് ഡി.സി.സി ജനറൽ സെക്രട്ടറിയും സാമൂഹ്യ പ്രവർത്തകനുമായ അബ്ദുറഹ്മാൻ എടക്കുനി (51) മത്സരിക്കും. കക്കോടിയിൽ ഏറ്റവും പ്രായം കുറഞ്ഞ സ്ഥാനാർത്ഥിയെ രംഗത്തിറക്കി. 24 കാരിയായ വിനയദാസ് എൻ.കെ കൂട്ടമ്പൂരാണ് ജില്ലാ പഞ്ചായത്തിലേക്ക് മാറ്റുരയ്ക്കുന്നത്. കെ.എസ്.യു യൂണിറ്റ് വൈസ് പ്രസിഡന്റും യൂത്ത് കോൺഗ്രസ് മണ്ഡലം സെക്രട്ടറിയുമാണ് വിനയദാസ്.ദളിത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി വി.എസ് അഭിലാഷ് ബാലുശേരിയിൽ മത്സരിക്കും. 49 കാരനായ അഭിലാഷ് ദളിത് കോൺഗ്രസ് മുൻ ജില്ലാ പ്രസിഡന്റുമാണ്. യൂത്ത് കോൺഗ്രസ് നേതാവ് സുധിൻ സുരേഷാണ് കാക്കൂരിൽ സ്ഥാനാർത്ഥി. ബാലുശേരി അസംബ്ലി മണ്ഡലം യൂത്ത് കോൺഗ്രസ് കമ്മിറ്റി വൈസ് പ്രസിഡന്റ്, കെ.എസ്.യു കോഴിക്കോട് ജില്ലാ മുൻ ജനറൽ സെക്രട്ടറി, ജവഹർ ബാൽ മഞ്ച് മുൻ ജില്ലാ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചയാളാണ് 31 കാരനായ സുധിൻ സുരേഷ്.മുമ്പെങ്ങുമില്ലാത്ത വിധം തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കും മുമ്പ് തന്നെ സ്ഥാനാർഥികളെ നിശ്ചയിക്കാൻ സാധിച്ചത് വലിയ നേട്ടമാണെന്നും ജില്ലാ പഞ്ചായത്തിലേക്കുള്ള രണ്ടാംഘട്ട പട്ടിക ഉടൻ തീരുമാനിക്കുമെന്നും കെ.പ്രവീൺകുമാർ അറിയിച്ചു. എം.കെ രാഘവൻ എം.പി, കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് ഷാഫി പറമ്പിൽ എം.പി എന്നിവരുടെ സാന്നിദ്ധ്യത്തിൽ മുതിർന്ന നേതാക്കൾ കൂടിയാലോചിച്ചാണ് സ്ഥാനാർത്ഥി നിർണയം നടത്തിയതെന്നും തങ്ങളുടെ മുന്നേറ്റത്തെ മങ്ങലേൽപ്പിക്കാൻ ചില മാദ്ധ്യമങ്ങൾ വ്യാജ വാർത്തകൾ സൃഷ്ടിക്കുന്നത് ശരിയല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെ.പി.സി.സി ജനറൽ സെക്രട്ടറിമാരായ കെ.ജയന്ത്, പി.എം നിയാസ്, യു.ഡി.എഫ് ജില്ലാ ചെയർമാൻ കെ.ബാലനാരായണൻ, മുൻ ഡി.സി.സി പ്രസിഡന്റ് കെ.സി അബു എന്നിവർ വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.



## ഗുരുവായൂർ നടപ്പന്തലിൽ റീലെടുത്തിട്ടില്ല, മുറിച്ചത് മുട്ട ചേർക്കാത്ത കേക്ക്"; വിശദീകരണവുമായി ജസ്ന

**തൃശൂർ:** ഗുരുവായൂർ ക്ഷേത്രത്തിൽ വീണ്ടും റീൽസ് ചിത്രീകരണം നടത്തിയെന്ന പരാതിയിൽ ജസ്ന സലീമിനെതിരെ പൊലീസ് കേസെടുത്തിരുന്നു. ഇപ്പോഴിതാ സംഭവത്തിൽ പ്രതികരിച്ചിരിക്കുകയാണ് ജസ്ന സലിം. താൻ തെറ്റ് ചെയ്തിട്ടില്ലെന്നും ഒരു ഷോപ്പിന്റെ വീഡിയോ മാത്രമാണ് എടുത്തതെന്നുമാണ് ജസ്ന പറയുന്നത്. ഇൻസ്റ്റഗ്രമിൽ പങ്കുവച്ച വീഡിയോയിലൂടെയായിരുന്നു പ്രതികരണം. 'ഞാൻ നടപ്പന്തലിൽ നിന്ന് വീഡിയോ എടുത്തിട്ടില്ല. ഞാൻ ഗുരുവായൂർ നിന്ന് ഇറങ്ങിവരുന്ന വീഡിയോ ഒരു യൂട്യൂബ് ചാനൽ ചിത്രീകരിച്ചതാണ്. അവരാണ് അത് പങ്കുവച്ചത്. അല്ലാതെ ഞാൻ റീൽസ് എടുത്തിട്ടില്ല. പിന്നെ അവിടെയുള്ള ഒരു ഷോപ്പിന്റെ വീഡിയോ ഞാൻ എടുത്തിട്ടുണ്ട്. അത് എന്റെ ചാനലിൽ ഉണ്ട്. ഒരു തെറ്റും ഞാൻ ചെയ്തിട്ടില്ല. ഞാൻ മനസാവാച അറിയാത്ത കാര്യത്തിനാണ് കേസെടുത്തിരിക്കുന്നത്. നേരത്തെ കേസ് വന്ന കേക്ക് വിവാദത്തിൽ ഞാൻ മുറിച്ചത് മുട്ട ഉപയോഗിക്കാത്ത കേക്കാണ്'- ജസ്ന വ്യക്തമാക്കി. ക്ഷേത്രം അഡ്മിനിസ്ട്രേറ്ററുടെ പരാതിയെത്തുടർന്നായിരുന്നു കേസെടുത്തത്. നേരത്തേ ക്ഷേത്രത്തിൽ ജസ്ന റീൽസ് ചിത്രീകരിച്ചിരുന്നു. ഇതിനെത്തുടർന്നാണ് നടപ്പന്തലിൽ റീൽസ് ചിത്രീകരിക്കരുതെന്ന് ഹൈക്കോടതി ഉത്തരവിട്ടത്.സോഷ്യൽ മീഡിയയിലെ പോസ്റ്റ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നവംബർ അഞ്ചിനായിരുന്നു പരാതി നൽകിയത്.



നേരത്തേ ക്ഷേത്ര നടപ്പന്തലിൽ കേക്കുമുറിച്ച് പിറന്നാൾ ആഘോഷിച്ച് സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചതിന് ഹൈക്കോടതിയിൽ പരാതി എത്തിയിരുന്നു. തുടർന്നാണ് നടപ്പന്തലിൽ വീഡിയോ ചിത്രീകരണം ഹൈക്കോടതി വിലക്കിയത്. മതപരമായ ചടങ്ങുകളുടേതോ, വിവാഹങ്ങളുടേതോ അല്ലാത്ത വീഡിയോ ചിത്രീകരിക്കരുതെന്നായിരുന്നു നിർദേശം. ഇതുമറികടന്നാണ് ജസ്ന വീണ്ടും റീൽസ് ചിത്രീകരിച്ചത്. കൊയിലാണ്ടി സ്വദേശിനിയാണ് ജസ്ന. ശ്രീകൃഷ്ണന്റെ ചിത്രങ്ങൾ വരച്ച് ശ്രദ്ധനേടുകയും ചിത്രം പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് സമ്മാനിക്കുകയും ചെയ്തതോടെയാണ് ജസ്ന സോഷ്യൽ മീഡിയയിൽ താരമായത്.

## ഇ ഡ്രോപ്പ് രജിസ്ട്രേഷൻ പൂർത്തിയാക്കിയില്ലെങ്കിൽ നടപടി


**തൃശ്ശൂർ :** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ പോളിങ് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഇ-ഡ്രോപ്പ് സോഫ്റ്റ്‌വേർ വഴി നൽകാനുള്ള നടപടികൾ ഇനിയും പൂർത്തിയാക്കാത്ത സ്ഥാപനമേധാവികൾക്കെതിരേ നടപടി സ്വീകരിക്കുമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ കളക്ടർ അറിയിച്ചു.അതത് തദ്ദേശസ്വയംഭരണ സ്ഥാപനസെക്രട്ടറിമാർ മുഖേന ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷൻ പൂർത്തിയാക്കി ജീവനക്കാരുടെ പട്ടിക നൽകാത്ത സ്ഥാപനമേധാവികൾക്കെതിരേ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുടെ അച്ചടക്കലംഘനമായി കണക്കാക്കിയാണ് തുടർനടപടികൾ സ്വീകരിക്കുക. കളക്ടർ മുമ്പാകെ സ്റ്റാഫ് പട്ടിക നൽകുമ്പോൾ ജില്ലയിലെ എല്ലാ എൽഎസ്ജിഡി സെക്രട്ടറിമാരും അവരവരുടെ കീഴിലുള്ള




സംസ്ഥാന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, കോർപറേഷനുകൾ, ബോർഡുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സർവകലാശാലകൾ, എയ്ഡഡ് കോളേജുകൾ/സ്കൂളുകൾ, സർക്കാർ നിയന്ത്രിത സ്വാശ്രയസ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഒരു സ്ഥാപനവും ഒഴിവാക്കിയിട്ടില്ലെന്നുമുള്ള സാക്ഷ്യപത്രം സമർപ്പിക്കണം. സ്റ്റാഫ് പട്ടിക ഇനിയും സമർപ്പിക്കാത്ത പഞ്ചായത്ത് സെക്രട്ടറിമാർ ശനിയാഴ്ചതന്നെ കളക്ടർക്ക് സമർപ്പിക്കണം.

## ഭാരതപ്പുഴയിൽ മണലെടുപ്പ് ആരംഭിച്ചു

**ചെറുതുരുത്തി :** ഭാരതപ്പുഴയിൽ ചെറുതുരുത്തി തടയണ പ്രദേശത്തുനിന്നുള്ള മണലെടുപ്പ് പുനരാരംഭിച്ചു. പുഴയിലേക്ക് വലിയ മോട്ടോർ ഇറക്കി അടിത്തട്ടിൽനിന്ന് വെള്ളത്തോടൊപ്പം മണൽ വലിച്ചെടുത്ത് കരയിൽ എത്തിച്ച് അരിച്ചെടുത്താണ് മണൽ സംഭരിക്കുന്നത്. പരിശോധനകൾക്കുശേഷം മണൽ വിൽപ്പനയും ആരംഭിക്കും. 1.05 ലക്ഷം ക്യുബിക് മീറ്റർ മണലാണ് തടയണയിൽ നിന്നെടുക്കുന്നത്. ആദ്യഘട്ട മണലെടുപ്പിന് പുറമേയാണ് രണ്ടാംഘട്ടം ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. കണ്ണൂരുള്ള കരാറുകാരാണ് സർക്കാർ നിശ്ചയിച്ച തുകയേക്കാൾ 75 ശതമാനം കൂടുതൽ തുകയ്ക്ക് മണലെടുത്തിരിക്കുന്നത്. മണലെടുപ്പ് പൂർത്തിയാകുന്നതിനു മുൻപ് മഴ തടസ്സമായതോടെ നിർത്തിയ കരാർ



നവംബറിൽ പുനരാരംഭിച്ചതാണെന്നും ജലസേചന വകുപ്പ് അധികൃതർ പറഞ്ഞു. മണലെടുപ്പ് നടത്തിയില്ലെങ്കിൽ തടയണയിൽ വെള്ളമുണ്ടാകില്ലെന്നും ചെളിയും മണലും നിറഞ്ഞത് നീക്കംചെയ്യണമെന്നുമാണ് ജലസേചന വകുപ്പിന്റെ കണ്ടെത്തൽ. എന്നാൽ മുൻകാലങ്ങളിൽ ഒരു വശത്ത് മാത്രമായി അശാസ്ത്രീയമായ മണലെടുപ്പാണ് നടന്നതെന്നും ഇത്തവണ ചെറുതുരുത്തി തടയണയിൽ സമാന്തരമായി അടിഞ്ഞുകൂടിയ മണൽ ശാസ്ത്രീയമായി നീക്കംചെയ്യണമെന്നുമുള്ള ആവശ്യം ശക്തമാണ്.

# കളിക്കുന്നതിനിടെ വീട് ഇടിഞ്ഞുവീണു; അട്ടപ്പാടിയിൽ സഹോദരങ്ങൾക്ക് ദാരുണാന്ത്യം

**പാലക്കാട്:** അട്ടപ്പാടി കരുവാര ഈരിൽ പാതി പണി കഴിഞ്ഞ വീട് ഇടിഞ്ഞ് സഹോദരങ്ങൾക്ക് ദാരുണാന്ത്യം. ആദി (7), അജ്ജിനേഷ് (4) എന്നിവരാണ് മരിച്ചത്. ബന്ധുവായ അഭിനയയ്ക്ക് (6) ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. അഭിനയ ചികിത്സയിലാണ്. മുക്കാലിയിൽ നിന്ന് നാല് കിലോമീറ്റർ വനത്തിനകത്ത് ഉള്ള ഊരിലാണ് അപകടം നടന്നത്.വനംവകുപ്പിന്റെ ജീപ്പിലാണ് അപകടത്തിൽപ്പെട്ട കുട്ടികളെ ആശുപത്രിയിൽ എത്തിച്ചത്. ആൾതാമസമില്ലാത്ത വീട്ടിൽ കുട്ടികൾ കളിക്കാൻ പോയപ്പോഴാണ് അപകടം ഉണ്ടായത്. ഈ വീടിന് അടുത്താണ് കുട്ടികളുടെ വീട്. എട്ട് വർഷമായി പാതി പണി കഴിഞ്ഞ നിലയിൽ വീട് ഉപയോഗ ശൂന്യമായി കിടക്കുകയായിരുന്നു. വീടിന്റെ സൺഷേഡിൽ നിന്നാണ് കുട്ടികൾ കളിച്ചത്. ഇതിനിടെ വീട് ഇടിഞ്ഞുവീഴുകയായിരുന്നു. മേൽക്കൂരയില്ലാത്ത വീടാണ്. കുട്ടികളുടെ മൃതദേഹം കോട്ടത്തറ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്.



## പാലക്കാട് കാർ മരത്തിലിടിച്ച് അപകടം; മൂന്ന് യുവാക്കൾക്ക് ദാരുണാന്ത്യം

**പാലക്കാട്:** നിയന്ത്രണം വിട്ട കാർ വയലിലേക്ക് മറിഞ്ഞ് മൂന്ന് യുവാക്കൾക്ക് ദാരുണാന്ത്യം. പാലക്കാട് കാടാംകോട് കനാൽ പാലത്തിന് സമീപം രാത്രി 11 മണിയോടെയാണ് അപകടമുണ്ടായത്. സുഹൃത്തുക്കളായ ആറു പേരാണ് കാറിലുണ്ടായിരുന്നത്. ഇവർ ചിറ്റൂരിൽ പോയി പാലക്കാട്ടേക്ക് തിരിച്ചുവരികയായിരുന്നു. നിയന്ത്രണംവിട്ട കാർ മരത്തിലിടിച്ചശേഷം വയലിലേക്ക് മറിയുകയായിരുന്നു.



രോഹൻ രഞ്ജിത് (24), രോഹൻ സന്തോഷ് (22), സനൂഷ് ശാന്തകുമാർ (19) എന്നിവരാണ് മരിച്ചത്. കാർ ഓടിച്ചിരുന്ന ആദിത്യൻ(23), കാറിലുണ്ടായിരുന്ന ഋഷി (24), ജിതിൻ (21) എന്നിവരെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പല സ്ഥലങ്ങളിൽ പഠിക്കുകയും ജോലി ചെയ്യുന്നവരുമാണ് ഈ ആറു പേരും. സുഹൃത്തുക്കളായ ഇവർ അവധി ദിവസം ഒരുമിച്ചുകൂടുകയും രാത്രി റൈഡിനായി പോകാറുണ്ടെന്നും പാലക്കാട് ടൗൺ സൗത്ത് പോലീസ് അറിയിച്ചു.

## വീട്ടിൽ ഒറ്റപ്പെടുന്നവർക്ക് സഹായമായി ആപ്

**പാലക്കാട്:** വീട്ടിൽ ഒറ്റപ്പെടുന്ന കിടപ്പുരോഗികൾക്കും വൃദ്ധർക്കും സഹായകമായ യന്ത്രസംവിധാനവുമായി കിളിമാനൂർ ആർ.ആർ.വി.ജി.എച്ച്.എസ്.എസിലെ പ്ലസ് ടു വിദ്യാർത്ഥികൾ. അൻസീന എ, എം.ആർ. ലക്ഷ്മി, കൃഷ്ണപ്രിയ വി.ജി എന്നിവരാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ആപ് വികസിപ്പിച്ചത്. അപരിചിതരായ ആളുകൾ വീട്ടിലെത്തിയാൽ സെൻസറുകൾ പ്രവർത്തിക്കും. ആപുമായി ബന്ധിപ്പിച്ച ബന്ധുക്കളുടെ മൊബൈൽ നമ്പരുകളിലേക്ക് സന്ദേശമെത്തും. അതിനനുസരിച്ച് പ്രവർത്തിക്കാനുമാകും. വൈ.ഐ.പി പ്രോഗ്രാമിലാണ് കുട്ടികളിത് പ്രദർശിപ്പിച്ചത്. കിടപ്പുരോഗികൾക്ക് സംസാരിച്ച് വിവരം നൽകാനുള്ള സംവിധാനവുമുണ്ട്.

## കൽപ്പാത്തി രഥോത്സവത്തിന് കൊടിയേറി

**പാലക്കാട് :**ഒരുമയുടെയും സ്നേഹത്തിന്റെയും ആഘോഷത്തിന് നാടൊരുങ്ങി. കൽപ്പാത്തിയുടെ അഗ്രഹാരവീഥികളിൽ ആഘോഷത്തിന് കൊടിയേറി. കൽപ്പാത്തി വിശാലാക്ഷീസമേത വിശ്വനാഥ ക്ഷേത്രത്തിലും പഴയ കൽപ്പാത്തി ലക്ഷ്മീനാരായണ പെരുമാൾ ക്ഷേത്രത്തിലും പുതിയ കൽപ്പാത്തി മന്തക്കര മഹാഗണപതി ക്ഷേത്രത്തിലും ചാത്തപുരം പ്രസന്ന മഹാഗണപതി ക്ഷേത്രത്തിലും ആചാരവിധിയനുസരിച്ച് കൊടിയേറ്റ് നടന്നു. 12നാണ് അഞ്ചാംതിരുനാൾ ക്ഷേത്രങ്ങളിൽനിന്നുള്ള അലങ്കരിച്ച അഞ്ച് ചെറുരഥങ്ങളിൽ ഗ്രാമ വീഥികളിലൂടെ സഞ്ചരിച്ച് പുതിയ കൽപ്പാത്തി ജങ്ഷനിൽ രാത്രി 11.30 മുതൽ 12.30 വരെ സംഗമിക്കും. 14,15, 16 തീയതികളിലാണ് രഥോത്സവം. കൽപ്പാത്തി രഥോത്സവത്തോടെ ജില്ലയിലെ അഗ്രഹാരക്ഷേത്രങ്ങളിൽ ആറുമാസം നീളുന്ന രഥോത്സവങ്ങൾക്ക് തുടക്കമാകും.




## ഗോഡൗണുകൾ മൂന്നുദിവസത്തിനകം

**പാലക്കാട്:** സഹകരണ സംഘങ്ങൾ സംഭരിക്കുന്ന നെല്ല് സൂക്ഷിക്കാൻ മൂന്ന് ദിവസത്തിനകം ഗോഡൗൺ കണ്ടെത്തും. നെല്ല് സംഭരണം സുഗമമാക്കാൻ രൂപീകരിച്ച സബ് കമ്മിറ്റിയാണ് ഗോഡൗണുകൾ കണ്ടെത്തുക. സർക്കാർ, സഹകരണ മേഖലകളിൽ ഗോഡൗണുകൾ ലഭ്യമല്ലെങ്കിൽ സ്വകാര്യമേഖലയെ സമീപിക്കും. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പ്ലാനിങ് അസിസ്റ്റന്റ് രജിസ്ട്രാർ പി ഡി അനിൽകുമാർ കൺവീനർ ആയാണ് സബ് കമ്മിറ്റി. പ്രാഥമിക കാർഷിക വായ്പ സംഘം അസോസിയേഷൻ ജില്ലാ സെക്രട്ടറി കെ എൻ സുകുമാരൻ, പ്രസിഡന്റ് എൻ പി വിനയകുമാർ, സപ്ലൈകോ പാഡി മാർക്കറ്റിങ് ഓഫീസർമാരായ ജി കവിത, ബി ജഗന്നാഥ്, കെ എ അജി, പ്രിൻസിപ്പൽ കൃഷി ഓഫീസർ എസ് ആറുമുഖ പ്രസാദ്, സർക്കിൾ സഹകരണ യൂണിയൻ ചെയർപേഴ്സൺമാരായ എം പുരുഷോത്തമൻ, സി ജി ഉണ്ണികൃഷ്ണൻ, എ സുരേന്ദ്രൻ, സുഭാഷ് ചന്ദ്രബോസ്, പാപ്കോസ് സെക്രട്ടറി അക്ഷയ് മോഹൻദാസ് എന്നിവരാണ് അംഗങ്ങൾ.



## 31 സഹകരണ സംഘങ്ങൾ നെല്ല് സംഭരിക്കും

**പാലക്കാട് :**ജില്ലയിൽ 31 സഹകരണ സംഘങ്ങൾ നെല്ല് സംഭരിക്കുമെന്ന് മന്ത്രി വി എൻ വാസവൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതിന് സബ്കമ്മിറ്റി രൂപീകരിച്ചു. നെല്ല് സംഭരണത്തിന് സഹകരണ മേഖലയെ പ്രയോജനപ്പെടുത്താൻ ചേർന്ന മന്ത്രിതല യോഗത്തിനുശേഷമാണ് മന്ത്രി ഇക്കാര്യമറിയിച്ചത്. ഗോഡൗണിന്റെ അപര്യാപ്തത പരിഹരിച്ചാൽ മറ്റ് സംഘങ്ങളും നെല്ല് സംഭരണത്തിന് തയ്യാറാകും. മില്ലുകാരുടെ ദയക്കുവേണ്ടി കർഷകർ കാത്തിരിക്കേണ്ട സാഹചര്യമുണ്ടാകരുതെന്നാണ് സർക്കാർ നിലപാട്. ജില്ലയിലെ ചില മില്ലുകാരുമായി നേരത്തെതന്നെ സഹകരണ സംഘങ്ങൾ ചർച്ച ചെയ്തു. നല്ല സമ്പത്തുള്ള ബാങ്കുകൾ നേരിട്ട് മില്ലുകാരുമായി ബന്ധപ്പെട്ട് നെല്ല് കൊടുക്കാനും അത് അരിയാക്കിയാൽ സപ്ലൈകോ ഏറ്റെടുക്കാനും തീരുമാനിച്ചു. സഹകാരികളും സർക്കാർ നിർദേശം സ്വാഗതം ചെയ്തു. നെല്ല് സംഭരണവും ഗോഡൗൺ ഒരുക്കലും നടപ്പാക്കാനാണ് സബ് കമ്മിറ്റി രൂപീകരിച്ചത്. നെല്ല് സംഭരിച്ച് ഒരാഴ്ചയ്ക്കകം കർഷകന് സർക്കാർ തീരുമാനിച്ച വില നൽകും. ഭാവിയിൽ കൂടുതൽ ഗോഡൗണുകൾ ഒരുക്കാൻ നബാർഡിന്റെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പ്രയോജനപ്പെടുത്തും. രണ്ടു കോടി രൂപ ഏഴുവർഷക്കാലത്തേക്ക് ഒരു ശതമാനം പലിശ നിരക്കിൽ ലഭ്യമാണ്. നാല് ശതമാനമാണ് നബാർഡ് പലിശ. ഇതിൽ മൂന്നു ശതമാനം സംസ്ഥാന സർക്കാർ സബ്സിഡി നൽകും. സംഘങ്ങൾക്ക് പ്രയാസം വന്നാൽ കേരള ബാങ്ക് സഹായിക്കും. പൊതുമേഖലയിൽ നെല്ല് സംഭരിക്കാൻ രണ്ട് നെല്ല് സംഭരണ സംസ്കരണവിപണന സംഘങ്ങൾ പ്രവർത്തനം തുടങ്ങും. ജില്ലയിൽ പാപ്കോസും കോട്ടയം ജില്ലയിൽ കാപ്ക്കോസും. കാപ്ക്കോസിന് ഭൂമി ഏറ്റെടുത്ത് നിർമാണ പ്രവർത്തനം തുടങ്ങി. ഫെബ്രുവരിയോടെ കമീഷൻ ചെയ്യും. പാലക്കാട് സ്ഥലം ഏറ്റെടുത്തതായും മന്ത്രി പറഞ്ഞു.





# കുരുക്കിൽ ജനം, കുരച്ചുചാടി നായ്ക്കൾ

**കോട്ടക്കൽ :**ജില്ലയിലെ പ്രധാന നഗരമാണെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പൂർണ പരാജയമാണ് കോട്ടക്കൽ നഗരസഭ. നീളുന്ന ഗതാഗതകുരുക്കും അശാസ്ത്രീയ പദ്ധതികളും വികസന മുരടിപ്പും നഗരത്തിന് യുഡിഎഫ് ഭരണ തുടർച്ചയുടെ സംഭാവനയാണ്. വർഷങ്ങളായി ഗതാഗത കുരുക്കിൽ ശ്വാസംമുട്ടുകയാണ് കോട്ടക്കൽ നഗരം. ചങ്കുവെട്ടിമുതൽ കോട്ടക്കൽ കോട്ടപ്പടി പുത്തൂർ പാലംവരെയും നീളും വാഹനങ്ങളുടെ നിര. രാവിലെമുതൽ രാത്രി ഒമ്പതുവരെ നീളുന്നതാണ് ഗതാഗത കുരുക്ക്. ആംബുലൻസ് ഉൾപ്പെടെ കുടുങ്ങിക്കിടക്കുന്നത് സ്ഥിരം കാഴ്ചയാണ്. നഗരത്തിലെ ഗതാഗത കുരുക്കിന് പരിഹാരമെന്ന നിലയിൽ ആരംഭിച്ച പുത്തൂർ ബൈപാസ് പൂർണമായും പ്രയോജനപ്പെടുത്താനും കഴിഞ്ഞിട്ടില്ല. നഗരത്തിലെ ഓവുചാലുകൾ അടഞ്ഞ നിലയിലാണ്. മഴക്കാലത്ത് വെള്ളക്കെട്ട് സ്ഥിരം. ആയുർവേദ നഗരത്തിന്റെ ഹൃദയഭാഗമായ ചങ്കുവെട്ടിയിൽ ഒരു പൊതു ശൗചാലയമില്ല. കോട്ടക്കൽ ആര്യവൈദ്യശാല ഉൾപ്പെടെ നിരവധി സ്ഥാപനങ്ങളുള്ള പ്രദേശത്ത് ദിവസവും നിരവധി പേരാണ് എത്തുന്നത്. എന്നാൽ ശൗചാലയത്തിന് 1.5 കിലോമീറ്റർ അകലെ കോട്ടക്കൽ ബസ് സ്റ്റാൻഡിൽ എത്തണം. മാസങ്ങൾ മുമ്പാണ് കോട്ടക്കൽ ബസ് സ്റ്റാൻഡ് പ്രവർത്തനസജ്ജമായത്. തുടരുന്ന അനാസ്ഥ നഗരസഭാ ഭരണസമിതിയുടെ അനാസ്ഥയിൽ ഒട്ടനവധി പദ്ധതികളാണ് നഷ്ടമായത്. വികസന പദ്ധതികൾ പ്രഖ്യാപനത്തിൽ ഒതുങ്ങുകയും ചെയ്തു. ഹരിതകർമസേന ശേഖരിക്കുന്ന മാലിന്യം ശാസ്ത്രീയമായി സൂക്ഷിക്കാൻ സംവിധാനമില്ല. ആധുനിക അറവുശാല ഇന്നും വാഗ്ദാനം മാത്രം. പൊതുശ്മശാനം എന്നതും ആവശ്യമായി തുടരുകയാണ്. അഞ്ചുവർഷം; മൂന്ന് അധ്യക്ഷർ അസ്ഥിരതയുടെ ഭരണമാതൃകയാണ് അഞ്ചുവർഷത്തെ ലീഗ് ഭരണസമിതി. ഇതുവരെ മൂന്ന് ചെയർപേഴ്സൺമാരാണ് ചുമതലയേറ്റത്. ഇത് നഗരത്തിന്റെ വികസനത്തെയും സാരമായി ബാധിച്ചു. ആദ്യ ചെയർപേഴ്സൺ ബുഷ്റ ഷെബീറിനെ മാറ്റിയത് പൊട്ടിത്തെറിയുണ്ടാക്കി. 2023ൽ ചെയർപേഴ്സൺ തെരഞ്ഞെടുപ്പിൽ ലീഗിന്റെ കണക്കുകൂട്ടൽ തെറ്റിച്ച് വിമത മുഹ്സിന പൂവൻമഠത്തിൽ അധ്യക്ഷയായി. പിന്നീട് ചെയർപേഴ്സണും വൈസ് ചെയർപേഴ്സണും രാജിവച്ചു. 20232024ൽ ലീഗിലെ ഡോ. കെ ഹനീഷ ചെയർപേഴ്സണായി. വേണം സുരക്ഷ; ?സമരവുമായി ?ലീഗ് നേതാവും നഗരത്തിലെ തെരുവുനായ ശല്യത്തിന് യാതൊരു പരിഹാരവുമില്ല. ജനങ്ങൾക്ക് സുരക്ഷയൊരുക്കണമെന്ന ആവശ്യവുമായി മുസ്ലിംലീഗ് നേതാവ് തന്നെ സത്യഗ്രഹ സമരവുമായി രംഗത്തെത്തി. മകളെ തെരുവുനായ ആക്രമിച്ച് പരിക്കേൽപ്പിച്ചതിൽ നഗരസഭയ്ക്ക് പരാതി നൽകിയിട്ടും നടപടിയില്ലാത്തതിനാലായിരുന്നു സമരം. പണിക്കർക്കുണ്ടിലെ ലീഗ് നേതാവായ കറുത്തേടത്ത് കെ എം സ്വാലിഹാണ് നഗരസഭാ കാര്യാലയത്തിനു മുന്നിൽ സത്യഗ്രഹമിരുന്നത്.



## ആത്മീയ വ്യവസായത്തിനെതിരെ സംവാദം

**മലപ്പുറം :**പുരോഗമന കലാസാഹിത്യ സംഘം ജില്ലാ കമ്മിറ്റി നേതൃത്വത്തിൽ ആത്മീയ വ്യവസായത്തിനും വർഗീയ രാഷ്ട്രീയത്തിനുമെതിരെ സംവാദം സംഘടിപ്പിച്ചു. പ്രഭാഷകൻ കെ ഇ എൻ ഉദ്ഘാടനംചെയ്തു. കോർപറേറ്റ് ആൾദൈവങ്ങളെ തൊടാൻപോലും പറ്റാത്തതരത്തിൽ ആത്മീയ വ്യവസായം വളർന്നെന്ന് അദ്ദേഹം പറഞ്ഞു. ആത്മീയ വ്യവസായത്തിൽ മതത്തേക്കാൾ ജാതീയതയ്ക്കാണ് പ്രാധാന്യം. ഇതാണ് ഇന്ത്യൻ ഫാസിസത്തിന്റെ അടിത്തറയെന്നും കെ ഇ എൻ പറഞ്ഞു. ജില്ലാ പ്രസിഡന്റ് ഡോ. ഉണ്ണി ആമപ്പാറക്കൽ അധ്യക്ഷനായി. സംസ്ഥാന സമിതി അംഗങ്ങളായ ബഷീർ ചുങ്കത്തറ, ഡെയ്സി മഠത്തിശേരി, ശോഭനകുമാരി, എ ശ്രീധരൻ, ജ്യോതിബോസ്, മണിലാൽ എന്നിവർ സംസാരിച്ചു. സുധാകരൻ കോട്ടക്കൽ, സുരേഷ് പുല്ലാട്ട് എന്നിവർ കവിത അവതരിപ്പിച്ചു. സംഘം ജില്ലാ സെക്രട്ടറി അസീസ് തുവ്വൂർ സ്വാഗതവും മേഖലാ സെക്രട്ടറി കെ ആർ നാൻസി നന്ദിയും പറഞ്ഞു.

## ഗൃഹോപകരണ കടയിൽ വൻ തീപിടിത്തം; 2 പേരെ രക്ഷിച്ചു

**കോട്ടക്കൽ** നഗരത്തിലെ ഗൃഹോപകരണ കടയിൽ വൻ തീപിടിത്തം. കെട്ടിടത്തിൽ കുടുങ്ങിയവരെ അഗ്നിരക്ഷാസേന രക്ഷപ്പെടുത്തി. കോട്ടക്കൽ ടൗണിൽ ഗൃഹോപകരണ സാധനങ്ങൾ വിൽക്കുന്ന എംആർ ഏജൻസീസിലാണ് ശനി പുലർച്ചെ തീപിടിച്ചത്. കെട്ടിടത്തിനകത്ത് കുടുങ്ങിയ രണ്ടു പേരെ അഗ്നിരക്ഷാസേന രക്ഷപ്പെടുത്തി. കാസർകോട് മൊഗ്രാൽ സ്വദേശികളായ റിഫായി (18), നൗഫൽ (26) എന്നിവരെയാണ് രക്ഷിച്ചത്. ഇരുവരെയും കോട്ടക്കലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.മുമ്പ് ജ്വല്ലറിയായിരുന്ന ഇരുനില കെട്ടിടത്തിലാണ് കൊല്ലം ഓച്ചിറ സ്വദേശി പുത്തൻ വീട്ടിൽ തെക്കേതിൽ മുജീബിന്റെ ഉടമസ്ഥതയിലുള്ള ഗൃഹോപകരണ സ്ഥാപനം പ്രവർത്തിക്കുന്നത്. തീപിടിച്ച സമയത്ത് കെട്ടിടത്തിൽ മൂന്നുപേർ ഉറങ്ങുന്നുണ്ടായിരുന്നു. തീയും പുകയും ഉയരുന്നത് കണ്ട ജീവനക്കാരാണ് അപകടവിവരം ആദ്യമറിയുന്നത്. പുറത്തിറങ്ങാനുള്ള വഴികളിൽ തീ പടർന്നപ്പോൾ കാസർകോട് നെല്ലിക്കുന്ന് സ്വദേശി അഷ്കർ സുനൈഫ് (30) തൊട്ടടുത്ത കെട്ടിടത്തിലേക്ക് കയറി മരത്തിലൂടെ താഴെ ഇറങ്ങി മറ്റുള്ളവരെ അറിയിച്ചു. അഗ്നിരക്ഷാ സേനാംഗങ്ങളായ കെ സുധീഷ്, അക്ഷയ് രാജീവ് എന്നിവർ ശ്വസനോപകരണങ്ങൾ ഉപയോഗിച്ച് കെട്ടിടത്തിനുള്ളിൽ കയറി റൂഫ് തകർത്ത് അബോധാവസ്ഥയിലായ മറ്റ് രണ്ടുപേരയും പുറത്തെത്തിച്ചു. ഒരാളെ കോണിയിലൂടെയും ഒരാളെ സ്ട്രക്ചറിലുമാണ് രക്ഷിച്ചത്. കെട്ടിടത്തിന്റെ ഇരുവശങ്ങളിലും നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ആശങ്കയായിരുന്നു. മലപ്പുറം, പെരിന്തൽമണ്ണ, തിരൂർ, താനൂർ, മഞ്ചേരി എന്നിവിടങ്ങളിൽനിന്ന് എട്ട് ഫയർ യൂണിറ്റുകൾ എത്തിയാണ് തീയണച്ചത്. രക്ഷാപ്രവർത്തനത്തിന് മലപ്പുറം ജില്ലാ ഫയർ ഓഫീസർ ടി അനൂപ്, സ്റ്റേഷൻ ഓഫീസർമാരായ സി ബാബുരാജൻ, എം രാജേന്ദ്രനാഥ്, ഇ കെ അബ്ദുൾ സലിം എന്നിവർ നേതൃത്വം നൽകി.



# വേങ്ങര ഉപജില്ലാ കലോത്സവം; പികെഎംഎംഎച്ച്എസ്എസ് ജേതാക്കൾ

**കുറ്റൂർ നോർത്ത് :** കെഎംഎച്ച്എസ്എസിൽ സംഘടിപ്പിച്ച വേങ്ങര ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ എടരിക്കോട് പികെഎംഎംഎച്ച്എസ്എസ് ഓവറോൾ കിരീടം നേടി. ഹയർസെക്കൻഡറി, ഹൈസ്കൂൾവിഭാഗം ജനറൽ, ഹൈസ്കൂൾ വിഭാഗം സംസ്കൃതോത്സവം, അറബി കലോത്സവം എന്നിവയിലാണ് പികെഎംഎം ഒന്നാമതെത്തിയത്. ഹയർസെക്കൻഡറി ജനറൽ വിഭാഗത്തിൽ ജിഎം എച്ച്എസ്എസ് സിയു കാമ്പസ്, ചേറൂർ പിപിടിവൈ എംഎച്ച്എസ്എസ് എന്നിവയും ഹൈസ്കൂൾ ജനറൽ വിഭാഗത്തിൽ ചേറൂർ പിപിടിവൈ എംഎച്ച്എസ്എസ്, തേഞ്ഞിപ്പലം സെയ്ന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവയും സംസ്കൃതത്തിൽ ചേറൂർ പിപിടിവൈഎംഎച്ച്എസ്എസ്, കുറ്റൂർ നോർത്ത് കെഎം എച്ച്എസ്എസ് എന്നിവയും അറബി കലോത്സവത്തിൽ ചേറൂർ പിപിടിവൈഎംഎച്ച്എസ്എസ്, പറപ്പൂർ ഐയു എച്ച്എസ്എസ് എന്നീ സ്കൂളുകളുമാണ് യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയത്. മത്സരഫലങ്ങൾ ആദ്യ മൂന്ന് സ്ഥാനങ്ങൾ യഥാക്രമം:- യുപി ജനറൽ: ചാത്രത്തൊടി എകെഎച്ച്എംയുപിഎസ്, കാരാത്തോട് പിഎംഎസ്എഎം യുപിഎസ്, എടക്കാപറമ്പ എയുപിഎസ്. എൽപി: ഇരിങ്ങല്ലൂർ എഎം എൽപിഎസ്, പുതിയത്തുപുറായ എഎംഎൽപിഎസ്, തൂമ്പത്ത് പറമ്പ എഎംഎൽപിഎസ്. സംസ്കൃതോത്സവം യുപി: എടക്കാപറമ്പ എയുപിഎസ്, ചാത്രത്തൊടി എകെഎച്ച്എം യുപിഎസ്, നെല്ലിപ്പറമ്പ പിഎംഎഎം യുപിഎസ്. അറബി കലോത്സവം (യുപി): നെല്ലിപ്പറമ്പ പിഎംഎഎം യുപിഎസ്, ക്ലാരി ജിയുപിഎസ്, ചാത്രത്തൊടി എകെഎച്ച്എം യുപിഎസ്. എൽപി: അറക്കൽ പുള്ളിത്തറ എഎം എൽപിഎസ്, പെരുവള്ളൂർ ജിഎൽപിഎസ്, ഇരിങ്ങല്ലൂർ എഎംഎൽപിഎസ്. സമാപനസമ്മേളനം വേങ്ങര ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ.പി. ഹസീനാ ഫസൽ ഉദ്ഘാടനം ചെയ്തു. മാനേജർ കെ.പി. ഹുസൈൻ അധ്യക്ഷനായി. എഇഒ ടി. ഷർമിളി, പ്രിൻസിപ്പൽ എലിസബത്ത് നൈനാൻ, പ്രഥമാധ്യാപിക എസ്. ഗീത, പിടിഎ പ്രസിഡന്റ് എം.സി. അസീസ്, വി. ഫുആദ് തുടങ്ങിയവർ പ്രസംഗിച്ചു.




## മാറഞ്ചേരി ജി എച്ച്എസ്എസ് ഭൂമിയുടെ ആധാരം ഏറ്റുവാങ്ങി

**പൊന്നാനി:** വിദ്യാഭ്യാസ മേഖലയുടെ ക്രിയാത്മകമായ മുന്നേറ്റത്തിന് പൊതുപ്രവർത്തകരും അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും ഒരുമിച്ച് നിൽക്കണമെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. മാറഞ്ചേരി ഗവ. ഹയർ സെക്കഡറി സ്കൂളിനായി വാങ്ങിയ സ്ഥലത്തിന്റെ ആധാരം ഏറ്റുവാങ്ങുകയായിരുന്നു മന്ത്രി. പി നന്ദകുമാർ എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒരു കോടി ഉപയോഗിച്ച് 46.98 സെന്റ് ഭൂമിയാണ് വാങ്ങിയത്. സംസ്ഥാനത്ത് ആദ്യമായാണ് ഭൂമി വാങ്ങാൻ എംഎൽഎ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത്. സ്ഥലം ലഭ്യമായതോടെ അടുത്ത അധ്യയനവർഷത്തിൽ തന്നെ പുതിയ കെട്ടിടത്തിന് തുക അനുവദിക്കുമെന്ന് മന്ത്രി പറഞ്ഞു. പി നന്ദകുമാർ എംഎൽഎ അധ്യക്ഷനായി. പ്രൊജക്ട് കോഓർഡിനേറ്റർ സി വി ഇബ്രാഹിം റിപ്പോർട്ടവതരിപ്പിച്ചു. വഖഫ് ബോർഡ് ചെയർമാൻ അഡ്വ. എം കെ സക്കീർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഇ സിന്ധു, പഞ്ചായത്ത് പ്രസിഡന്റ് പി ബീന, വൈസ് പ്രസിഡന്റ് അബ്ദുൽ അസീസ്, വാർഡ് മെമ്പർ ടി മാധവൻ, പിടിഎ പ്രസിഡന്റ് ബഷീർ ഒറ്റകത്ത് എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ ഡോ. എം എസ് ലൗലി സ്വാഗതവും പ്രധാനാധ്യാപിക എ കെ സരസ്വതി നന്ദിയും പറഞ്ഞു.



# ഉള്ളത് രണ്ട് എ.ബി.സി സെന്റർ; പൊറുതിമുട്ടി കോഴിക്കോട്



**കോഴിക്കോട്:** പൊതു ഇടങ്ങളിൽ നിന്നും തെരുവുനായ്ക്കളെ സമയബന്ധിതമായി നീക്കണമെന്ന് സുപ്രീംകോടതി കോടതി നിലപാട് കടുപ്പിക്കുമ്പോൾ എങ്ങനെ നടപ്പിലാക്കുമെന്നതിൽ ആശങ്ക. തെരുവിൽ അലയുന്ന മുഴുവൻ നായ്ക്കളെയും പിടികൂടി വന്ധ്യംകരിച്ച് വാക്സിൻ നൽകി മൂന്നാഴ്ചയ്ക്കകം ഷെൽട്ടറിലാക്കണമെന്നാണ് ഉത്തരവ്. ഇവയെ പിടികൂടിയ സ്ഥലത്ത് തുറന്നുവിടരുത് എന്നും കോടതി പറഞ്ഞതിനാൽ പലയിടങ്ങളിലായി ഷെൽട്ടറുകൾ സ്ഥാപിക്കേണ്ടി വരും. എന്നാൽ പലയിടങ്ങളിൽ നായകൾക്കായി ഷെൽട്ടറുകൾ തുറക്കുന്നത് തദ്ദേശസ്ഥാപനങ്ങൾക്ക് വെല്ലുവിളിയാകുകയാണ്. ഷെൽട്ടറുകൾ സ്ഥാപിക്കാൻ ജനവാസം കുറഞ്ഞ സ്ഥലങ്ങൾ ലഭിക്കാനും പ്രയാസമാണന്നാണ് അധികൃതർ പറയുന്നത്.



വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വേലി, മതിൽ, ഗേറ്റ് സ്ഥാപിക്കുന്നതും പ്രതിസന്ധിയാണ്. പിടികൂടുന്ന നായകളെ വേഗം തന്നെ വന്ധ്യംകരണം നടത്തി ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റാനായി ജില്ലയിൽ ആകെയുള്ളത് രണ്ട് എ.ബി.സി കേന്ദ്രങ്ങൾ മാത്രം. കോർപ്പറേഷന് കീഴിൽ പൂളാടിക്കുന്നിൽ പ്രവർത്തിക്കുന്ന കേന്ദ്രവും മൃഗസംരക്ഷണ വകുപ്പിനു കീഴിൽ ബാലുശേരിയിൽ പ്രവർത്തിക്കുന്ന കേന്ദ്രവും. ഇവിടെ ദിനം പ്രതി 10 മുതൽ 12 വരെ വന്ധ്യംകരണ ശസ്ത്രക്രിയകളാണ് നടക്കുന്നത്. ഓരോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലും ഒരു എ.ബി.സി സെന്റർ വീതം സജ്ജമാക്കാൻ ജില്ലാ പഞ്ചായത്ത് നടപടി ആരംഭിച്ചെങ്കിലും പൂർത്തിയായില്ല. 2019 ലെ സർവേ അനുസരിച്ച് 13,182 തെരുവുനായകളെയാണ് കോർപറേഷൻ പരിധിയിൽ കണ്ടെത്തിയിട്ടുള്ളത്. ഇത് ഇരട്ടിയിലധികമായിട്ടുണ്ടാവും. ഇത്രയും നായകളെ ചുരുങ്ങിയ സമയം കൊണ്ട് വന്ധംകരിക്കുന്നതും പ്രയാസമാണ്. 2019 മുതൽ ഇതുവരെ 14,800 തെരുവുനായകളെയാണ് വന്ധ്യംകരണത്തിന് വിധേയമാക്കിയത്. നായകൾക്കായി ഡോഗ് പാർക്ക് ഒരുക്കുന്ന കോർപറേഷൻ പദ്ധതിയും ഇഴയുന്നു. പദ്ധതിക്ക് കൗൺസിൽ യോഗത്തിൽ അനുമതിയായെങ്കിലും ഇതുവരെ താത്പര്യപത്രം വിളിച്ചിട്ടില്ല. അനുകൂലമായ സ്ഥലം ലഭിച്ചാൽ നായകളെ പ്രത്യേകം താമസിപ്പിക്കുന്ന രീതിയിലുള്ള പാർക്കാണ് സജ്ജമാക്കുക. 202425 ബജറ്റിൽ നിർദേശിച്ച പദ്ധതിയാണ് പൂർത്തീകരിക്കാനൊരുങ്ങുന്നത്. നഗരത്തിനുള്ളിലോ പുറത്തോ ജനവാസം കുറഞ്ഞ സ്ഥലത്താവും പാർക്ക് നിർമ്മിക്കുക.

## സ്മാർട്ട് അങ്കണവാടി ഉദ്ഘാടനം

**മേപ്പയ്യൂർ:** ത്രിതല പഞ്ചായത്ത് 2025 -26 വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ അരിക്കുളം ഗ്രാമപഞ്ചായത്തിലെ കോട്ടുകുന്ന് സ്മാർട്ട് അങ്കണവാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി ഉദ്ഘാടനം ചെയ്തു. 25 ലക്ഷം രൂപ മതിപ്പു ചെലവിലാണിതിന്റെ നിർമാണം. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.എം. സുഗതൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ എം.പി. ശിവാനന്ദൻ മുഖ്യാതിഥിയായി. കെ.പി രജനി, എം പ്രകാശൻ, എൻ.വി. നജീഷ് കുമാർ, സി.രാധ, എ.കെ അടിയോടി, വി.ബഷീർ, ടി.ടി.ശങ്കരൻ നായർ, സി.വിനോദൻ, വി.എം അർഷാദ്, എം.കെ രാഗീഷ്, അഷറഫ് വള്ളോട്ട്, പി. ദാമോദരൻ, പ്രിയ പ്രസംഗിച്ചു.

## വടകര – വില്യാപ്പള്ളി – ചേലക്കാട് റോഡ് പ്രവൃത്തി ഉദ്ഘാടനം ചെയ്തു



**വടകര :** വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തി ഉദ്ഘാടനം മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഓൺലൈനായി നിർവഹിച്ചു. ചടങ്ങിൽ കെ.പി. കുഞ്ഞമ്മത് കുട്ടി എംഎൽഎ അധ്യക്ഷത വഹിച്ചു. എംഎൽഎമാരായ ഇ.കെ. വിജയൻ, കെ.കെ. രമ, കെആർഎഫ്ബി എക്സിക്യൂട്ടീവ് എൻജിനീയർ പി.ബി. ബൈജു, തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം. ലീന, വടകര നഗരസഭാ ചെയർപേഴ്സൺ കെ.പി. ബിന്ദു, പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.കെ. ബിജുള, എൻ. അബ്ദുൽ ഹമീദ്, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിവർ സംസാരിച്ചു.വില്യാപ്പള്ളി അക്ലോത്ത്നടമുതൽ ചേലക്കാടുവരെയുള്ള 13.3 കിലോമീറ്റർ റോഡാണ് നവീകരിക്കുന്നത്. 61.71 കോടിരൂപ ചെലവഴിച്ചാണ് പ്രവൃത്തി നടത്തുക. യുഎൽസിസിഎസാണ് കരാർ ഏറ്റെടുത്തത്. ഒന്നരവർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് പദ്ധതി. ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾ, ഓവുചാൽ, നടപ്പാത, മണ്ണിടിച്ചിൽ തടയുന്നതിനായി ബ്രസ്റ്റ് വാൾ, റീട്ടെയ് നിങ് വാൾ എന്നിവ നിർമിക്കും. റോഡിന് ആവശ്യമായ സ്ഥലം ഉടമകളിൽനിന്ന് സൗജന്യമായാണ് ലഭ്യമാക്കുന്നത്.

## താൽക്കാലിക അവയവമാറ്റ ആശുപത്രി: നിർമാണ പ്രവൃത്തികൾക്ക്തുടക്കം

**കോഴിക്കോട്** :ചേവായൂരിൽ നിർമിക്കുന്ന അവയവമാറ്റ ആശുപത്രിയുടെ മുന്നോടിയായി ഗവ. മെഡിക്കൽ കോളേജിൽ സജ്ജമാക്കുന്ന താൽക്കാലിക അവയമാറ്റ ആശുപത്രിയിൽ നിർമാണ പ്രവൃത്തികൾക്ക് തുടക്കമായി. പിഎംഎസ്എസ്വൈ ബ്ലോക്കിൽ വാർഡ്, തിയറ്റർ, ഒപി എന്നിവ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കും. തുടർന്ന് ഉപകരണങ്ങൾ സജ്ജീകരിക്കും. ഇത് അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.



ഉപകരണങ്ങൾക്കും ശേഷിക്കുന്ന നിർമാണ പ്രവർത്തനങ്ങൾക്കുമായി 14 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. ശസ്ത്രക്രിയാ മുറികൾക്ക് വേണ്ട മറ്റെല്ലാ ഉപകരണങ്ങളും കിടക്കകളും നേരത്തെ സജ്ജീകരിച്ചതാണ്. യൂറോളജി, പ്ലാസ്റ്റിക് സർജറി എന്നിവയുടെ തിയറ്ററുകളാണ് താൽക്കാലിക അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി മാറ്റിയത്. അടുത്ത വർഷം ആദ്യം താൽക്കാലികാശുപത്രി തുടങ്ങാനാവുമെന്നാണ് പ്രതീക്ഷ.
അവയവമാറ്റ ആശുപത്രിയുടെ (ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂഷൻ) ഡിപിആർ തയ്യാറാക്കിയതാണ്. കിഫ്ബി പരിശോധിച്ച് അംഗീകരിക്കുന്നതോടെ ടെൻഡർ അടക്കമുള്ള തുടർനടപടികളിലേക്ക് നീങ്ങും. 643 കോടി രൂപയുടെ പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പാക്കുക. ആറ് നിലയിൽ നാല് ബ്ലോക്കുകളിലായി നിർമിക്കുന്ന ആശുപത്രിയുടെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി എച്ച്എൽഎൽ ഇൻഫ്രാടെക് സീരീസാണ്.





## കെ.എസ്.ആർ.ടി.സി ഡിപ്പോ യാർഡ് നവീകരണ പ്രവൃത്തികൾ ഉദ്ഘാടനം ചെയ്തു

**മാനന്തവാടി :** കെ.എസ്.ആർ.ടി. സി ഡിപ്പോയിലെ യാർഡ് നവീകരണ പ്രവൃത്തികൾ പട്ടികജാതി - പട്ടികവർഗ്ഗ - പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു ഉദ്ഘാടനം ചെയ്തു. സംസ്ഥാന ബജറ്റിൽ അനുവദിച്ച രണ്ട് കോടി രൂപ വിനിയോഗിച്ചാണ് യാർഡ് നവീകരിക്കുന്നത്. നിലവിൽ മഴക്കാലത്ത് ചെളിക്കളമായി മാറുന്ന യാർഡിൽ കോൺക്രീറ്റ് ചെയ്ത് വെള്ളം ഒഴുകാനുള്ള സൗകര്യമുൾപ്പെടെ ഏർപ്പെടുത്തിയാണ് നവീകരിക്കുക..മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി അധ്യക്ഷനായ പരിപാടിയിൽ മാനന്തവാടി നഗരസഭ കൗൺസിലർ അരുൺ കുമാർ, മാനന്തവാടി കെ.എസ്.ആർ.ടി.സി ഡി.ടി.ഒ പി. അനിൽകുമാർ, പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എൻജിനീയർ ദിവ്യ, സംഘടനാ പ്രതിനിധികളായ സുനിൽ കുമാർ, ടി.വി സന്തോഷ് കുമാർ, കെ.ജെ റോയ്, അൻവർ സാദിഖ്, എം.പി ജ്ഞാനദാസൻ, മനീഷ് ഭാസ്ക്കർ, കെ.എസ്.ആർ.ടി.സി ജീവനക്കാർ, നാട്ടുകാർ എന്നിവർ പങ്കെടുത്തു.

## ജില്ലയ്ക്ക് ദേശീയ അംഗീകാരം; നീതി ആയോഗിന്റെ യൂസ് കേസ് ചലഞ്ചിൽ നാല് പുരസ്കാരങ്ങൾ

**ബത്തേരി:**ജില്ലാ ഭരണകൂടം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിവിധ മേഖലകളിൽ നടപ്പാക്കിയ പദ്ധതികൾക്ക് നീതി ആയോഗിന്റെ അംഗീകാരം. രാജ്യത്തെ ആസ്പിരേഷണൽ ജില്ലകൾക്കും ബ്ലോക്കുകൾക്കുമായി നീതി ആയോഗ് പ്രഖ്യാപിച്ച നീതി ഫോർ സ്റ്റേറ്റ്സ് യൂസ് കേസ് ചലഞ്ചിൽ നാല് പുരസ്കാരങ്ങളാണ് ജില്ല സ്വന്തമാക്കിയതെന്ന് കളക്ടർ ഡി.ആർ മേഘശ്രീ അറിയിച്ചു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാ ഭരണകൂടം നടപ്പാക്കിയ സുരക്ഷ ക്യാമ്പയിന് ദേശീയ തലത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു. സുൽത്താൻ ബത്തേരി ബ്ലോക്കിൽ നടപ്പാക്കിയ മൂന്ന് പദ്ധതികളും നീതി ആയോഗിന്റെ പുരസ്കാരങ്ങൾക്ക് അർഹമായി. അർഹരായ എല്ലാവരെയും സാമൂഹിക സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടാണ് ജില്ലാ ഭരണകൂടം സുരക്ഷാ ക്യാമ്പയിൻ നടപ്പാക്കിയത്. ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ നടത്തിയ പ്രവർത്തനത്തെ സാമ്പത്തിക ഉൾചേരലും നൈപുണി വികസനവും ഉൾപ്പെട്ട വിഭാഗത്തിലാണ് നീതി ആയോഗ് പുരസ്കാരത്തിന് തെരഞ്ഞെടുത്തത്. വെല്ലുവിളികൾ അതിജീവിച്ച് സാധ്യമാക്കിയ മാതൃകാപരമായ നേട്ടത്തിന് ജില്ലയ്ക്ക് രണ്ട് ലക്ഷം രൂപ അവാർഡ് തുകയായി ലഭിക്കും. ആസ്പിരേഷണൽ ബ്ലോക്കുകളിലെ മികച്ച പ്രവർത്തനങ്ങൾക്ക് സുൽത്താൻ ബത്തേരി ബ്ലോക്കിന് മൂന്ന് പുരസ്കാരങ്ങളാണ് ലഭിച്ചു. ആരോഗ്യ-പോഷകാഹാര മേഖലയിലെ പ്രവർത്തനങ്ങൾക്ക് രണ്ട് അവാർഡും വിദ്യാഭ്യാസ മേഖയിലെ നേട്ടത്തിന് ഒരു അവാർഡുമാണ് സുൽത്താൻ ബത്തേരിക്ക് ലഭിച്ചത്. ഗോത്ര മേഖലയിലെ സ്ത്രീകൾക്ക് മെച്ചപ്പെട്ട ഗർഭകാല പരിചരണം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ, അർഹരായവർക്ക് സാമൂഹിക സുരക്ഷാ പദ്ധതികൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച പ്രവർത്തനങ്ങൾ, ആദിവാസി മേഖലകളിലെ സ്കൂളുകളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ സ്വീകരിച്ച നടപടികൾക്കാണ് യൂസ് കേസ് അംഗീകാരത്തിന് ജില്ല അർഹമായത്. മൂന്ന് പുരസ്കാരങ്ങൾക്കും ഓരോ ലക്ഷം രൂപ വീതം അവാർഡ് തുകയായി ലഭിക്കും.രാജ്യത്തെ ആസ്പിരേഷണൽ ജില്ലകളിലും ബ്ലോക്കുകളിലും നടപ്പാക്കുന്ന വികസന പദ്ധതികൾക്ക് മുന്നിലെ വെല്ലുവിളികൾ നേരിട്ട് അവയ്ക്ക പരിഹാരം കണ്ടെത്താനുള്ള മാതൃകാപരമായ ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കാനാണ് കഴിഞ്ഞ വർഷം ഡിസംബറിൽ നീതി ആയോഗ് നീതി ഫോർ സ്റ്റേറ്റ്സ് യൂസ് കേസ് ചലഞ്ച് പ്രഖ്യാപിച്ചത്. ആറ് മേഖലകളിലെ പ്രവർത്തനങ്ങളാണ് ഇതിനായി മാനദണ്ഡമാക്കിയത്. തുടർന്ന് വിവിധ സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി പുരസ്കാരാർഹരായ ജില്ലകളെയും ബ്ലോക്കുകളെയും ദേശീയതലത്തിൽ തെരഞ്ഞെടുക്കുകയായിരുന്നു.



## അറുപതാം വയസ്സിൽ അങ്കം കുറിക്കാൻ അയ്യപ്പേട്ടൻ

**കൽപ്പറ്റ:** 45 വർഷങ്ങൾക്കു മുമ്പ് ഒൻപതാം ക്ലാസിൽ ഉപേക്ഷിച്ച സ്വപ്നങ്ങൾക്കു വേണ്ടി അറുപതാം വയസ്സിൽ ചിറകു വിരിക്കുകയാണ് അയ്യപ്പൻ. എസ്.കെ.എം.ജെ ഹൈസ്കൂളിൽ നടന്ന പത്താംതരം തുല്യതാ പരീക്ഷയുടെ ആദ്യ ദിനത്തിൽ ഏറെ സന്തോഷത്തിലാണ് അയ്യപ്പനെത്തിയത്. റേഷൻ കടയിലെ സെയിൽസ്മാനായ അദ്ദേഹം പരീക്ഷ കഴിയുംവരെ പകരക്കാരനെ കട ഏൽപ്പിച്ചാണ് പരീക്ഷയെഴുതുന്നത്. ആദ്യ പരീക്ഷയായ മലയാളത്തിന് നല്ല മാർക്ക് ലഭിക്കുമെന്ന പ്രതീക്ഷയും പങ്കുവെച്ചു. പ്രായമുള്ള പഠിതാക്കൾക്കുള്ള തുല്യതാ പരീക്ഷയിൽ ഒരു ദിവസം രണ്ട് പരീക്ഷ നടത്തുന്നതിൽ അൽപം പരിഭവവും



അദ്ദേഹത്തിനുണ്ട്. വെങ്ങപ്പള്ളി സ്വദേശിയായ അയ്യപ്പൻ അവിവാഹിതനാണ്.ഭിന്നശേഷിക്കാരനായ നിതിനും പരീക്ഷ സഹായിയായ വൈഗയുമൊത്ത് ഇന്നത്തെ പത്താംതരം തുല്യത പരീക്ഷ എഴുതാനെത്തി. സഹോദരിമാരായ ജെസിയയും വാഹിദയും മത്സരിച്ച് പഠിച്ചാണ് പരീക്ഷക്ക് എത്തിയത്. ദമ്പതികളായ 40 കാരൻ അസീസും 39 കാരി സുനീറയും മകളുടെ കൂടെ പ്ലസ് ടു പഠിക്കണമെന്ന ആഗ്രഹത്തോടെ പത്താം തരം തുല്യതയെഴുതുകയാണ്.

## ആഗ്രഹവും സ്വപ്നവും ഇടകലർന്നപ്പോൾ പഠനം വീണ്ടെടുക്കാൻ റസീന

**കാവുമന്ദം:**ആഗ്രഹവും സ്വപനവും ഒത്തുചേർന്നപ്പോൾ പഠനം വീണ്ടെടുക്കാൻ റസീന പത്താംതരം തുല്യതാ പരീക്ഷയെഴുതി. ജന്മനാ ഭിന്നശേഷിക്കാരിയായ 50 വയസുകാരി റസീന ഡിഗ്രി പഠന മോഹവുമായാണ് തുല്യതാ പരീക്ഷക്കെത്തിയത്. ശാരീരിക അവശതകൾ കാരണം സ്കൂളിൽ പോയി ഒരു ക്ലാസിൽ പോലും പഠിക്കാൻ കഴിയാതിരുന്ന റസീന സാക്ഷരതാ പരിപാടിയിലൂടെയാണ് ആദ്യാക്ഷരം കുറിച്ചുത്. നാലാം തരം, ഏഴാം തരം തുല്യതാ പഠനങ്ങൾ പൂർത്തിയാക്കി ഈ വർഷം പത്താം തരം തുല്യതാ ക്ലാസിൽ അഡ്മിഷനെടുത്തു. കൽപ്പറ്റ



ടൗണിനടുത്തുള്ള വീട്ടിൽ ഒറ്റയ്ക്കാണ് റസീനയുടെ താമസം. ഉമ്മയുടെ മരണശേഷം അയൽവാസിയായ താജുന്നിസയുടെ പ്രോത്സാഹനവും പിന്തുണയുമാണ് ഒപ്പം. സ്വന്തം പ്രയത്നത്തിലൂടെ തയ്യലും റസീന വശമാക്കായിട്ടുണ്ട്. പത്താം തരം നല്ല മാർക്കോടെ വിജയിച്ച് പന്ത്രണ്ടാം ക്ലാസും കടന്ന് ഡിഗ്രിയും നേടണമെന്നാണ് റസീനയുടെ ആഗ്രഹം.

## ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഇതാദ്യം; റിവിഷൻ ടോട്ടൽ ഹിപ് റീപ്ലേസ്മെന്റ് ശസ്ത്രക്രിയ വിജയവുമായി വൈത്തിരി താലൂക്ക് ആശുപത്രി

**വൈത്തിരി:** അതീവ സങ്കീർണമായ റിവിഷൻ ടോട്ടൽ ഹിപ് റീപ്ലേസ്മെന്റ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി വൈത്തിരി താലൂക്ക് ആശുപത്രി. വർഷങ്ങൾക്ക് മുമ്പ് മറ്റൊരു ആശുപത്രിയിൽ ഇടുപ്പ് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയനായ വ്യക്തിക്ക് പിന്നീട് ശാരീരിക ബുദ്ധിമുട്ടുകളും സങ്കീർണതകളുമുണ്ടായതിനെ തുടർന്ന് വീണ്ടും ശസ്ത്രക്രിയ നടത്തി ഇടുപ്പ് പൂർണമായി മാറ്റിവെയ്ക്കുകയായിരുന്നു. ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ആദ്യമായാണ് റിവിഷൻ ടോട്ടൽ ഹിപ് റീപ്ലേസ്മെന്റ് ശസ്ത്രക്രിയ നടത്തുന്നത്. ചികിത്സയ്ക്ക് വിധേയനായ സുൽത്താൻ ബത്തേരി കോട്ടക്കുന്ന് സ്വദേശിയായ 69കാരൻ എ.ഇ ജോസഫ് ദീർഘനാളായി തന്നെ അലട്ടിയിരുന്ന വേദനകൾക്ക് ശമനം ലഭിച്ച ആശ്വാസത്തിലാണിപ്പോൾ.വിവിധ ആശുപത്രികളിൽ ഇടുപ്പ് മാറ്റിവെക്കൽ ശസ്ത്രക്രിയകൾ നടക്കാറുണ്ടെങ്കിലും സംസ്ഥാനത്ത് വളരെ അപൂർവമായി മാത്രമാണ് അതീവ സങ്കീർണമായ റിവിഷൻ ടോട്ടൽ ഹിപ് റീപ്ലേസ്മെന്റ് ശസ്ത്രക്രിയകൾ നടത്തുന്നത്. ഒരു തവണ ശസ്ത്രക്രിയയിലൂടെ മാറ്റിവെച്ച കൃത്രിമ ഇടുപ്പ് സന്ധിക്ക് എന്തെങ്കിലും പ്രശ്നങ്ങൾ സംഭവിക്കുമ്പോൾ ശസ്ത്രക്രിയയിലൂടെ അത് പൂർണമായും മാറ്റി പുതിയത് സ്ഥാപിക്കുകയാണ് ഇതിലൂടെ. വൈത്തിരി താലൂക്ക് ആശുപത്രിയിലെ അസ്ഥിരോഗ വിദഗ്ധനായ ഡോ. നിഖിൽ നാരായണന്റെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ. താലൂക്ക് ആശുപത്രിയിലെ മുൻ അസ്ഥിരോഗ വിദഗ്ധനും നിലവിൽ മലപ്പുറം താലൂക്ക് ആശുപത്രിയിലെ ഡോക്ടറുമായ കെ. രാജഗോപാലൻ, അനസ്തേഷ്യ ജൂനിയർ കൺസൾട്ടന്റ് ഡോ. സക്കീർ ഹുസൈൻ എന്നിവരും ശസ്ത്രക്രിയയുടെ ഭാഗമായി.14-ാം വയസിലുണ്ടായ ഒരു അപകടത്തിലാണ് ജോസഫിന്റെ ഇടുപ്പിൽ മുള കുത്തികയറിയത്. പിന്നീട് വിവിധ ആശുപത്രികളിൽ പല ശസ്ത്രക്രിയകൾക്ക് വിധേയനായി. റിട്ടേർഡ് ജീവനക്കാരനായ അദ്ദേഹത്തിന് ശാരീരിക ബുദ്ധിമുട്ടുകളും ശസ്ത്രക്രിയയുടെ ഭാഗമായുണ്ടായ പ്രയാസങ്ങളും വിട്ടുമാറിയില്ല. ശസ്ത്രക്രിയക്ക് വിധേയനായി മാറ്റിവെച്ച ഇടുപ്പ് ഇളകുകയും, ഉള്ളിൽ പഴുപ്പ് നിറയുകയും ചെയ്തതോടെ കടുത്ത വേദനയായി. ശസ്ത്രക്രിയകളുടെ ഭാഗമായി കാലിന്റെ വലിപ്പം കുറഞ്ഞതും പ്രശ്നമായി. അണുബാധ വർദ്ധിച്ച് വേദന സഹിക്കാനാവാതെയാവുകയും ഇടുപ്പ് മാറ്റി സ്ഥാപിച്ച ഇംപ്ലാന്റ് ഇളകി ചലനശേഷി കുറയുകയും ചെയ്തതോടെയാണ് ഡോ. നിഖിൽ നാരായാണന്റെ അടുത്ത് ചികിത്സ തേടിയെത്തിയത്.2025 മെയ് മുതൽ അഞ്ചുമാസം മരുന്നുകൾ കഴിക്കുകയും ശേഷം 2025 ഒക്ടോബർ 17ന് റിവിഷൻ ടോട്ടൽ ഹിപ് റീപ്ലേസ്മെന്റ് ശസ്ത്രക്രിയയ്ക്ക് വിധേയനാവുകയും ചെയ്തു. പ്രാഥമിക ഇടുപ്പ് മാറ്റിവെയ്ക്കലിനേക്കാൾ ദൈർഘ്യമേറിയതും ഏറെ സങ്കീർണ്ണവുമാണ് രണ്ടാമത്തെ ശസ്ത്രക്രിയയെന്ന് ഡോ. നിഖിൽ നാരായണൻ പറഞ്ഞു. പഴയ ഇംപ്ലാന്റ് നീക്കം ചെയ്യുകയും എല്ലിന്റെ അവസ്ഥ വിലയിരുത്തി ആവശ്യമാണെങ്കിൽ എല്ല് മാറ്റിവെക്കുകയും പുതിയ ഇംപ്ലാന്റ് സ്ഥാപിക്കുകയും ചെയ്യുന്നു. ആദ്യത്തെ ശസ്ത്രക്രിയയെ അപേക്ഷിച്ച് രോഗി സുഖംപ്രാപിക്കാൻ കൂടുതൽ സമയം ആവശ്യമാണെന്ന് ഡോക്ടർ പറഞ്ഞു. വൈത്തിരി താലൂക്ക് ആശുപത്രിയിൽ എട്ടോളം ഇടുപ്പ് മാറ്റിവെക്കൽ ശസ്ത്രക്രിയകളും 158 മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും നടത്തിയിട്ടുണ്ട്. ശസ്ത്രക്രിയയ്ക്ക് ശേഷം ആരോഗ്യവാനായി വീണ്ടും മെഡിക്കൽ പരിശോധനയ്ക്ക് എത്തിയപ്പോൾ വേദനകൾക്ക് വിരാമമായ സന്തോഷത്തിലാണ് ജോസഫും ഒപ്പം ഡോ. നിഖിൽ നാരായണനും.



## ജില്ലയിൽ പത്താംതരം തുല്യതാ പരീക്ഷ ആരംഭിച്ചു

**കൽപ്പറ്റ** :ജില്ലയിൽ പത്താംതരം തുല്യതാ പരീക്ഷ ആരംഭിച്ചു. കൽപ്പറ്റ എസ്.കെ.എം.ജെ ഹൈസ്കൂളിൽ ആരംഭിച്ച തുല്യതാ പരീക്ഷയുടെ ആദ്യ ദിനത്തിൽ 174 പഠിതാക്കൾ പരീക്ഷ എഴുതി. പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നവരാണ് കൂടുതലും. ഇന്ന് 5രാവിലെ ഇംഗ്ലീഷും ഉച്ചകഴിഞ്ഞ് കെമിസ്ട്രി പരീക്ഷയും നടക്കും. നവംബർ 16ന് ഫിസിക്സ്, ബയോളജി പരീക്ഷകളും നവംബർ



17ന് ഇൻഫർമേഷൻ ടെക്നോളജി, ഗണിതശാസ്ത്രം എന്നീ പരീക്ഷകളും നടക്കും. അവസാന ദിവസമായ നവംബർ 18ന് സാമൂഹ്യശാസ്ത്ര പരീക്ഷയാണ് നടക്കുക.

# ‘ഷണ്മുഖം കോസ്‌വേ പദ്ധതി പുനരാരംഭിക്കണം’



**ചിറ്റൂർ :** തേമ്പാറമട സിസ്റ്റത്തിൽനിന്ന് രണ്ടാംവിള നെൽക്കൃഷിക്കുള്ള ജലക്ഷാമം പരിഹരിക്കാൻ ഷണ്മുഖം കോസ്‌വേ ജലവിതരണപദ്ധതി പുനരാരംഭിക്കണമെന്ന് കർഷകർ ആവശ്യപ്പെട്ടു. പദ്ധതിക്ക് നൂറ്റാണ്ട് പഴക്കമുണ്ട്. പഴയ കൊച്ചി രാജ്യത്തിലെ ദിവാൻ ആയിരുന്ന ഷണ്മുഖം ചെട്ടിയുടെ ഭരണകാലത്താണ് പദ്ധതി ആരംഭിച്ചത്. ചിറ്റൂർപ്പുഴയിലെ നിലംപതി പാലത്തിന് അടുത്തുള്ള കിണറ്റിൽനിന്ന് 100 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പുചെയ്ത് കോസ്‌വേയിലൂടെ തെക്കേഗ്രാമം അമ്പാട്ടുപാളയം, കറുകമണി, കോളേജ് എന്നിവിടങ്ങളിലെ പാടശേഖരങ്ങളിൽ ജലവിതരണം നടത്തി രണ്ടാംവിള ഉണക്കംകൂടാതെ എടുത്തിരുന്നു.തേമ്പാറമട സിസ്റ്റം നിലവിൽ വന്നതോടെ നല്ലേപ്പിള്ളി, പൊൽപ്പുള്ളി, മാഞ്ചിറ, നഗരസഭാ പ്രദേശം എന്നിവിടങ്ങളിലേക്ക് തേമ്പാറമട സിസ്റ്റത്തിൽ നിന്ന് വെള്ളം നൽകാൻ തുടങ്ങിയതോടെ വാലറ്റ പ്രദേശങ്ങളായ കറുകമണി, കോളേജ് തുടങ്ങിയ പാടശേഖരങ്ങളിലേക്ക് വേണ്ടസമയത്ത് വെള്ളം കിട്ടാതായി. ജലക്ഷാമം മൂലം കൃഷി ഉണക്കം പതിവായി.ഷണ്മുഖം കോസ്‌വേ പദ്ധതി നടപ്പാക്കിയാൽ തേമ്പാറമട സിസ്റ്റത്തെ ആശ്രയിക്കാതെ 600-ഓളം ഏക്കറിൽ കൃഷി ഉണങ്ങാതെ വിളവെടുക്കാം എന്ന് കർഷകൻ ശങ്കരനാരായണൻ പറഞ്ഞു. ഷണ്മുഖം കോസ്‌വേക്ക് സമീപത്തുള്ള പുഴയിലെ കിണറിൽ ധാരാളം വെള്ളമുണ്ട്. ആ വെള്ളം പ്രയോജനപ്പെടുത്തണമെന്ന് മറ്റു കർഷകരും ആവശ്യപ്പെടുന്നു.പദ്ധതി പുനരാരംഭിക്കാനുള്ള നടപടിയിലാണ്. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ജലവിഭവ വകുപ്പ് ചീഫ് എൻജിനിയർക്ക് അയച്ചിട്ടുണ്ടെന്ന് ചിറ്റൂർപ്പുഴ പദ്ധതി എക്സിക്യുട്ടീവ് എൻജിനിയർ പറഞ്ഞു.

# കൈപ്പുഴ ക്ഷേത്രം മുതൽ മണികണ്ഠൻ ആൽത്തറ വരെ ക്യാമറ സ്ഥാപിക്കും

**പന്തളം :**ശബരിമല തീർഥാടനത്തിന്റെ ഭാഗമായി പന്തളത്തെ സുരക്ഷ വർധിപ്പിക്കുന്നതിനായി കൈപ്പുഴ ക്ഷേത്രം മുതൽ മണികണ്ഠൻ ആൽത്തറ വരെ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ സുരക്ഷാ ക്യാമറ സ്ഥാപിക്കുമെന്ന് നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. പന്തളം ഇടത്താവളത്തിൽ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് പന്തളം വലിയകോയിക്കൽ ക്ഷേത്രം ദേവസ്വം ഹാളിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ക്രമസമാധാന പാലനത്തിനായി മഫ്തി പൊലീസ് അടക്കം അധിക ഉദ്യോഗസ്ഥരെ



നിയോഗിക്കും. അയ്യപ്പന്മാർക്ക് സൗജന്യമായി വിരിവയ്ക്കുന്നതിനും രാത്രി കഴിയുന്നതിനും സൗകര്യം ഏർപ്പെടുത്തും. തീർഥാടന കാലയളവിൽ ആരോഗ്യ വകുപ്പിന്റെ താൽക്കാലിക ആശുപത്രി സ്ഥാപിക്കും. 24 മണിക്കൂറും മെഡിക്കൽ ടീമിന്റെ സേവനം ലഭിക്കും. പന്തളം പൊതുജനാരോഗ്യ കേന്ദ്രത്തിൽ അധിക ക്രമീകരണങ്ങൾ ഏർപ്പെടുത്തും. തീർഥാടന പാതയിൽ പൊതുമരാമത്ത് വകുപ്പ് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സൂചന ബോർഡുകൾ സ്ഥാപിക്കും. മേജർ ഇറിഗേഷന്റെ നേതൃത്വത്തിൽ കടവുകളിൽ സുരക്ഷാവേലി സ്ഥാപിക്കും. അഗ്നിരക്ഷാസേന സുരക്ഷ ഉദ്യോഗസ്ഥരെ നിയോഗിക്കും. ഭക്ഷ്യസുരക്ഷ, ലീഗൽ മെട്രോളജി വകുപ്പുകൾ ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മയും അളവും ഉറപ്പാക്കും. കെഎസ്ആർടിസി അധിക സർവീസുകൾ ക്രമീകരിക്കും.എക്സൈസ് പ്രത്യേക സംഘത്തിന്റെ പരിശോധന ഉണ്ടാകും. ജല അതോറിറ്റിയുടെ നേതൃത്വത്തിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കും. അടൂർ ആർഡിഒ പൊതുവായ ഏകോപനം നിർവഹിക്കും. തീർഥാടകർക്ക് സുഗമമായ ദർശനത്തിന് വകുപ്പുകൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ഡെപ്യൂട്ടി സ്പീക്കർ നിർദ്ദേശിച്ചു.കലക്ടർ എസ് പ്രേം കൃഷ്ണൻ, ജില്ലാ പൊലീസ് മേധാവി ആർ ആനന്ദ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം പി ഡി സന്തോഷ് കുമാർ, റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് ഗോപി, ക്ഷേത്രം ഉപദേശക സമിതി അംഗങ്ങൾ, പന്തളം കൊട്ടാരം പ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുത്തു.

# വരോട് റോഡുപണിക്കിടെ പൈപ്പ് പൊട്ടി

**ഒറ്റപ്പാലം :** കിഴൂർ-ഒറ്റപ്പാലം റോഡിൽ നടക്കുന്ന നവീകരണത്തിനിടെ പൈപ്പ് പൊട്ടി ശക്തമായി ജലപ്രവാഹം. വരോട് പാടത്തിനു സമീപത്താണ് വിതരണലൈനിൽ പൊട്ടലുണ്ടായത്. വിവിധ വാർഡുകളിൽ ഇതോടെ ജലവിതരണം തടസ്സപ്പെട്ടു.കലുങ്ക് നിർമാണത്തിനിടെ, ചേരിക്കുന്നിലെ ജലസംഭരണിയിൽനിന്ന് ജലവിതരണം ചെയ്യുന്ന പൈപ്പ് പൊട്ടുകയായിരുന്നു. ഇതോടെ വൻതോതിൽ വെള്ളം റോഡിലേക്കടക്കം തെറിച്ചു പാഴായി. യാത്രക്കാരുടെ ദേഹത്തേക്കും വെള്ളം തെറിച്ചു. ജലവിതരണം നിർത്തിവെച്ചതോടെ പ്രദേശത്തെ അഞ്ച് വാർഡുകളിലേക്കുള്ള ജലവിതരണമാണു മുടങ്ങിയത്.കഴിഞ്ഞദിവസം വരോട് മരപ്പാലത്തിനടുത്തും പൈപ്പ് പൊട്ടിയിരുന്നു. ചെർപ്പുളശ്ശേരി റോഡ് പണി തുടങ്ങിയതോടെ കുടിവെള്ളപ്പൈപ്പ് പൊട്ടൽ തുടർക്കഥയാണ്. ഇതുകാരണം വാർഡുകളിൽ തുടർച്ചയായി ജലവിതരണം മുടങ്ങിയിരുന്നു. കൗൺസിലർമാർ പലപ്പോഴും ജല അതോറിറ്റി ഓഫീസിലെത്തി പ്രതിഷേധിക്കുന്ന സാഹചര്യവും ഉണ്ടായിരുന്നു. പൈപ്പ് ലൈനുകൾ സുരക്ഷിതമാക്കാൻ ബദൽ സംവിധാനം ഒരുക്കണമെന്ന് ജല അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടും നടപടിയുണ്ടായില്ലെന്ന് നാട്ടുകാർ ആരോപിക്കുന്നു.

# ലൈബ്രറി കെട്ടിടത്തിന്റെ നിർമാണം ഉദ്ഘാടനം ചെയ്തു

**മുട്ടത്തുകോണം** മുട്ടത്തുകോണം ജനത ലൈബ്രറിയുടെ പുതിയ കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം ജില്ലാ പഞ്ചായത്തംഗം അഡ്വ. ഓമല്ലൂർ ശങ്കരൻ നിർവഹിച്ചു. വായനശാല പ്രസിഡന്റ് പി ഡി ബൈജു അധ്യക്ഷനായി. ജില്ലാലൈബ്രറി കൗൺസിൽ സെക്രട്ടറി പി ജി ആനന്ദൻ മുഖ്യപ്രഭാഷണം നടത്തി. രഞ്ജിനി അജിത്, അഭിലാഷ് വിശ്വനാഥ്, പി സലിം കുമാർ, അഡ്വ. എസ് കെ സാനു, കെ ക സുശീലൻ, എസ് സജീവ് സംസാരിച്ചു.



# ഇലന്തൂർ ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിടത്തിന് ടെൻഡറായി




**ഇലന്തൂർ :** ഗവ.ആർട്സ് ആൻഡ് സയൻസ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 20 കോടി രൂപയുടെ ടെൻഡറായെന്ന് ആരോഗ്യ മന്ത്രി വീണാജോർജ് പറഞ്ഞു. കിഫ്ബിയിൽ ഉൾപ്പെടുത്തിയാണ് കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചത്. കിറ്റ്കോയ്ക്കാണ് നിർമ്മാണ ചുമതല. പുതുതായി നിർമ്മിക്കുന്ന അക്കാഡമി ബ്ലോക്കുകളിൽ നാല് നിലകളിലായി ആദ്യ കെട്ടിടം 42,000 സ്ക്വയർ ഫീറ്റിൽ നിർമ്മിക്കുന്നത്. കോളേജ് ഓഡിറ്റോറിയവും കാന്റീനും ഉൾപ്പെടുന്ന ബ്ലോക്ക് 2 നിലകളിലായി 11,000 സ്ക്വയർ ഫീറ്റിലാണ് നിർമ്മിക്കുന്നത്. 3 സ്റ്റാർ റേറ്റിംഗിലാണ് നിർമ്മാണം. അഗ്നി സുരക്ഷ സംവിധാനം, ഭിന്നശേഷി സൗഹൃദ നിർമ്മാണം , മാലിന്യ സംസ്ക്കരണ സംവിധാനം , വാഹന പാർക്കിംഗ് സംവിധാനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2017 ലാണ് സ്ഥലമെടുപ്പിന് സർക്കാർ പണം അനുവദിച്ചത്. ഖാദി ബോർഡിൽ നിന്ന് ലഭിച്ച 3 ഏക്കറും, സ്വകാര്യ വ്യക്തികളിൽ നിന്നും 2.12 ഏക്കറും കൂടി ആകെ 5 ഏക്കർ 12 സെന്റ് സ്ഥലമാണ് ഇതിനായി ഏറ്റെടുത്തത്. കോളേജിലേക്കുള്ള വഴി വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കേണ്ട ഉടമകളുടെ ഒരു യോഗം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇലന്തൂരിൽ ചേർന്നിരുന്നു.



# വയലാർ സാമൂഹ്യമാറ്റത്തിന് തൂലിക ചലിപ്പിച്ച കവി: ചിറ്റയം ഗോപകുമാർ

**പന്തളം:** നിലനിന്ന സാമൂഹിക വ്യവസ്ഥിതിയെ മാറ്റിമറിക്കുവാൻ തൂലിക ചലിപ്പിച്ച കവിയായിരുന്നു വയലാർ രാമവർമ്മയെന്ന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പറഞ്ഞു. ഇപ്റ്റ പന്തളം യൂണിറ്റ് സംഘടിപ്പിച്ച വയലാർ അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വയലാറിന്റെ കവിതകളും ഗാനങ്ങളും കാലാതിവർത്തിയായി നിലകൊള്ളുന്നു. ഉറവ വറ്റാത്ത സ്നേഹത്തിന്റെ പുഴകളാണ് വയലാറിന്റെ ഗാനങ്ങളെന്നും ചിറ്റയം പറഞ്ഞു . യൂണിറ്റ് പ്രസിഡന്റ് എ ബിജു അദ്ധ്യക്ഷത വഹിച്ചു. എഴുത്തുകാരി ശ്രീലേഖ വയലാർ അനുസ്മരണം നടത്തി. ഇപ്റ്റ ജില്ല പ്രസിഡന്റ് അടൂർ ഹിരണ്യ, സെക്രട്ടറി ഡോ. അജിത് ആർ പിള്ള, യൂണിറ്റ് സെക്രട്ടറി ബി അജിതകുമാർ, ഗായക സംഘം കൺവീനർ സുനിൽകുമാർ കെ, കവി വിനോദ് മുളമ്പുഴ, സന്തോഷ് പന്തളീയൻ, , ഉഷാ ജോസ് എന്നിവർ പ്രസംഗിച്ചു. സുനൽ വിശ്വം, എം ജി ബിജു, സജീവ്, ഉള്ളന്നൂർ ഗിരീഷ്, ആനന്ദൻ, സച്ചദേവ്, പ്രസാദ് കുടശ്ശനാട് എന്നിവർ ഗാനാലാപനം നടത്തി



# ഓപ്പറേഷൻ സ്മൈൽ പദ്ധതിയുടെ രണ്ടാം ഘട്ടം ഉടൻ ആരംഭിക്കും ജില്ലാ കളക്ടർ

**കാസർഗോഡ്** :ഓപ്പറേഷൻ സ്മൈൽ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാകാനിരിക്കുന്ന സാഹചര്യത്തിൽ, ഓപ്പറേഷൻ സ്മൈൽ 2.ഠ എന്ന പേരിൽ പദ്ധതിയുടെ അടുത്തഘട്ടം ആരംഭിക്കുവാൻ തീരുമാനിച്ചതായി ജില്ല കലക്ടർ കെ.ഇമ്പശേഖർ. ഓപ്പറേഷൻ സ്മൈൽ പദ്ധതിയുടെ അവലോകനയോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരിന്നു കളക്ടർ. രണ്ടാം ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കാനുള്ള വില്ലേജുകളുടെ വിവരങ്ങൾ സർവെ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുവാൻ എ.ടി.ഡി.ഒയ്ക്ക് നിർദ്ദേശം നൽകി.ഫെബ്രുവരി മാസത്തിൽ നടക്കുന്ന പട്ടയമേളയിൽ ഓപ്പറേഷൻ സ്മൈൽ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാവർക്കും പട്ടയം നൽകാൻ സാധിക്കുമെന്ന് കാസർകോട് തഹസിൽദാർ യോഗത്തിൽ അറിയിച്ചു. മഞ്ചേശ്വരം താലൂക്കിലെ ഉന്നതികളിൽ പുരോഗതി ആർജ്ജിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി.പദ്ധതിയിൽപ്പെടുത്തി, എത്ര വീടുകൾ ഗുണഭോക്താക്കൾക്ക് നൽകി എന്നും കാലതാമസം നേരിടുന്ന അപേക്ഷകളിൽ കാരണം കണ്ടെത്തി പരിഹരിക്കാനും കളക്ടർ നിർദ്ദേശം നൽകി. യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ ലിപു എസ് ലോറൻസ്, എ.ടി.ഡി.ഒ രാഘവൻ, ജില്ലാ സർവെ സൂപ്രണ്ട് ഗീത കൊടക്കാട്ടേരി, ജില്ലാ ഹെഡ് സർവേയർ റ്റി റ്റി വി സന്തോഷ് കുമാർ - എന്നിവർ കലക്ടറുടെ ചേമ്പറിൽ നേരിട്ടും, സർവെ ഡെപ്യൂട്ടി ഡയറക്ടർ എസ്. വിനോദ്, കാസർകോട് തഹസിൽദാർ പി.രമേശൻ, വില്ലേജ് ഓഫീസർമാർ എന്നിവർ ഓൺലൈനായും യോഗത്തിൽ പങ്കെടുത്തു.

# വർണ്ണാഭമായി ജില്ലാ വർണ്ണോത്സവം




**കാസർകോട്** :കുട്ടികളുടെ കല ഒരു ക്യാൻവാസിലെ നിറങ്ങൾ മാത്രമല്ല – അത് ഭാവനയുടെയും സ്വപ്നങ്ങളുടെയും ബാല്യത്തിന്റെ ഊർജ്ജസ്വലമായ ചൈതന്യത്തിന്റെയും പ്രതിഫലനമാണ്. ജില്ലാ ശിശുക്ഷേമ സമിതിയുടെ വർണോത്സവം സാർത്ഥകമാക്കിയത് ഇതാണ്.കാസർകോടിന് സർഗ്ഗ പ്രതിഭകളുടെ ആത്മപ്രകാശനം സാധ്യമാക്കി ബി ഇ എം ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ജില്ലാ ശിശുക്ഷേമ സമിതിയുടെ വർണോത്സവം ജില്ലയിലെ വിവിധ വിദ്യാലയങ്ങളിലെ 400 ഓളം സർഗ്ഗ പ്രതിഭകളാണ് വർണോത്സവത്തിൽ മാറ്റുരച്ചത്. യുപി ഹൈസ്കൂൾ ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി ഉപന്യാസം കഥാരചന, കവിതാ രചന ,പ്രസംഗം, പദ്യം ചൊല്ലൽ എന്നീ ഇനങ്ങളിൽ കന്നട മലയാളം വിഭാഗങ്ങളിലായി മത്സരങ്ങൾ നടന്നു. പ്രസംഗം മത്സരത്തിൽ വിജയികളാകുന്നവർ നവംബർ 14ന് ശിശുക്ഷേമ സമിതി സംഘടിപ്പിക്കുന്ന ജില്ലാതല ശിശുദിനാഘോഷത്തിൽ കുട്ടികളുടെ പ്രധാനമന്ത്രി കുട്ടികളുടെ പ്രസിഡൻറ് കുട്ടികളുടെ സ്പീക്കർ സ്ഥാനങ്ങൾ അലങ്കരിക്കും ജില്ലാതല വർണ്ണോത്സവം ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം മധുസൂദനൻ ഉദ്ഘാടനം ചെയ്തു ജില്ലാ ശിശുക്ഷേമ സമിതി ട്രഷറർ സി വി ഗിരീശൻ അധ്യക്ഷത വഹിച്ചു.

ശിശുക്ഷേമ സമിതി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ഒ എം ബാലകൃഷ്ണൻ മാസ്റ്റർ മുഖ്യാതിഥിയായിരുന്നു. ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി ടി എം എ കരീം സ്വാഗതവും എക്സിക്യൂട്ടീവ് കെ സതീശൻ നന്ദിയും പറഞ്ഞു

# സഹജീവനം സ്നേഹഗ്രാമത്തിൽ ഹോർട്ടികൾച്ചർ തെറാപ്പി യൂണിറ്റ് ഉടൻ പ്രവർത്തനമാരംഭിക്കും

**കാസർഗോഡ്** :നാടിന്റെ പച്ചപ്പ് സംരക്ഷിക്കുന്നതിന് ഭിന്നശേഷിക്കാരായ കുട്ടികളെ പങ്കാളിയാക്കാൻ ഒരുങ്ങി കേരള സർക്കാർ സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എൻഡോസൽഫാൻ പുനരധിവാസ ഗ്രാമം, സഹജീവനം സ്നേഹഗ്രാമം പദ്ധതി പ്രവർത്തകർ. ഇതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പി യൂണിറ്റ് കൂടി ആരംഭിക്കാനൊരുങ്ങുകയാണ് പ്രവർത്തകർ. ആദ്യ ഘട്ടമെന്ന നിലയിൽ ഹരിത ഗ്രാമം പദ്ധതി പച്ചക്കറി നടിൽ ഉദ്ഘാടനം ആദൂർ സർക്കിൾ ഇൻസ്പെക്ടർ വിഷ്ണുപ്രസാദ് നിർവഹിച്ചു.സസ്യങ്ങളെ പരിപാലിച്ചു കൊണ്ട് കുട്ടികളുടെ ശാരീരിക, മാനസിക, സാമൂഹിക വളർച്ചയ്ക്ക് സഹായിക്കുന്ന ഒരു ചികിത്സാ രീതിയാണ് ഹോർട്ടികൾച്ചർ തെറാപ്പി. കുട്ടികളെ മണ്ണിനോട് ഇണങ്ങിച്ചേർന്ന്, വിത്ത് വിതച്ച്, തൈ നട്ട്, വെള്ളമൊഴിച്ചു, വിളവെടുപ്പ് നടത്തി ലളിതമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിലൂടെ കുട്ടികളിൽ ശ്രദ്ധ, ആത്മവിശ്വാസം, ഉത്തരവാദിത്വം, സഹകരണം എന്നിവ വളർത്താനും ഇന്ദ്രിയ വികസനത്തിനും ഹോർട്ടികൾച്ചർ ചികിത്സാരീതി സഹായിക്കുന്നു. ഹോർട്ടികൾച്ചർ തെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായിട്ടാണ് സഹ



ജീവനം സ്നേഹ ഗ്രാമത്തിൽ രക്ഷിതാക്കളെയും കുട്ടികളെയും ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഹരിതഗ്രാമം പദ്ധതി പച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചത്. നിലവിൽ സഹജീവനം സ്നേഹ ഗ്രാമത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരായ ആളുകൾക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഫിസിയോതെറാപ്പി, സൈക്കോതെറാപ്പി, സ്പീച്ച് തെറാപ്പി, ഡെവലപ്മെന്റ് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ എന്നീ തെറാപ്പി സേവനങ്ങളാണ് സ്ഥാപനത്തിൽ നൽകുന്നത്.ചടങ്ങിൽ പ്രോജക്ട് സപ്പോർട്ട് ഗ്രൂപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം സി സതീശൻ അധ്യക്ഷനായി.പ്രോജക്ട് സപ്പോർട്ട് ഗ്രൂപ്പ് ജോയിന്റ് കൺവീനർ സുരഭി എസ് നായർ, കമ്മിറ്റി അംഗം ആതിര സുരേന്ദ്രൻ, മുളിയാർ ഗ്രാമപഞ്ചായത്ത് മാതൃക കർഷകൻ ഭാസ്കരൻ പാറച്ചാൽ എന്നിവർ സംസാരിച്ചു. സഹജീവനെ സ്നേഹഗ്രാമം പ്രോജക്ട് മാനേജർ പി സുരേശൻ സ്വാഗതവും പ്രോജക്ട് സപ്പോർട്ട് ഗ്രൂപ്പ് ട്രഷറർ കെ മണികണ്ഠൻ നന്ദിയും പറഞ്ഞു.

# അമ്മത്തൊട്ടിൽ നവീകരിക്കണം ജില്ലാ ശിശുക്ഷേമ സമിതി

**കാസർഗോഡ്** :ജനറൽ ആശുപത്രിയ്ക്ക് സമീപം അമ്മത്തൊട്ടിൽ നവീകരിക്കുന്നതിന് നടപടി അനിവാര്യമാണെന്ന് ജില്ല ശിശുക്ഷേമ സമിതി. എംഎൽഎ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിച്ചോ പദ്ധതി യാഥാർത്ഥ്യമാക്കണമെന്ന് ശിശുക്ഷേമ സമിതി ജനറൽബോഡിയോഗം അഭ്യർത്ഥിച്ചു.ജില്ലാ ശിശുക്ഷേമ സമിതി ജനറൽ ബോഡിയോഗം കാസർകോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു എഡിഎംപ I അഖിൽ അധ്യക്ഷത വഹിച്ചു. ശിശുക്ഷേമ സമിതി ജില്ലാ സെക്രട്ടറി ടി എം എ കരീം റിപ്പോർട്ട് അവതരിപ്പിച്ചു ട്രഷറർ സി വി ഗിരീഷ് വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു ശിശുക്ഷേമ സമിതി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ഒ എം ബാലകൃഷ്ണൻ മാസ്റ്റർ. ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഷൈനി ഐസക് ശിശുക്ഷേമ സമിതി അംഗങ്ങൾ സംസാരിച്ചു.

# ‘ഓപ്പറേഷൻ രക്ഷിത’ കേസുകൾ രജിസ്റ്റർ ചെയ്തു

**കാസർഗോഡ്** :‘ഓപ്പറേഷൻ രക്ഷിത’ യുടെ ഭാഗമായി കണ്ണൂർ റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമിൽ നിയമ വിരുദ്ധമായി കടന്നു കയറിയത് ചോദ്യം ചെയ്ത ആർ.പി.എഫ് ഉദ്യോഗസ്ഥനെ ധനേഷ് എന്ന പ്രതി അക്രമിക്കുകയും ബോഡി വോം ക്യാമറ നശിപ്പിക്കുകയും ചെയ്ത സംഗതിക്ക് കണ്ണൂർ റെയിൽവേ PS Cr. 380/2025 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തൃശൂർ റെയിൽവേ സ്റ്റേഷനിലെ വെയ്റ്റിങ് റൂമിൽ വെച്ച മൊബൈൽ ഫോൺ മോഷണം ചെയ്ത വിഷയത്തിൽ തൃശൂർ റെയിൽവേ പോലീസ് PS 503/2025 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതി റാസിഖിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അന്നേദിവസം പാലക്കാട് റെയിൽവേ സ്റ്റേഷനിൽ അസീം അക്തർ എന്ന യാളിന്റെ പക്കൽ നിന്നും 04.032കി.ഗ്രാം ഗഞ്ചാവ് പടികൂടിയ സംഗതിക്ക് പാലക്കാട് റെയിൽവേ പോലീസ് Cr. 433/2025 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. റെയിൽവേ യാത്രക്കാർക്ക് സംശയാസ്പദമായ വസ്തുക്കളോ വ്യക്തികളേയോ കണ്ടാൽ അടുത്തുള്ള പോലീസുകാരേയോ റെയിൽ അലർട്ട് കൺട്രോൾ നമ്പരായ 9846200100 ലോ, ഇ.ആർ.എസ്.എസ് കൺട്രോൾ 112 എന്ന നമ്പരിലോ, റെയിൽവേ ഹെൽപ്പ് ലൈൻ നമ്പരായ 139 ലോ വിവരം നൽകാവുന്നതാണെന്ന് ഇന്റലിജൻസ് ആന്റ് റെയിൽവേസ് എ.ഡി.ജി.പി അറിയിച്ചു.

# ട്രെയ്ൻ യാത്രക്കാരായ സ്ത്രീകളുടെ സുരക്ഷയ്ക്ക് ഓപ്പറേഷൻ രക്ഷിത

**കാസർഗോഡ്** :ട്രെയിനുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകൾ ഉൾപ്പടെയുള്ള യാത്രക്കാരുടെ സുരക്ഷിതത്വബോധം വർധിപ്പിക്കുന്നതിനായി റെയിൽവേ പോലീസ്, ലോക്കൽ പോലീസ് എന്നീ വിഭാഗങ്ങൾ സംയുക്തമായി നടത്തുന്ന പദ്ധതിയാണ് 'ഓപ്പറേഷൻ രക്ഷിത'. നവംബർ അഞ്ച് മുതലാണ് പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിങ്ങനെ നാല് മേഖലകളായി തിരിച്ച് നാല് റെയിൽവേ ഡി.വൈ.എസ്.പിമാരുടെ മേൽനോട്ടത്തിൽ വനിത പോലീസ് ഉൾപ്പടെയുള്ള സേനാംഗങ്ങളെ ഉൾപ്പെടുത്തി സഞ്ചരിക്കുന്ന ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും പട്രോളിംഗും, പ്രത്യേകിച്ച് സ്ത്രീകൾ കൂടുതലായുള്ള കമ്പാർട്ട്മെന്റുകളിൽ പരിശോധന ശക്തമാക്കും. റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും സ്ത്രീ യാത്രികരുടെ സുരക്ഷ ഉറപ്പാക്കുകയും അനധികൃതമായ പ്രവർത്തനങ്ങൾ, മദ്യപിച്ച് യാത്ര ചെയ്യൽ, ലഹരിക്കടത്ത്, സ്ത്രീ യാത്രികരോടുള്ള അശ്ലീല പെരുമാറ്റം തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിനും വേണ്ടിയാണ് പദ്ധതി ആവിഷ്ക്കരിച്ചത്.


# മദ്യ ലഹരിയിലുള്ള യാത്രക്കാരെ തിരിച്ചറിയാൻ ആൽകോമീറ്റർ പരിശോധന

**കാസർഗോഡ്** :റെയിൽവേ സ്റ്റേഷനുകളിലെ എൻട്രി എക്സിറ്റ് കവാടങ്ങളിലും പ്ലാറ്റ്ഫോമു കളിലും ട്രെയിനുകളിലുമുള്ള പരിശോധന കർശനമാക്കിയിട്ടുണ്ട്. മദ്യ ലഹരിയിലുള്ള യാത്രക്കാരെ തിരിച്ചറിയുന്നതിനായി ആൽകോമീറ്റർ പരിശോധന 38 റെയിൽവേ സ്റ്റേഷനുകളിൽ ആരംഭിച്ചിട്ടുണ്ട്. ട്രെയിനുകൾക്ക് നേരെ കല്ലെറിയുന്നവരെയും റെയിൽവേ ട്രാക്കിൽ കല്ലും മറ്റു വസ്തുക്കളും വച്ച് അപകടം ഉണ്ടാക്കാൻ ശ്രമിക്കുന്നവ രെയും മറ്റും കണ്ടെത്താൻ റെയിൽവേ പോലീസും ലോക്കൽ പോലീസും പട്രോളിംഗ് വർധിപ്പിച്ചു. ഇതിനുപുറമേ ഇത്തരക്കാരെ കണ്ടെത്തുന്നതിന് രഹസ്യാന്വേഷണ വിഭാഗവും നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. റെയിൽവേ സ്റ്റേഷനുകളിലും യാത്രാ ട്രെയിനുകളിലും ബോംബ് സ്ക്വാഡിനേയും നർക്കോട്ടിക് വിഭാഗത്തേയും ഉപയോഗിച്ച് മയക്ക് മരുന്നുകളും നിരോധിത പുകയില ഉത്പന്നങ്ങളും ഹവാല പണവും കണ്ടെത്തുന്നതിനുള്ള നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്.



സ്റ്റേഷനുകളിൽ ഉപേക്ഷിക്കപ്പെട്ട ബാഗുകൾ സംശയാസ്പദമായ വസ്തുക്കൾ എന്നിവ കണ്ടെത്തിയാൽ ബോംബ് സ്ക്വാഡ്, കെ-9 സ്ക്വാഡ് എന്നിവയുടെ സഹായത്തോടെ അടിയന്തര പരിശോധന നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.കേസുകളിൽ ഉൾപ്പെട്ട ശേഷം അറസ്റ്റിൽ നിന്നും ഒഴിവായി നടക്കുന്നവരേയും വിവിധ കോടതികൾ വാറണ്ട് ഇഷ്യു ചെയ്തിട്ടുള്ളവരെയും കണ്ടെത്താനായുള്ള ഊർജ്ജിത ശ്രമവും ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. റെയിൽവേ സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോം ടിക്കറ്റില്ലാതെയും യാത്രാട്രെയിനുകളിൽ ടിക്കറ്റില്ലാതെയും യാത്ര ചെയ്യുന്നവരെയും അലഞ്ഞു തിരിഞ്ഞ് നടക്കുന്നവരെയും കർശനമായി നിരീക്ഷിക്കുന്നതോടൊപ്പം ഇത്തരക്കാർക്കെതിരെ അടിയന്തര നിയമ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

# എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക് , റിലയൻസ് തുടങ്ങിയ വമ്പൻമാർക്ക് പ്രാധാന്യം നൽകിയ റിസ്ക് കുറഞ്ഞ 'സൂപ്പർ' ഫണ്ടുകൾ



നവംബർ മാസത്തിൽ പോരിഗണിക്കാൻ പറ്റിയ മികച്ച 5 ലാർജ് ക്യാപ് ഫുകൾ അനലിസ്റ്റുകൾ നിർദേശിക്കുന്നു. എച്ച് ഡി എഫ് സി ബാങ്ക്, ഐ സി ഐ സി ഐ ബാങ്ക് , റിലയൻസ്, ഇൻഫോസിസ് പോലുള്ള ഓഹരികൾക്ക് കൂടുതൽ വെയിറ്റേജ് നൽകിയിട്ടുള്ള ഫുകളാണിവ.

വിപണിയിൽ ചാഞ്ചാട്ടം തുടരുമ്പോൾ തിരഞ്ഞെടുക്കാൻ കഴിയുന്ന അനുയോജ്യമായ ലാർജ് ക്യാപ് ഫുകളാണ് അനലിസ്റ്റുകൾ നിർദേശിക്കുന്നത്

നടപ്പു സാമ്പത്തിക വർഷത്തിൽ ലാർജ് ക്യാപ് ഫുകളാണ് കൂടുതൽ ഉചിതമെന്ന് അനലിസ്റ്റുകൾ അഭിപ്രായപ്പെടുന്നു. വിപണിയിൽ കൂടുതൽ ചാഞ്ചാട്ടം ഉള്ളതിനാൽ റിസ്ക് കുറഞ്ഞ ഫുകൾ എന്ന നിലയിൽ ലാർജ് ക്യാപ് ഫുകൾ ശ്രദ്ധ നേടുന്നു. ഇത്തരം ഫുകൾ ലാർജ് ക്യാപ് ഓഹരികളിലാണ് കൂടുതൽ നിക്ഷേപം നടത്തിയിട്ടുള്ളത്. വിപണി മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ 100 കമ്പനികളാണ് ഫുകളുടെ ലിസ്റ്റിലുള്ളത്. വിപണിയിൽ അനിശ്ചിതാവസ്ഥ തുടരുമ്പോൾ എപ്പോഴും ഇത്തരം ലാർജ് ക്യാപ് ഫുകളെ അനലിസ്റ്റുകൾ നിർദേശിക്കുന്നു.

*ആക്സിസ് ലാർജ് ക്യാപ് ഫണ്ട്*
*3 വർഷത്തെ സി എ ജി ആർ വളർച്ച : 12%*
*3 വർഷത്തെ അബ്സൊല്യൂട്ട് വളർച്ച :22%*
*കൈകാര്യ ആസ്തി : 32956 കോടി രൂപ*
*എക്സ്പെൻസ് റേഷ്യോ : 0 70%*
*സെക്ടറുകൾ : 10*

*സ്റ്റോക്കുകൾ : 49*
*വെയിറ്റേജ് കൂടിയ ഓഹരികൾ : എച്ച് ഡി എഫ് സി ബാങ്ക് , ഐ സി ഐ സി ഐ ബാങ്ക്, റിലയൻസ്, ബജാജ് ഫിനാൻസ്*

*കാനറ റോബെക്കോ ലാർജ് ക്യാപ് ഫ്*
*3 വർഷത്തെ സി എ ജി ആർ വളർച്ച : 16%*
*3 വർഷത്തെ അബ്സൊല്യൂട്ട് വളർച്ച :30%*
*കൈകാര്യ ആസ്തി : 16282 കോടി രൂപ*
*എക്സ്പെൻസ് റേഷ്യോ : 0 .47%*
*സെക്ടറുകൾ : 11*
*സ്റ്റോക്കുകൾ : 58*

*വെയിറ്റേജ് കൂടിയ ഓഹരികൾ : എച്ച് ഡി എഫ് സി ബാങ്ക് , ഐ സി ഐ സി ഐ ബാങ്ക്, റിലയൻസ്*

*മിറെ അസ്സെറ്റ് ലാർജ് ക്യാപ് ഫ്*
*3 വർഷത്തെ സി എ ജി ആർ വളർച്ച : 14%*
*3 വർഷത്തെ അബ്സൊല്യൂട്ട് വളർച്ച : 25%*
*കൈകാര്യ ആസ്തി : 39477 കോടി രൂപ*
*എക്സ്പെൻസ് റേഷ്യോ : 0.54%*
*സെക്ടറുകൾ : 11*
*സ്റ്റോക്കുകൾ : 83*
*വെയിറ്റേജ് കൂടിയ ഓഹരികൾ : എച്ച് ഡി എഫ് സി ബാങ്ക് , ഐ സി ഐ സി ഐ ബാങ്ക്, ഇൻഫോസിസ്*

*ബറോഡ ബി എൻ പി പാരിബാസ് ലാർജ് ക്യാപ് ഫ്*
*3 വർഷത്തെ സി എ ജി ആർ വളർച്ച : 16%*
*3 വർഷത്തെ അബ്സൊല്യൂട്ട് വളർച്ച : 30%*
*കൈകാര്യ ആസ്തി : 2646 കോടി രൂപ*
*എക്സ്പെൻസ് റേഷ്യോ : 0.76%*
*സെക്ടറുകൾ : 10*

*സ്റ്റോക്കുകൾ : 51*
*വെയിറ്റേജ് കൂടിയ ഓഹരികൾ : എച്ച് ഡി എഫ് സി ബാങ്ക് , ഐ സി ഐ സി ഐ ബാങ്ക്, റിലയൻസ്, ലാർസെൻ ആൻഡ് ടൂബ്രോ*

*എഡെൽ വെയിസ് ലാർജ് ക്യാപ് ഫ്*
*3 വർഷത്തെ സി എ ജി ആർ വളർച്ച : 16%*
*3 വർഷത്തെ അബ്സൊല്യൂട്ട് വളർച്ച : 31%*
*കൈകാര്യ ആസ്തി : 1287 കോടി രൂപ*
*എക്സ്പെൻസ് റേഷ്യോ : 0.61%*
*സെക്ടറുകൾ : 10*
*സ്റ്റോക്കുകൾ : 80*
*വെയിറ്റേജ് കൂടിയ ഓഹരികൾ : എച്ച് ഡി എഫ് സി ബാങ്ക് , ഐ സി ഐ സി ഐ ബാങ്ക്, റിലയൻസ്, ലാർസെൻ ആൻഡ് ടൂബ്രോ*

# 450 സിസി മോഡലുമായി BMW



അഡ്വഞ്ചർ മോട്ടോർസൈക്കിളുകളുടെ നല്ലകാലമാണിത്. വർഷങ്ങൾക്ക് മുമ്പേ റോയൽ എൻഫീൽഡ് ഹിമാലയൻ തിരികൊളുത്തിയ ട്രെൻഡ് ഇപ്പോൾ ടിവിഎസ് വരെ ഏറ്റെടുത്തിരിക്കുകയാണ്. ചെറിയ വിലയിലെത്തിയ ഞാത 300 രാജ്യത്ത് വലിയ വിപ്ലവം തന്നെയാരിക്കുമെന്നാണ് വിലയിരുത്തൽ. എഡിവി വിഭാഗത്തിൽ നിന്നും ബിഎംഡബ്ല്യു മോട്ടോറാഡ് അടുത്തിടെ 310 ഏടട പിൻവലിച്ചത് പലർക്കും നിരാശ നൽകിയിരുന്നു. രാജ്യത്ത് കമ്പനി പുറത്തിറക്കുന്ന ഏറ്റവും കുറഞ്ഞ വിലയുള്ള മോഡലിന്റെ വിൽപ്പന അവസാനിപ്പിച്ചത് പലരും സങ്കടത്തോടെയാണ് നോക്കിനിന്നത്. എന്നാൽ പുതുപുത്തനൊരു അഡ്വഞ്ചർ ബൈക്ക് അവതരിപ്പിക്കാനായിരുന്നു ബവേറിയൻ ബ്രാൻഡ് ഇത്തരത്തിലൊരു തീരുമാനം കൈക്കൊത്.

ഇറ്റലിയിലെ മിലാനിൽ നടക്കാനിരിക്കുന്ന ഋകഇങഅ ഷോയിൽ ബിഎംഡബ്ല്യു മോട്ടോറാഡ് തങ്ങളുടെ ഏറ്റവും പുതിയ മിഡിൽവെയ്റ്റ് അഡ്വഞ്ചർ ടൂററായ എ 450 ഏടട അവതരിപ്പിക്കാൻ ഒരുങ്ങുകയാണ്. ഏടട ശ്രേണിയിലെ ഏറ്റവും ചെറിയ മോഡൽ ആണെങ്കിലും ആശാൻ വേറെ ലെവലായിരിക്കുമെന്നതാണ് സത്യം. ടൂറിംഗിനും ഓഫ്-റോഡിനുമെല്ലാം ഉപയോഗിക്കാൻ കിടിലമായിരിക്കുമെന്നതിൽ സംശയമൊന്നും വേ. വരാനിരിക്കുന്ന എ 450 ഏടട ബൈക്കിനെ കുറച്ച് കൂടുതൽ അറിയാം.

ലോഞ്ച്: ബിഎംഡബ്ല്യു എ 450 ഏടട അഡ്വഞ്ചർ മോട്ടോർസൈക്കിളിന്റെ ഔദ്യോഗിക അരങ്ങേറ്റം നവംബർ ആദ്യം നടക്കുന്ന ഋകഇങഅ മോട്ടോർ ഷോയിലായിരിക്കും. ഇക്കാര്യം ബവേറിയൻ ബ്രാൻഡ് സോഷ്യൽ മീഡിയയിലൂടെ അറിയിക്കുന്നതിനായി ഒരു ചെറിയ ടീസർ വീഡിയോ അടുത്തിടെ പങ്കുവെച്ചിരുന്നു. ഫ്യുവൽ ടാങ്കിന്റെ ഭാഗങ്ങൾ, പുതിയ ഏടട സ്റ്റൈൽ ഗ്രാഫിക്സ്, സ്ലീക്ക് ബോഡി ഡിസൈൻ എന്നിവ ഹ്രസ്വ ക്ലിപ്പിലൂടെ കാണിക്കുകയും ചെയ്തിട്ട്.

ടിവിഎസിന്റെ സഹായം: ബിഎംഡബ്ല്യുവും ടിവിഎസ് മോട്ടോർ കമ്പനിയും സംയുക്തമായി വികസിപ്പിച്ചെടുത്ത പുതിയ 450 സിസി പാരലൽ-ട്വിൻ എഞ്ചിനാവും ഏറ്റവും പുതിയ എ 450 ഏടട അഡ്വഞ്ചറിന് തുടിപ്പേകാൻ എത്തുക. ഈ ലിക്വിഡ്-കൂൾഡ്, ഉഛഒഇ യൂണിറ്റ് ഏകദേശം 48 യവു പവറോളം ഉത്പാദിപ്പിക്കാൻ കഴിവുള്ളതായിരിക്കും. അങ്ങനെ ഈയൊരു സെഗ്മെന്റിലെ ഏറ്റവും ശക്തമായ മോട്ടോർസൈക്കിളുകളിൽ ഒന്നായി മാറുകയും ചെയ്യു.

# മണിക്കൂറിൽ 896 കിലോമീറ്റർ വേഗം;

## വീണ്ടും ലോകത്തെ അമ്പരപ്പിച്ച് ചൈന ഒന്നു കണ്ണടച്ചാൽ മിസാകും

China's CR450 Train : കുപിടിത്തങ്ങൾ കൊ് എന്നും ലോകത്തെ അമ്പരപ്പിച്ചിട്ടുള്ള രാജ്യമാണ് ചൈന. കൊവിഡിനു ശേഷം കാര്യങ്ങൾ എല്ലാം മാറി. എന്നാൽ ട്രെയിൻ ഗതാഗതത്തിൽ അത്യപൂർവ്വ വേഗം കൈവരിച്ച് ലോകത്തെ ഞെട്ടിച്ചിരിക്കുകയാണ് ചൈന. ഇപ്പോൾ മണിക്കൂറിൽ 80- 90 കിലോമീറ്റർ വേഗത്തിലാണ് സഞ്ചാരിക്കുന്നതെങ്കിലും 180 കിലോമീറ്റർ വേഗം കൈവരിക്കാൻ ശേഷിയുള്ള വന്ദേ ഭാരത് ട്രെയിനുകളാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വേഗമുള്ളവ. ചൈന നിലവിൽ കുപിടിച്ചിരിക്കുന്ന ട്രെയിൻ വേഗം കൊണ്ട ലോകത്തെ തന്നെ അമ്പരപ്പിക്കുകയാണ്.

കണ്ണിമ വെട്ടിയാൽ ആളില്ല!

അതെ ചൈന കുപിടിച്ച ലോകത്ത ഏറ്റവും വേഗമേറിയ ട്രെയിനിനെ പറ്റിയാണ് പറയുന്നത്. രാജ്യം പുതിയതായി അവതരിപ്പിച്ച 'ഇഞ450' ട്രെയിനാണ് നിലവിൽ ആഗോള സംസാരവിഷയം. പരീക്ഷണ ഓട്ടത്തിൽ ഈ ട്രെയിൻ 896 കിലോമീറ്റർ വേഗം കൈവരിച്ചു. മണിക്കൂറിൽ 603 കിലോമീറ്റർ വേഗം കൈവരിക്കുന്ന ജപ്പാന്റെ ഘ0 സീരീസ് മാഗ്ലെവ് ട്രെയിനിനെ ആണ് ചൈന ബഹുദൂരം പിന്നിലാക്കിയിരിക്കുന്നത്. അൾട്രാ- ഹൈ- സ്പീഡ് റെയിൽ യാത്രയ്ക്കുള്ള മത്സരത്തിലാണ് ചൈനയെന്നു റിപ്പോർട്ടുകൾ കൂട്ടിച്ചേർക്കുന്നു.

**ലോകത്തെ ഞെട്ടിച്ച ട്രയൽ**

ഇഞ450 ട്രെയിൻ നിലവിൽ ഒരു പരീക്ഷണ ഓട്ടത്തിലാണ്. ഷാങ്ഹായ്- ചെങ്ഡു ഹൈ- സ്പീഡ് റെയിൽ ഇടനാഴിയിലായിരുന്നു മണിക്കൂറിൽ 896 കിലോമീറ്റർ വേഗം കൈവരിച്ച ആ ഓട്ടം. ഈ റെയിൽ ഇടനാഴിയിൽ തന്നെയാകും ട്രെയിനിന്റെ പതിവ് സഞ്ചാരവും. അതേസമയം കമ്മീഷ
നിംഗിന് ശേഷയുള്ള വാണിജ്യ നീക്കങ്ങളിൽ ട്രെയിനിടെ പരമാവധി വേഗം മണിക്കൂറിൽ 400



കിലോമീറ്ററായി പരിമിതപ്പെടുത്തിയിട്ടുന്നൊണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

**അമ്പരപ്പിക്കുന്ന വേഗം**

വെറും 4 സെക്കൻഡിനുള്ളിൽ 350 കിലോമീറ്റർ വേഗം കൈവരിക്കാൻ ഈ ട്രെയിനിന് സാധിക്കുമെന്ന് റിപ്പോർട്ടുകൾ കൂട്ടിച്ചേർക്കുന്നു. വൈദ്യുതിയുടെ സഞ്ചാര വേഗത്തിന് തതുല്യമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയുന്ന തരത്തിലാണ് ട്രെയിനിന്റെ രൂപകൽപ്പന. വേഗത്തെ പിന്തുണയ്ക്കുന്ന നിരവധി എയറോഡൈനാമിക് സവിശേഷതകൾ ട്രെയിനിനു്. ഫാൽക്കൺ ആകൃതിയിലുള്ള മുൻഭാഗം. മറ്റ് ട്രെയിനുകളേക്കാൾ 22% കുറവ് എയർ ഡ്രാഗ്, 20 സെന്റീമീറ്റർ നീളം കുറഞ്ഞ
പ്രൊഫൈൽ, ഭാരം കുറഞ്ഞതും മെലിഞ്ഞതുമായ ശരീരം എന്നിങ്ങനെ നീളുന്നു ഈ സവിശേഷതകൾ.

# 7.89 ലക്ഷത്തിന് ഫീച്ചർ കുത്തിനിറച്ച എസ്യുവിയുമായി ഹ്യുണ്ടായി





ടെക്നോളജിയിൽ പുലികളായ ഹ്യുായിയുടെ ഏറെ കാത്തിരുന്ന ഹ്യുായി വെന്യു ഇന്ത്യൻ വിപണിയിൽ എത്തിച്ചിരിക്കുകയാണ്. പഴയ മോഡലിൽ നിന്ന് അടിമുടി മാറ്റങ്ങളുമായിട്ടാണ് വെന്യു എത്തിയിരിക്കുന്നത്. 32 മാറ്റങ്ങളാണ് പുതിയ വെന്യുവിൽ കമ്പനി നൽകിയിരിക്കുന്നത്. കംഫർട്ട്,സേഫ്റ്റി,പെർഫോമൻസ്,മൈലേജ് അങ്ങനെ എല്ലാത്തിലും ഹ്യുായി തങ്ങളുടെ ഈ ജനപ്രിയ എസ്യുവിയിൽ നിരവധി മാറ്റങ്ങളാണ് കൊുവന്നിരിക്കുന്നത്. 2019 -ലാണ് ഹ്യുായി വെന്യു ഇന്ത്യൻ വിപണിയിൽ എത്തുന്നത്. ഇത് വരെ 7 ലക്ഷം കുടുംബങ്ങളിലാണ് വെന്യു എത്തിയിട്ടുള്ളത്. പുതിയ മോഡലിന്റെ മറ്റൊരു പ്രത്യേകത എന്താണെന്ന് വച്ചാൽ 2030 എത്തുമ്പോൾ 26 വാഹനമെന്ന ബ്രാൻഡിന്റെ ലക്ഷ്യത്തിലെ ആദ്യ വാഹനമാണ് പുതിയ 2025 ഹ്യുായി വെന്യു.

ഡിസൈനിലേക്ക് വന്നാൽ അകത്തും പുറത്തും നിരവധി മാറ്റങ്ങൾ ലഭിക്കുന്നു്. അക്ഷരാർത്ഥത്തിൽ തച്ചുടച്ച് വാർത്തെടുത്തിരിക്കുകയാണ്. ഉയരം കൂടിയതും വീതി കൂടിയതും നീളമുള്ളതുമായ വീൽബേസ് ലഭിക്കുന്നത് കൊ് തന്നെ വാഹന്തിന് മികച്ച റോഡ് പ്രസൻസ് ലഭിക്കുന്നു്. 3995 ാാ നീളവും 1800 ാാ വീതിയും 1665 ാാ ഉയരവുമുള്ള വെന്യുവിന്റെ വീൽബേസ് 2520 മില്ലിമീറ്ററാണ്.

പഴയ മോഡലിനേക്കാൾ 48 മില്ലീമീറ്റർ ഉയരവും 30 മില്ലീമീറ്റർ വീതിയും കൂടുതലാണ് പുതിയ മോഡലിന്. മുൻവശത്തെ പ്രധാന മാറ്റങ്ങളിലേക്ക് വന്നാൽ ക്വാഡ് ബീം എൽഇഡി ഹെഡ്ലാമ്പുകൾ,ട്വിൻ ഹോൺ എൽഇഡി ഡിആർഎൽകൾ,ഹൊറൈസൺ എൽഇഡി പൊസിഷനിംഗ് ലാമ്പിനൊപ്പം തന്നെ ഡാർക്ക് ക്രോം റേഡിയേറ്റർ ഗ്രിൽ ലഭിക്കുന്നു്.

വശക്കാഴ്ചയിലേക്ക് വന്നാൽ പുതുക്കിയ 16 ഇഞ്ച് ഡയമ്-കട്ട് അലോയ് വീലുകൾ വാഹനത്തിന്റെ ലുക്ക് വർധിപ്പിച്ചിട്ടു്. ടെക്നോളജിയുടെ അതിപ്രസരം എന്ന് തന്നെ പറയാം പുത്തൻ വെന്യുവിന്റെ ഇന്റീരിയർ.പുതിയ ഹ്യുായി വെന്യുവിന്റെ ഇന്റീരിയറുകൾ സ്റ്റൈലിഷും വിശാലവുമായ ഇന്റീരിയറുകൾ, കിടിലൻ ഡിസൈനിങ്ങും പ്രീമിയം മെറ്റീരിയലുകളും ഉപയോഗിച്ചിരിക്കുന്നത് കൊ് തന്നെ ഏതൊരു സിറ്റി റൈഡിനും വളരെ അനുയോജ്യമാണ് എന്ന് എടുത്ത് പറയണം.

കംഫർട്ടിന് വേിയും പുത്തൻ വെറൈറ്റിക്ക് വേി ശ്രദ്ധാപൂർവ്വം ഡിസൈൻ ചെയ്ത വെന്യു, മുന്നിലും പിന്നിലുമുള്ള യാത്രക്കാർക്ക് വിശാലമായ സ്പേസ് പ്രദാനം ചെയ്യുന്നു്. അതിന് വേി ഇന്റീരിയറിൽ ഹ്യുായി നൽകിയിരിക്കുന്നത് കാൽ കണ്ണുത്തള്ളി പോകും. വളരെ വിശാലമായ 24.6 ഇഞ്ച് വലിപ്പമുള്ള ഡ്യുവൽ കർവ്വ്ഡ് ക്ലസ്റ്റർ ആണ് ക്യാബിനിലെ പ്രധാന ആകർഷണം.

കിടിലൻ ശബ്ദത്തിന് ബോസ് പ്രീമിയം സൗ 8 സ്പീക്കർ സിസ്റ്റം, മുൻ നിര വെന്റിലേറ്റഡ് സീറ്റുകൾ,സറൗ വ്യൂ മോണിറ്റർ (ടഢങ),വയർലെസ് ആൻഡ്രോയിഡ് ഓട്ടോ/ ആപ്പിൾ കാർപ്ലേ,വോയ്സ് പ്രവർത്തനക്ഷമമാക്കിയ സ്മാർട്ട് ഇലക്ട്രിക് സൺറൂഫ് എന്നിവയെല്ലാം ലഭിക്കുന്നു. കഴിഞ്ഞില്ല കേട്ടോ, 70 ഹ്യുായ് ബ്ലൂ ലിങ്ക് കണക്റ്റഡ് കാർ ഫീച്ചറുകൾക്കൊപ്പം, ബ്ലൈൻഡ് സ്പോട്ട് വ്യൂ മോണിറ്ററും ലഭിക്കുന്നു്.

8ഇനി സേഫ്റ്റിയിലേക്ക് വന്നാൽ 16 ഫീച്ചറുകളുള്ള ലെവൽ 2 അഡാസ് ഉൾപ്പടെ 65 സേഫ്റ്റി ഫീച്ചറുകളാണ് നിങ്ങൾക്ക് ഹ്യുായി വെന്യുവിൽ ലഭിക്കുന്നത്. അതിൽ തന്നെ 32 സേഫ്റ്റി ഫീച്ചറുകൾ എല്ലാ വേരിയന്റിലും സ്റ്റാൻഡേർഡായി തന്നെ ലഭിക്കുന്നുമു് എന്നത് എടുത്തു പറയേ കാര്യം തന്നെയാണ്. വാഹനവുമായി റോഡിലേക്ക് ഏത് സമയത്തും വളരെ ധൈര്യമായിട്ട് ഇറങ്ങാൻ സാധിക്കും. നിങ്ങളുടെ സുരക്ഷയ്ക്കായി വെന്യുവിന്റെ മൂന്നാം കണ്ണ് എപ്പോഴും തുറന്നിരിക്കുകയാണ്.

പവർട്രെയിനുകളെ കുറിച് പറയുകയാണെങ്കിൽ കാപ്പ 1.2 ലിറ്റർ എംപിഐ പെട്രോൾ, കാപ്പ 1.0 ലിറ്റർ ടർബോ ജിഡിഐ പെട്രോൾ, യു2 1.5 ലിറ്റർ സിആർഡിഐ ഡീസൽ എന്നിവയുൾപ്പെടെ മൂന്ന് എഞ്ചിൻ ഓപ്ഷനുകളിൽ നിങ്ങൾക്ക് 2025 പുതിയ ഹ്യുായി വെന്യു വീട്ടിലെത്തിക്കാനുള്ള അവസരമു്.

നിന്ന് കഥാപ്രസംഗം പറയാതെ വാഹനത്തിന്റെ വില ഒന്ന് പറയണം മിസ്റ്റർ എന്നായിരിക്കും നിങ്ങളുടെ മനസിൽ തോന്നുന്നത്. ഇനി ഞാനായിട്ട് മുഷിപ്പിക്കുന്നില്ല.ഗമുുമ 1.2 ഹ ങ്ങജശ പെട്രോൾ മാനുവൽ ട്രാൻസ്മിഷൻ ഒത2 വേരിയന്റിന്റെ പ്രാരംഭ വില എന്നത്. 7,89,900 രൂപയാണ്. ഒത4 വേരിയന്റിന് 8,79,900 രൂപയും ഒത5 മോഡലിന്റെ വില 9,14,900 രൂപയുമാണ്. ഇത് കേവലം പ്രാരംഭ വിലയാണ് അത് മാത്രമല്ല 2025 ഡിസംബർ 31 വരെ മാത്രമേ ഈ വിലയ്ക്ക് വാഹനം വാങ്ങാൻ സാധിക്കു എന്നത് പ്രത്യേകം ഓർക്കണേ.

# സ്വർണവില വീണ്ടും താഴ്ന്നിറങ്ങി; പവൻ 90,000നും താഴെ



സ്വർണവില കേരളത്തിൽ വീും താഴേക്ക്. ഗ്രാമിന് 65 രൂപ കുറഞ്ഞ് 11,225 രൂപയും പവന് 520 രൂപ കുറഞ്ഞ് 89,800 രൂപയുമായി. രാജ്യാന്തര വിപണിയുടെ ചുവടുപിടിച്ചാണ് വീഴ്ച. ലോകത്തെ ഏറ്റവും വലിയ സമ്പദ്വ്യവസ്ഥയായ യുഎസിന്റെ കേന്ദ്രബാങ്ക് ഫെഡറൽ റിസർവ് ഇനി സമീപഭാവിയിൽ പലിശനിരക്ക് കുറയ്ക്കാനുള്ള സാധ്യത മങ്ങിയതാണ് സ്വർണവിലയുടെ കുതിപ്പിന് തടയിട്ടത്.



പലിശ കുറഞ്ഞേക്കില്ലെന്ന സൂചനകളെ തുടർന്ന് ഡോളറും യുഎസ് ഗവൺമെന്റിന്റെ ട്രഷറി യീൽഡും കുതിച്ചുകയറിയത് (വിശദാംശങ്ങൾ വായിക്കാം) സ്വർണത്തിൽ വിൽപനസമ്മർദത്തിന് വഴിവയ്ക്കുകയും വില താഴുകയുമായിരുന്നു. രാജ്യാന്തരവില ഔൺസിന് 4,041 ഡോളറിൽ നിന്ന് താഴ്ന്നിറങ്ങി ഇപ്പോഴുള്ളത് 3,988 ഡോളറിൽ. ഇതോടെ ഇന്ന് കേരളത്തിലും വില കുറയ്ക്കാൻ വ്യാപാരികൾ തീരുമാനിക്കുകയായിരുന്നു.

സംസ്ഥാനത്ത് ചില ജ്വല്ലറികളിൽ 18 കാരറ്റ് സ്വർണവില ഗ്രാമിന് 55 രൂപ കുറഞ്ഞ് 9,265 രൂപയായി. വെള്ളി വില ഗ്രാമിന് 2 രൂപ പിന്നോട്ടിറങ്ങി 161 രൂപയും. മറ്റൊരു വിഭാഗം വ്യാപാരികൾ 18 കാരറ്റിന് നൽകിയ വില ഗ്രാമിന് 50 രൂപ താഴ്ത്തി 9,230 രൂപയാണ്. വെള്ളിക്ക് 2 രൂപ കുറച്ച് 158 രൂപയും. 7,190 രൂപയാണ് 14 കാരറ്റ് സ്വർണത്തിന് വില; 9 കാരറ്റിന് 4,665 രൂപയും.

# ഇറ്റലിയെ പ്രകമ്പനം കൊള്ളിക്കാൻ ടൂ വീലർ മാമാങ്കം!

എല്ലാ വർഷവും, ഇരുചക്ര വാഹന പ്രേമികൾക്ക് വേി മാത്രമായി ഇറ്റലിയിൽ ഋകഇങഅ എന്ന പേരിൽ ഒരു പ്രദർശനം നടത്താറു്. നിരവധി ഓട്ടോമൊബൈൽ നിർമ്മാതാക്കൾ ഈ പ്രദർശനത്തിൽ തങ്ങളുടെ വരാനിരിക്കുന്ന മോഡലുകൾ പ്രദർശിപ്പിക്കും. ഇന്ത്യയിലെ പോലും മുൻനിര കമ്പനികൾ പ്രദർശനത്തിൽ പങ്കെടുക്കാറു്. അങ്ങനെ ഈ വർഷത്തെ പ്രദർശനം നവംബർ 4-ന് ആരംഭിക്കുകയാണ്. സാധാരണ മോട്ടോർ ഷോ എന്നാൽ കാറുകളും ബൈക്കുകളും അതിനൊപ്പം തന്നെ വാണിജ്യവാഹനങ്ങളുമൊക്കെയാണ് അവതരിപ്പിക്കുന്നത്. എന്നാൽ ഇവിടെ തികച്ചും വ്യത്യസ്തമായി ടൂവീലറുകൾക്ക് വേി മാത്രമാണ്. മോട്ടോർഷോയുടെ കൂടുതൽ വിവരങ്ങൾ അറിയാൻ തുടർന്ന് വായിക്കാൻ മറക്കരുതേ.

ലോകത്തിലെ എല്ലാ മുൻനിര ഇരുചക്ര വാഹന ബ്രാൻഡുകളും അവരുടെ പുതിയ മോഡലുകൾ, പുത്തൻ ടെക്നോളജികൾ അതിനൊപ്പം തന്നെ മറ്റ് കാര്യങ്ങൾ എന്നിവയെല്ലാം പ്രദർശിപ്പിക്കുന്നു്. പല ഓട്ടോമൊബൈൽ നിർമ്മാതാക്കളും ഈ പ്രദർശനത്തിൽ ആദ്യമായി അവരുടെ പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നത് പതിവാണ്. 4,5 തീയതികളിലാണ് ഇറ്റലിയിലെ മിലാനിൽ ആരംഭിക്കുന്നത്.

ഈ പ്രദർശനം സന്ദർശകർക്കും മാധ്യമങ്ങൾക്കും മാത്രമായിട്ടാണ് നടക്കുന്നത്. നവംബർ 6 മുതൽ 9 വരെ പ്രദർശനം പൊതുജനങ്ങൾക്ക് വേി തുറന്നിരിക്കുന്നതാണ്. 4-ാം തീയതി പ്രാദേശിക സമയം ഉച്ചയ്ക്ക് 1 മണിക്കാണ് പരിപാടി ആരംഭിക്കുന്നത്. പരിപാടിയുടെ ടിക്കറ്റുകൾ നിലവിൽ ഓൺലൈനിൽ വിൽപ്പനയ്ക്കു്. ടിക്കറ്റുകളുടെ വില 20 യൂറോ (ഇന്ത്യൻ കറൻസിയിൽ ഏകദേശം 2,000 രൂപയാണ്).






ഓൺലൈനായി ബുക്ക് ചെയ്താൽ നിങ്ങൾക്ക് ലഭിക്കുന്ന ടിക്കറ്റിന്റെ വിലയാണിത്, അതേസമയം പ്രദർശനത്തിന് നേരിട്ട് ചെന്ന് വാങ്ങുന്ന ടിക്കറ്റിന്റെ ഫീസ് 25 യൂറോ (ഇന്ത്യൻ കറൻസിയിൽ 2,500 രൂപ) ആണ്. അതേസമയം, 4 മുതൽ 13 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ടിക്കറ്റിൽ ഇളവ് നൽകുന്നു് എന്നതാണ് പ്രത്യേകത. 4 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ പ്രവേശനം ലഭിക്കുകയും ചെയ്യും. കൂടാതെ, ഭിന്നശേഷിക്കാർക്കും സൗജന്യ പ്രവേശനം നൽകുന്നു. സ്കൂളിൽ നിന്ന് ഈ പ്രദർശനം കാണാൻ വന്നാൽ,സ്കൂൾ കുട്ടികൾക്കും ടിക്കറ്റ് വിലയിൽ ഇളവു്. ഇന്ത്യൻ ബ്രാൻഡുകളുടെ സാന്നിധ്യം ഷോയിൽ കാണാൻ സാധിക്കും. റോയൽ എൻഫീൽഡ് തങ്ങളുടെ ഹിമാലയൻ 450 റാലി എഡിഷൻ ബൈക്ക് പ്രദർശനത്തിനെത്തുമെന്ന് കാണിക്കുന്ന ഒരു ടീസർ പുറത്തിറക്കിയിരുന്നു.

അതിനൊപ്പം തന്നെ കമ്പനിയുടെ ആദ്യ ഇലക്ട്രിക് ബൈക്കായ ഫ്ലയിംഗ് ഫ്ലാ എസ്6 സ്ക്രാംബ്ലറും പ്രദർശനത്തിനെത്താൻ സാധ്യതയു്. ടിവിഎസും നോർട്ടണും പ്രദർശനത്തിൽ പങ്കെടുക്കുന്നു്. 450 സിസി അഡ്വഞ്ചർ ബൈക്ക് പ്രദർശിപ്പിക്കാൻ പദ്ധതിയിടുന്നതായി റിപ്പോർട്ടുകൾ പുറത്ത് വന്നിരുന്നു. ബിഎംഡബ്ല്യു എഫ് 450 ജിഎസ് പ്ലാറ്റ്ഫോമിലാണ് ഈ ബൈക്ക് നിർമ്മിച്ചിരിക്കുന്നത്. നോർട്ടൺ ബ്രാൻഡിന് കീഴിൽ 4 പുതിയ ബൈക്കുകൾ പുറത്തിറക്കാൻ പദ്ധതിയിട്ടിട്ടു്. ഹീറോ മോട്ടോകോർപ്പ് അവരുടെ എക്സ് പൾസ് 421 ബൈക്ക് പ്രദർശിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ലോകത്തെമ്പാടുമുള്ള ടൂ വീലർ പ്രേമികളുടെ പ്രിയപ്പെട്ട മോട്ടോർഷോയിൽ പങ്കെടുക്കാൻ നേരത്തെ തന്നെ കാത്തിരിക്കുന്ന നിരവധി പേരു്. ഇന്ത്യയിൽ നിന്ന് എന്തായാലും നിരവധി വാഹനപ്രേമികൾ ഇപ്പോൾ തന്നെ ഇറ്റലിക്ക് വിപടിച്ചു കാണുമെന്ന കാര്യത്തിൽ സംശയം
വേണ്ട.

# കൊളസ്ട്രോളും ശരീരഭാരവും കുറയ്ക്കുന്ന പച്ചക്കറി; വെണ്ടയ്ക്ക



എല്ലാക്കാലത്തും ലഭ്യമായ ഒരു പച്ചക്കറി ആണ് വെണ്ടയ്ക്ക. പോഷകങ്ങൾ അടങ്ങിയ വെണ്ടയ്ക്കയ്ക്ക് ആരോഗ്യ ഗുണങ്ങളും ഏറെയാണ്. അന്നജം, പ്രോട്ടീൻ, ഫാറ്റി ആസിഡുകൾ, വൈറ്റമിനുകൾ, ധാതുക്കൾ, നാരുകൾ ഇവ ധാരാളമായി വെണ്ടയ്ക്കയിലുണ്ട്. കാലറി കുറഞ്ഞ വെണ്ടയ്ക്ക ശരീരഭാരം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് ഏറെ ഗുണം ചെയ്യും. 100 ഗ്രാം വെണ്ടയ്ക്കയിൽ 33 കാലറി മാത്രമേ ഉള്ളൂ. ഭക്ഷ്യനാരുകൾ ധാരാളം അടങ്ങിയതിനാൽ ഏറെ നേരം വയർ നിറഞ്ഞ തോന്നലുണ്ടാക്കാനും അമിതമായി ഭക്ഷണം കഴിക്കുന്നതു തടയാനും വെണ്ടയ്ക്ക സഹായിക്കും. 2021 ൽ നടത്തിയ ഒരു പഠനമനുസരിച്ച് ശരീരഭാരവും ഗ്ലൂക്കോസിന്റെ അളവും കുറയ്ക്കാൻ വെണ്ടയ്ക്കയ്ക്ക് കഴിയും. കൂടാതെ ഗ്ലൂക്കോസ് ടോളറൻസ് മെച്ചപ്പെടുത്താനും വെണ്ടയ്ക്ക കഴിക്കുന്നതിലൂടെ സാധിക്കും. വെണ്ടയ്ക്കയിലടങ്ങിയ നാരുകൾ ദഹനവ്യവസ്ഥയെ ആരോഗ്യമുള്ളതാക്കുന്നു. മലബന്ധം അകറ്റി ഉദരാരോഗ്യം മെച്ചപ്പെടുത്തുന്നു. വെണ്ടയ്ക്കയുടെ കുരു വറുത്ത് കാപ്പിക്കു പകരമായി ഉപയോഗിക്കാം. കഫീന്റെ അളവ് കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് വെണ്ടയ്ക്കാക്കുരു വറുത്തുണ്ടാക്കുന്ന ചായ നല്ലതാണ്. വെണ്ടയ്ക്കയുടെ വഴുവഴുപ്പുള്ള ഘടന ഔഷധ ഗുണങ്ങളുള്ളതാണ്. പാരമ്പര്യ വൈദ്യത്തിൽ പ്ലാസ്മാ റീപ്ലേസ്മെന്റിനും രക്തത്തിന്റെ വ്യാപ്തം കൂട്ടാനും ഉള്ള ചികിത്സയ്ക്ക് ഇത് ഉപയോഗിക്കുന്നുണ്ട്. തൊണ്ട വേദനയ്ക്കും ദഹനപ്രശ്നങ്ങൾക്കും വെണ്ടയ്ക്ക ഔഷധമാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ വെണ്ടയ്ക്കയ്ക്കു കഴിവുണ്ടെന്ന് പഠനങ്ങൾ പറയുന്നു. പ്രമേഹ രോഗികൾക്ക് മികച്ച ഭക്ഷണമാണിത്. വൈറ്റമിൻ സി, കെ, മഗ്നീഷ്യം, ഫോളേറ്റ് എന്നിവ വെണ്ടയ്ക്കയിൽ ധാരാളമുണ്ട്. വൈറ്റമിൻ സി രോഗപ്രതിരോധശക്തി വർധിപ്പിക്കും. വൈറ്റമിൻ കെ ആവട്ടെ എല്ലുകൾക്ക് ആരോഗ്യമേകുന്നു ഒപ്പം രക്തം കട്ടപിടിക്കാനും സഹായിക്കുന്നു. വെണ്ടയ്ക്കയിലടങ്ങിയ പോളിഫിനോളുകൾ പോലുള്ള ആന്റി ഓക്സിഡന്റുകള് ഇൻഫ്ലമേഷനും ഓക്സീകരണസമ്മർദവും കുറയ്ക്കുന്നു. ഇതുവഴി ഹൃദ്രോഗം, കാൻസർ തുടങ്ങിയ ഗുരുതര രോഗങ്ങൾക്കുള്ള സാധ്യതയും കുറയ്ക്കുന്നു. വെണ്ടയ്ക്ക പതിവായി കഴിക്കുന്നത് ഹൃദയാരോഗ്യം മെച്ചപ്പെടുത്തും. വെണ്ടയ്ക്കയിലടങ്ങിയ സോല്യുബിൾ ഫൈബർ, കൊളസ്ട്രോളുമായി ചേർന്ന് ചീത്ത കൊളസ്ട്രോൾ കുറയ്ക്കാൻ സഹായിക്കുന്നു. വെണ്ടയ്ക്കയിലടങ്ങിയ ആന്റി ഓക്സിഡന്റുകൾ ഹൃദയസംബന്ധമായ ആരോഗ്യം മെച്ചപ്പെടുത്തുന്നു.

# ചർമ്മത്തെ സുന്ദരമാക്കാൻ തണ്ണിമത്തന്റെ തൊലി



ആന്റിഓക്സിഡന്റുകൾ, വിറ്റാമിൻ എ, ബി, സി, പ്രകൃതിദത്ത ഹൈഡ്രേറ്ററുകൾ എന്നിവയാൽ നിറഞ്ഞ തണ്ണിമത്തൻ തൊലി ചർമ്മത്തെ പുതിയതും തിളക്കമുള്ളതുമാക്കും. മുഖത്ത് കരുവാളിപ്പ്, ഡാർക്ക് സർക്കിൾസ്, വരണ്ട ചർമ്മം ഇങ്ങനെ നിരവധി ചർമ്മപ്രശ്നങ്ങൾ നിങ്ങളെ അലട്ടുന്നുണ്ടാകും. ഇതിനൊക്കെ ഒരു പരിധി വരെ ആശ്വാസം നൽകുന്ന ഒന്നാണ് തണ്ണിമത്തന്റെ തൊലി. തണ്ണിമത്തന്റെ തൊലി എല്ലാവരും കളയാറാണ് പതിവ്. എന്നാൽ ഇനി മുതൽ ചർമ്മത്തെ സുന്ദരമാക്കാൻ ഇത് സഹായിക്കും. ചർമ്മത്തെ സുന്ദരമാക്കാൻ തണ്ണിമത്തന്റെ തൊലി ഉപയോഗിക്കേണ്ട വിധം. തണ്ണിമത്തന്റെ തൊലി നന്നായി പേസ്റ്റാക്കി അടിച്ചെടുക്കുക. ശേഷം അതിലേക്ക് രണ്ട് സ്പൂൺ കടലമാവ് ചേർക്കുക. ശേഷം അൽപം റോസ് വാട്ടർ ചേർത്ത് പാക്ക് ഉണ്ടാക്കുക. ശേഷം ഈ പാക്ക് മുഖത്തും കഴുത്തിലുമായി പുരട്ടുക. 15 മിനുട്ടിന് ശേഷം കഴുകി കളയുക.

രണ്ട്

രണ്ട് സ്പൂൺ തണ്ണിമത്തന്റെ തൊലിയുടെ പേസ്റ്റും അൽപം കറ്റാർവാള ജെല്ലും യോജിപ്പിച്ച് മുഖത്തും കഴുത്തിലുമായി ഇടുക. 15 മിനുട്ടിന് ശേഷം കഴുകി കളയുക. ഉണങ്ങി കഴിഞ്ഞാൽ തണുത്ത വെള്ളത്തിൽ മുഖം കഴുകുക. ആഴ്ചയിൽ രണ്ടോ മൂന്നോ തവണ ഈ പാക്ക് ഇടുക.

മൂന്ന്

രണ്ട് സ്പൂൺ തണ്ണിമത്തൻ തൊലിയുടെ പേസ്റ്റും അൽപം ഓറഞ്ച് നീരും യോജിപ്പിച്ച് പാക്ക് ഉണ്ടാക്കുക. ശേഷം ഈ പാക്ക് മുഖത്തും കഴുത്തിലുമായി പുരട്ടുക. ഉണങ്ങിയ ശേഷം കഴുകി കളയുക.

# അത്തിപ്പഴത്തിലുണ്ട് ഒട്ടേറെ ഗുണങ്ങൾ



ഉണക്കിയ അത്തിപ്പഴം നിരവധി ആരോഗ്യഗുണങ്ങളുള്ള ഒന്നാണ്. ഇത് ആന്റിഓക്സിഡന്റുകളുടെ നല്ലൊരു സ്രോതസാണ്. ഒമേഗ 6 ഫാറ്റി ആസിഡുകളും ഫൈബറും ഇതിലുണ്ട്. കൂടാതെ കാത്സ്യം, മഗ്നീഷ്യം, കോപ്പർ, പൊട്ടാസ്യം, വിറ്റാമിന് കെ തുടങ്ങിയ പല പോഷകങ്ങള് ലഭിയ്ക്കാനും ഇത് കഴിയ്ക്കുന്നത് നല്ലതാണ്. മലബന്ധത്തെ പ്രതിരോധിക്കാനും ദഹനം മെച്ചപ്പെടുത്താനും ഫൈബറിന്റെ കലവറയായ അത്തപ്പഴം ഗുണകരമാണ്.കുടലിലെ നല്ല ബാക്ടീരിയകളുടെ വളര്ച്ചയ്ക്കും ഇത് സഹായിക്കും. ദഹനവ്യവസ്ഥയെ മെച്ചപ്പെടുത്താനും അസിഡിറ്റി, ദഹനക്കേട് തുടങ്ങിയ പ്രശ്നങ്ങളെ പരിഹരിക്കാനും കുടലിന്റെ ആരോഗ്യം സംരക്ഷിക്കാനും ഗുണം ചെയ്യും. മഗ്നീഷ്യം, ഇരുമ്പ് തുടങ്ങിയവ അടങ്ങിയ അത്തിപ്പഴം കഴിക്കുന്നത് ശരീരത്തിന് വേണ്ട ഊര്ജം പ്രദാനം ചെയ്യും. അതിനൊപ്പം വിശപ്പ് കുറയ്ക്കാനും സഹായിക്കും. അത്തിപ്പഴത്തില് പൊട്ടാസ്യം ധാരാളമുണ്ട്. സോഡിയം കുറവുമാണ്. അതിനാല് ഇവ രക്തസമ്മര്ദ്ദം കുറയ്ക്കാനും നല്ലതാണ്. കുതിര്ത്ത അത്തിപ്പഴം കഴിക്കുന്നത് ചര്മത്തിന്റെ ആരോഗ്യത്തിനും നല്ലതാണ്. ഇത് ചര്മത്തിന് തിളക്കം നല്കും. ആന്റിഓക്സിഡന്റുകള് അടങ്ങിയ ഇവ ഹൃദയാരോഗ്യം സംരക്ഷിക്കാനും സഹായിക്കും. ഉണക്ക അത്തിപ്പഴത്തില് കാത്സ്യവും ഫോസ്ഫറസും അടങ്ങിയിക്കുന്നതിനാല് എല്ലുകളുടെ ആരോഗ്യവും ഇത് മെച്ചപ്പെടുത്തും.

# കാൻസറിനെ പ്രതിരോധിക്കാൻ മധുരക്കിഴങ്ങ്



നിറയെ പോഷണഗുണങ്ങളുള്ള മധുരക്കിഴങ്ങ് അഥവാ സ്വീറ്റ് പൊട്ടറ്റോ നമ്മുടെ നിത്യഭക്ഷണക്രമത്തിന്റെ ഭാഗമാക്കാന് പറ്റിയ നല്ലൊരു വിഭവമാണ്. ഡയറ്ററി ഫൈബർ, ബീറ്റ കരോട്ടീന് അഥവാ വൈറ്റമിന് എ, പൊട്ടാസിയം, ആന്റി ഓക്സിഡന്റുകള് എന്നിവയെല്ലാം അടങ്ങിയ മധുരക്കിഴങ്ങ് കഴിച്ചാല് ഇനി പറയുന്ന ഗുണഫലങ്ങള് ശരീരത്തിന് ഉണ്ടാകും.

**1. ഹൃദയത്തിന് നല്ലത്**

മധുരക്കിഴങ്ങിലെ പൊട്ടാസിയം തോത് രക്തസമ്മർദ്ധം നിയന്ത്രിക്കാന് സഹായകമാണ്. ശരീരത്തിലെ സോഡിയം തോതിനെ നിയന്ത്രിക്കുന്നത് വഴി കോശങ്ങളില് ദ്രാവകം കെട്ടിക്കിടക്കുന്ന അവസ്ഥ ഒഴിവാക്കും. ഇത് രക്തധമനികളുടെ ഭിത്തിയെയും ശാന്തമാക്കും. ഹൃദ്രോഗത്തിന്റെ പ്രധാനകാരണമായ ഹൈപ്പര്ടെന്ഷന് സാധ്യത ഇത് വഴി കുറയ്ക്കാനാകും.

**2. കൊളസ്ട്രോള് കുറയ്ക്കും**

മധുരക്കിഴങ്ങില് അടങ്ങിയിരിക്കുന്ന ഡയറ്ററി ഫൈബര് ചീത്ത കൊളസ്ട്രോള് എന്നറിയപ്പെടുന്ന എല്ഡിഎല് കൊളസ്ട്രോളിന്റെ തോത് കുറയ്ക്കും. ഇത് രക്തധമനികളില് കൊഴുപ്പ് അടിഞ്ഞു കൂടി അഥെറോസ്ക്ലിറോസിസ് ഉണ്ടാകാനുള്ള സാധ്യത ഇല്ലാതാക്കും. ലിപിഡ് പ്രൊഫൈല് പൊതുവേ മെച്ചപ്പെടുത്താനും ഡയറ്ററി ഫൈബർ സഹായകമാണ്.


**3. നീര്ക്കെട്ട് കുറയ്ക്കും**

മധുരക്കിഴങ്ങിലെ ആന്റി ഓക്സിഡന്റുകള് പ്രത്യേകിച്ച് ആന്തോസയാനിനുകള് ഓക്സിഡേറ്റീവ് സ്ട്രെസ്സിനെ നേരിട്ട് രക്തധമനികളിലെ നീര്ക്കെട്ട് കുറയ്ക്കും. ഇത് സുഗമമായ രക്തയോട്ടം ഉറപ്പാക്കുകയും രക്തധമനികളിലെ ക്ലോട്ടിന്റെ സാധ്യത ഇല്ലാതാക്കുകയും ചെയ്യും.

**4. അര്ബുദത്തെ നേരിടും**

നിറയെ ആന്റി ഓക്സിഡന്റുകളും ഫൈറ്റോകെമിക്കലുകളും ഫൈബറും അടങ്ങിയ മധുരക്കിഴങ്ങ് അര്ബുദത്തെ നേരിടാനും സഹായിക്കുന്നു. ഇതില് അടങ്ങിയിരിക്കുന്ന ബീറ്റ കരോട്ടിന് പ്രതിരോധ ശക്തി വര്ദ്ധിപ്പിച്ച് ഫ്രീ റാഡിക്കലുകള് ഉണ്ടാക്കുന്ന കോശനാശം കുറയ്ക്കുന്നു. ഡിഎന്എ വ്യതിയാനങ്ങള് ഉണ്ടാക്കുന്ന കണികകളായ ഫ്രീറാഡിക്കലുകള് അര്ബുദ വളര്ച്ചയില് നിര്ണ്ണായക പങ്ക് വഹിക്കുന്നുണ്ട്. മധുരക്കിഴങ്ങിലെ ബീറ്റ കരോട്ടിന് ശ്വാസകോശം, പ്രോസ്റ്റേറ്റ്, സ്തനങ്ങള് എന്നിവിടങ്ങളിലെ അര്ബുദ സാധ്യത കുറയ്ക്കും. ആന്തോസയാനിനുകളും അര്ബുദ കോശ വളര്ച്ചയുടെ വേഗം കുറയ്ക്കുമെന്ന് പഠനങ്ങളില് കണ്ടെത്തിയിട്ടുണ്ട്. മധുരക്കിഴങ്ങിലെ ഡയറ്ററി ഫൈബര് വയറിലെ ഗുണപ്രദമായ ബാക്ടീരിയകളുടെ വളര്ച്ചയെ സഹായിക്കുന്നത് കൊളോറെക്ടല് അര്ബുദസാധ്യത കുറയ്ക്കും. ദഹനനാളിയില് നിന്ന് അര്ബുദകാരണമാകുന്ന കാര്സിനോജനുകളെ നീക്കം ചെയ്യാനും ഈ ഫൈബര് സഹായിക്കും. മധുരക്കിഴങ്ങിലെ ഫെനോളിക് സംയുക്തങ്ങളും ആന്റി കാന്സര് ഗുണങ്ങളുള്ളതാണ്.

# ശരീരത്തിൽ ഇരുമ്പിൻറെ കുറവുണ്ടോ? തിരിച്ചറിയേണ്ട അഞ്ച് ലക്ഷണങ്ങൾ



ചുവന്ന രക്താണുക്കൾക്ക് ഓക്സിജനെ വഹിക്കാൻ സഹായിക്കുന്ന ഒരു പ്രോട്ടീനാണ് ഹീമോ?ഗ്ലോബിൻ. ഈ ഹീമോ?ഗ്ലോബിൻ നിർമ്മിക്കണമെങ്കിൽ ഇരുമ്പ് ആവശ്യമാണ്. ശരീരത്തിന് ഏറെ ആവശ്യമായ ഒരു ധാതുവാണ് ഇരുമ്പ്. ചുവന്ന രക്താണുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും രോഗപ്രതിരോധ സംവിധാനത്തിനും പേശികളുടെ ശക്തിക്കും ഊർജ്ജത്തിനും ഇത് ആവശ്യമാണ്. ചുവന്ന രക്താണുക്കൾക്ക് ഓക്സിജനെ വഹിക്കാൻ സഹായിക്കുന്ന ഒരു പ്രോട്ടീനാണ് ഹീമോ?ഗ്ലോബിൻ. ഈ ഹീമോ?ഗ്ലോബിൻ നിർമ്മിക്കണമെങ്കിൽ ഇരുമ്പ് ആവശ്യമാണ്. ഹീമോഗ്ലോബിൻറെ അളവ് കൂട്ടാനും രക്തത്തിലെ ഓക്സിജൻറെ അളവ് കൂട്ടാനും ഇരുമ്പ് അടങ്ങിയ ഭക്ഷണങ്ങൾ സഹായിക്കും. ശരീരത്തിൽ ഇരുമ്പിൻറെ അംശം കുറഞ്ഞു കാണുന്ന അവസ്ഥയാണ് അനീമിയ അഥവാ വിളർച്ച. ശരീരത്തിൽ ആവശ്യത്തിന് ചുവന്ന രക്താണുക്കൾ ഇല്ലാത്ത അവസ്ഥയാണിത്. ഇരുമ്പിൻറെ കുറവുള്ളവരിൽ കാണുന്ന പ്രധാനപ്പെട്ട ലക്ഷണങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

**1. ക്ഷീണം, തളർച്ച**

ഒരു കാരണവുമില്ലാതെ ക്ഷീണം, തളർച്ച, ഉന്മേഷക്കുറവ്, ഒന്നും ചെയ്യാൻ തോന്നാത്ത അവസ്ഥ എന്നിവയുണ്ടാകുന്നത് ചിലപ്പോൾ ഇരുമ്പിൻറെ കുറവു മൂലമാകാം.

**2. വിളറിയ ചർമ്മം**

വിളറിയ ചർമ്മവും വിളർച്ചയുടെ അഥവാ ഇരുമ്പിൻറെ കുറവിനെ സൂചിപ്പിക്കുന്ന ലക്ഷണമാകാം.

**3. ഇടയ്ക്കിടെയുള്ള തലവേദന, തലക്കറക്കം**

ഇടയ്ക്കിടെയുള്ള തലവേദന, തലക്കറക്കം എന്നിവയും ചിലപ്പോൾ ഇതുമൂലമുള്ള സൂചനയാകാം.

4. പൊട്ടുന്നതോ ആകൃതി തെറ്റിയതോ ആയ നഖങ്ങൾ പെട്ടെന്ന് പൊട്ടുന്നതോ ആകൃതി തെറ്റിയതോ ആയ നഖങ്ങളും ചിലപ്പോൾ അയേണിൻറെ കുറവിൻറെ സൂചനയാകാം.

**5. ശ്വസിക്കാനുള്ള ബുദ്ധിമുട്ട്**

ശ്വസിക്കാനുള്ള ബുദ്ധിമുട്ട്, വിചിത്രമായ ചില ഭക്ഷണകൊതികൾ തുടങ്ങിയവയും ഇരുമ്പിൻറെ കുറവുള്ളവരിൽ കാണുന്ന ലക്ഷണങ്ങളാകാം.

**ഇരുമ്പ് അടങ്ങിയ ചില ഭക്ഷണങ്ങളെ പരിചയപ്പെടാം:**

ഇലക്കറികൾ, ബീറ്റ്റൂട്ട്, മാതളം, ഈന്തപ്പഴം, ചിയ സീഡ്സ് തുടങ്ങിയവയിൽ നിന്നും ശരീരത്തിന് വേണ്ട ഇരുമ്പ് ലഭിക്കും.

# അറിയാം ശംഖുപുഷ്പം ചായയുടെ ഗുണങ്ങൾ



ഒരു ആയുർവേദ ഔഷധച്ചെടിയായ ശംഖുപുഷ്പത്തിന് നിരവധി ആരോഗ്യ ഗുണങ്ങളുണ്ട്. ശംഖുപുഷ്പം കൊണ്ട് ഉണ്ടാക്കുന്ന ചായ ഇത്തരത്തിൽ ആരോഗ്യഗുണങ്ങൾ ഏറെയുള്ള ഒന്നാണ്. സമ്മർദം അകറ്റാനും ബൗദ്ധികപ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ആരോഗ്യമേകാനും ശംഖുപുഷ്പം സഹായിക്കും.

**ഓർമശക്തി**

തലച്ചോറിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നു എന്നതാണ് ശംഖുപുഷ്പച്ചായയുടെ ഒരു പ്രധാന ഗുണം. ഓർമക്കുറവ്, മറവി, ശ്രദ്ധകേന്ദ്രീകരിക്കാൻ സാധിക്കാതെവരുക ഇവയ്ക്കെല്ലാം പരിഹാരമാണ് ഈ ചായ. മേധ്യരസായനം ആയാണ് ആയുർവേദം ശംഖുപുഷ്പത്തെ കരുതുന്നത്. അതായത് ശക്തിയേറിയ ഒരു ബ്രെയ്ൻ ടോണിക് ആണിത്. തലച്ചോറിലെ കോശങ്ങളെ പുനരുജ്ജീവിപ്പിക്കാനും ഓർമശക്തി മെച്ചപ്പെടുത്താനും ഈ ബൗദ്ധിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും ശംഖുപുഷ്പം സഹായിക്കും. പതിവായി ശംഖുപുഷ്പച്ചായ കുടിക്കുന്നത് ശ്രദ്ധയ്ക്കും മാനസികവ്യക്തതയ്ക്കും ബുദ്ധി വളർച്ചയ്ക്കും സഹായകമാണ്.

**സമ്മർദം അകറ്റുന്നു**

സ്ട്രെസ് അകറ്റാൻ ഫലപ്രദമായ ഒന്നാണ് ശംഖുപുഷ്പച്ചായ. സ്ട്രെസ്സ് ഹോർമോണായ കോർട്ടിസോളിന്റെ ഉൽപാദനം നിയന്ത്രിക്കുകയും സെറാടോണിൻ, ഡോപമിൻ പോലുള്ള 'ഫീൽ ഗുഡ്' ന്യൂറോട്രാൻസ്മിറ്ററുകളുടെ ഉൽപാദനം വർധിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നു. മനസിനെ ശാന്തമാക്കാനും ഉത്കണ്ഠ അകറ്റാനും ഇത് സഹായിക്കുന്നു.

**ഉറക്കം**

രാത്രി ശരിയായ ഉറക്കം ലഭിക്കുന്നില്ലെങ്കിൽ ശംഖുപുഷ്പച്ചായ അതിനു പരിഹാരമേകും. സമ്മർദവും ഉത്കണ്ഠയും അകറ്റി മെച്ചപ്പെട്ട ഉറക്കം ലഭിക്കാൻ ഇത് സഹായിക്കും. വൈകുന്നേരങ്ങളിൽ ശംഖുപുഷ്പച്ചായ കുടിക്കുന്നത് രാത്രി സുഖകരമായ ഉറക്കം ലഭിക്കാൻ സഹായിക്കും.

**ദഹനം**

ദഹനം മെച്ചപ്പെട്ടാൽ ആരോഗ്യം മെച്ചപ്പെടും ബ്ലോട്ടിങ്ങ് കുറച്ച് ദഹനം മെച്ചപ്പെടുത്താൻ ശംഖുപുഷ്പച്ചായ സഹായിക്കും. ബവൽ മൂവ്മെന്റ് മെച്ചപ്പെടുത്താനും മലബന്ധം അകറ്റാനും ഇത് സഹായിക്കുന്നു.

**ഹൃദയാരോഗ്യം**

ശംഖു പുഷ്പച്ചായ പതിവായി കുടിക്കുന്നത് രക്തസമ്മർദം നിയന്ത്രിക്കാനും കൊളസ്ട്രോൾ കുറയ്ക്കാനും രക്തചംക്രമണം മെച്ചപ്പെടുത്താനും സഹായിക്കും. ഇവയെല്ലാം ഹൃദയാരോഗ്യം നിലനിർത്താൻ ആവശ്യമാണ്. മനസ്സിനെയും ശരീരത്തെയും ശാന്തമാക്കി, സമ്മർദം അകറ്റി ഹൃദയസംബന്ധമായ രോഗങ്ങൾക്കുള്ള സാധ്യത കുറയ്ക്കാൻ ശംഖുപുഷ്പച്ചായ സഹായിക്കും.

**നിരോക്സീകാരികൾ**

ആന്റിഓക്സിഡന്റുകളാൽ സമ്പന്നമാണ് ശംഖുപുഷ്പച്ചായ. ഇത് ഓക്സീകരണ സമ്മർദത്തിനു കാരണമാകുന്ന ഫ്രീറാഡിക്കലുകളെ പ്രതിരോധിക്കുന്നു. രോഗപ്രതിരോധശക്തി വർധിപ്പിക്കാനും തിളക്കവും ആരോഗ്യവും ഉള്ള ചർമത്തിനും ഇത് ഫലപ്രദമാണ്. പതിവായി ശംഖുപുഷ്പച്ചായ കുടിക്കുന്നത് ശരീരത്തിലെ വിഷാംശങ്ങളെ അകറ്റുകയും മലിനീകരണം, സമ്മർദം, അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ ഇവയുടെ ദോഷഫലങ്ങളെ അകറ്റുകയും ചെയ്യും പ്രതിരോധശക്തി വർധിപ്പിച്ച് ആരോഗ്യവും സൗഖ്യവും നിലനിർത്താൻ ശംഖുപുഷ്പച്ചായ ശീലമാക്കാം.

# സൺ ടാൺ മാറാൻ കറ്റാർവാഴ



ആന്റി ബാക്ടീരിയൽ, ആന്റി ഫംഗൽ ഗുണങ്ങളാൽ സമ്പുഷ്ടമാണ് കറ്റാർവാഴ. സൺ ടാൺ മാറാൻ കറ്റാർവാഴ കൊണ്ട് ഫേസ് പാക്കുകൾ പരീക്ഷിക്കാം. മുഖത്ത് കരുവാളിപ്പ്, ഡാർക്ക് സർക്കിൾസ്, മുഖക്കുരുവിന്റെ പാടുകൾ എന്നിവ മിക്കവരിലും കാണുന്ന ചർമ്മ പ്രശ്നങ്ങളാണ്. കറ്റാർവാഴ ഒരു പ്രകൃതിദത്ത മോയ്സ്ചറൈസറാണ്. ഇത് ചർമ്മത്തിന് പോഷണം നൽകുന്നു. വേനൽക്കാലത്ത് നമ്മളിൽ മിക്കവരും നേരിടുന്ന ഒരു സാധാരണ പ്രശ്നമാണ് ടാനിംഗും പൊള്ളലും. സൂര്യതാപം മൂലം ചർമ്മത്തിൽ ചുവപ്പും ചൊറിച്ചിലും അനുഭവപ്പെടുന്നു. കറ്റാർവാഴ ഈ പ്രശ്നം ഒരു പരിധി വരെ തടയുന്നു. മുഖത്തിന് ഭംഗി കൂട്ടാൻ പ്രകൃതിദത്തമായി രീതിയിൽ ഉപയോഗിക്കാവുന്നതാണ് കറ്റാർവാഴ. ആന്റി ബാക്ടീരിയൽ, ആന്റി ഫംഗൽ ഗുണങ്ങളാൽ സമ്പുഷ്ടമാണ് കറ്റാർവാഴ. സൺ ടാൺ മാറാൻ കറ്റാർവാഴ കൊണ്ട് ഫേസ് പാക്കുകൾ പരീക്ഷിക്കാം.

**ഒന്ന്**

രണ്ട് സ്പൂൺ വെളിച്ചെണ്ണയിൽ അൽപം കറ്റാർവാഴ ജെൽ യോജിപ്പിച്ച് പാക്ക് ഉണ്ടാക്കുക. ശേഷം ഈ പാക്ക് മുഖത്തും കഴുത്തിലുമായി പുരട്ടുക. നന്നായി ഉണങ്ങി കഴിഞ്ഞാൽ കഴുകി കളയുക.

**രണ്ട്**

1 ടേബിൾ സ്പൂൺ കറ്റാർവാഴ ജെല്ലും 1 ടേബിൾ സ്പൂൺ റോസ് വാട്ടറും യോജിപ്പിച്ച് പാക്ക് ഉണ്ടാക്കുക. ശേഷം ഈ പാക്ക് മുഖത്തും കഴുത്തിലുമായി പുരട്ടുക.

**മൂന്ന്**

രണ്ട് സ്പൂൺ തൈരും അൽപം കറ്റാർവാഴ ജെല്ലും യോജിപ്പിച്ച് മുഖത്തും കഴുത്തിലുമായി പുരട്ടുക. ഉണങ്ങി കഴിഞ്ഞാൽ തണുത്ത വെള്ളത്തിൽ മുഖം കഴുകുക.

# അറിയാം മഗ്നീഷ്യത്തിന്റെ അളവ് അമിതമായാലുള്ള ആരോഗ്യപ്രശ്നങ്ങൾ



ഊർജ്ജോത്പാദനത്തിനും എല്ലുകളുടെ ബലത്തിനും മഗ്നീഷ്യം അത്യാവശ്യമാണ്. എന്നാൽ ശരീരത്തിൽ മഗ്നീഷ്യത്തിന്റെ അളവ് അമിതമായാൽ ചില ആരോ?ഗ്യപ്രശ്നങ്ങൾ ഉണ്ടാകാം. ശരീരത്തിന്റെ പ്രവർത്തനത്തിന് വേണ്ട പ്രധാനപ്പെട്ട പോഷക?മാണ് മഗ്നീഷ്യം. ഊർജ്ജോത്പാദനത്തിനും എല്ലുകളുടെ ബലത്തിനും മഗ്നീഷ്യം അത്യാവശ്യമാണ്. എന്നാൽ ശരീരത്തിൽ മഗ്നീഷ്യത്തിന്റെ അളവ് അമിതമായാൽ ചില ആരോ?ഗ്യപ്രശ്നങ്ങൾ ഉണ്ടാകാം. മഗ്നീഷ്യത്തിന്റെ അളവ് അമിതമായാലുള്ള പ്രശ്നങ്ങളെ കുറിച്ചാണ് ഇനി പറയുന്നത്.

**ഒന്ന്**

മഗ്നീഷ്യത്തിന്റെ അമിതമായ ഉപഭോഗം വിട്ടുമാറാത്ത വയറിളക്കത്തിന് ഒരു പ്രധാന കാരണമായി കണ്ടെത്തിയതായി ദി ന്യൂ ഇംഗ്ലണ്ട് ജേണൽ ഓഫ് മെഡിസിനൽ പ്രസിദ്ധീകരിച്ച പഠനത്തിൽ പറയുന്നു. മഗ്നീഷ്യം സിട്രേറ്റ്, മഗ്നീഷ്യം ഓക്സൈഡ്, മഗ്നീഷ്യം ഹൈഡ്രോക്സൈഡ് എന്നിവ മൂലമാണ് വയറിളക്കം ഉണ്ടാകുന്നത്.

**രണ്ട്**

ഉയർന്ന അളവിലുള്ള മഗ്നീഷ്യം സപ്ലിമെന്റുകൾ കഴിക്കുന്നത് ഓക്കാനത്തിന് ഇടയാക്കുന്നതായി വിദ?ഗ്ധർ പറയുന്നു.

**മൂന്ന്**

മറ്റൊരു പ്രശ്നമാണ് വയറുവേദന. ഇത് മഗ്നീഷ്യത്തിന്റെ സാധാരണ പാർശ്വഫലങ്ങളിൽ ഒന്നാണ്. മഗ്നീഷ്യം സൾഫേറ്റും മഗ്നീഷ്യം സിട്രേറ്റും മൂലമാണ് ഇത് സംഭവിക്കുന്നത്.

**നാല്**

വളരെ ഉയർന്ന അളവിലുള്ള മ?ഗ്നഷ്യം സപ്ലിമെന്റ് കുറഞ്ഞ രക്തസമ്മർദ്ദമോ ഹൈപ്പോടെൻഷനോ ഉണ്ടാക്കാം. ഇത് തലകറക്കം, ബോധക്ഷയം, കാഴ്ച മങ്ങൽ, ക്ഷീണം എന്നിവയ്ക്ക് ഇടയാക്കും.

**അഞ്ച്**

മഗ്നീഷ്യത്തിന്റെ പാർശ്വഫലങ്ങളിൽ ഒന്നാണ് ക്രമരഹിതമായ ഹൃദയമിടിപ്പ്. വളരെ ഉയർന്ന അളവിലുള്ള മഗ്നീഷ്യം ഹൃദയത്തിന്റെ വൈദ്യുത പ്രവർത്തനത്തെ ബാധിക്കുന്നു. ഇത് ഹൃദയമിടിപ്പ് കുറയുന്നതിനോ, ഹൃദയമിടിപ്പ് മന്ദഗതിയിലാകുന്നതിനോ കാരണമാകും.

**ആറ്**

മഗ്നീഷ്യം പേശികളെയും നാഡികളെയും ബാധിക്കുന്നു. അലസത, ക്ഷീണം, കാലുകളും കൈകളും ചലിപ്പിക്കാൻ ബുദ്ധിമുട്ട് എന്നിവ അനുഭവപ്പെടും. ഉയർന്ന അളവിൽ മഗ്നീഷ്യം കഴിച്ചാൽ പേശി ബലഹീനത സംഭവിക്കാം.

**ഏഴ്**

വളരെ ഉയർന്ന അളവിലുള്ള മഗ്നീഷ്യം നാഡീവ്യവസ്ഥയെ ബാധിക്കുകയും ശ്വസന പേശികളെ ബാധിക്കുകയും ചെയ്യും.

# കണ്ണുകളുടെ ആരോഗ്യത്തിന് വേണ്ട വിറ്റാമിനുകൾ



പോഷകളാൽ സമ്പുഷ്ടമായ സമീകൃതാഹാരം കണ്ണുകളുടെ ആരോഗ്യത്തെ സംരക്ഷിക്കും. നേത്രാരോഗ്യത്തിനായി വേണ്ട വിറ്റാമിനുകളും ധാതുക്കളും എന്തൊക്കെയാണെന്ന് നോക്കാം. ചില വിറ്റാമിനുകളുടെയും ധാതുക്കളുടെയും കുറവു കണ്ണുകളുടെ ആരോഗ്യത്തെ മോശമായി ബാധിക്കാം. പോഷകളാൽ സമ്പുഷ്ടമായ സമീകൃതാഹാരം കണ്ണുകളുടെ ആരോഗ്യത്തെ സംരക്ഷിക്കും. നേത്രാരോഗ്യത്തിനായി വേണ്ട വിറ്റാമിനുകളും ധാതുക്കളും എന്തൊക്കെയാണെന്ന് നോക്കാം.

**1. വിറ്റാമിൻ എ**

കോർണിയയുടെ ആരോഗ്യം നിലനിർത്താൻ വിറ്റാമിൻ എ ഏറെ പ്രധാനമാണ്. വിറ്റാമിൻ എ കണ്ണിലെ ദ്രാവകത്തിന്റെ നേർത്ത പാളിയായ ടിയർ ഫിലിമിന്റെ സുഗമത മെച്ചപ്പെടുത്തുകയും ചെയ്യുന്നു. കണ്ണിൻറെ കാഴ്ച ശക്തി കൂട്ടാനും കണ്ണുകളുടെ മൊത്തത്തിലുള്ള ആരോഗ്യം സംരക്ഷിക്കാനും വിറ്റാമിൻ എ പ്രധാനമാണ്. ഇതിനായി ക്യാരറ്റ്, മധുരക്കിഴങ്ങ്, ചീര, മറ്റ് ഇലക്കറികൾ, ആപ്രിക്കോട്ട്, തണ്ണിമത്തൻ, മുട്ട, പാൽ, മാമ്പഴം, പപ്പായ തുടങ്ങിയ വിറ്റാമിൻ എ അടങ്ങിയ ഭക്ഷണങ്ങൾ ഡയറ്റിൽ ഉൾപ്പെടുത്താം.

**2. വിറ്റാമിൻ സി**

ശക്തമായ ആൻറി ഓക്സിഡൻറായ വിറ്റാമിൻ സി കണ്ണുകളുടെ ആരോഗ്യം സംരക്ഷിക്കാൻ സഹായിക്കും. ഇത് നിങ്ങളുടെ കണ്ണുകളിലെ രക്തക്കുഴലുകളെ സംരക്ഷിക്കുകയും തിമിരം, മാക്യുലർ ഡീജനറേഷൻ തുടങ്ങിയ അവസ്ഥകളുടെ സാധ്യത കുറയ്ക്കുകയും ചെയ്യുന്നു. കൂടാതെ കണ്ണുകളിലെ കൊളാജൻ ഉൽപ്പാദനത്തിനും ഇവ സഹായിക്കും. ഇതിനായി ഓറഞ്ച്, സ്ട്രോബെറി, ബെൽ പെപ്പർ, ബ്രൊക്കോളി, പേരയ്ക്ക കിവി, നാരങ്ങ തുടങ്ങിയവ ഡയറ്റിൽ ഉൾപ്പെടുത്താം.

**3. വിറ്റാമിൻ ഇ**

വിറ്റാമിൻ ഇ ഒരു മികച്ച ആൻറി ഓക്സിഡൻറായി പ്രവർത്തിച്ചു കൊണ്ട് കണ്ണുകളുടെ ആരോഗ്യം സംരക്ഷിക്കും. ഇതിനായി ബദാം, സൂര്യകാന്തി വിത്തുകൾ, നിലക്കടല, അവക്കാഡോ, ചീര തുടങ്ങിയവ ഡയറ്റിൽ ഉൾപ്പെടുത്താം.

**4. വിറ്റാമിൻ ഡി**

വിറ്റാമിൻ ഡിയുടെ അളവ് കുറയുന്നത് ഡ്രൈ ഐ സിൻഡ്രോം ഉണ്ടാകാനുള്ള സാധ്യത കൂട്ടാം. അതിനാൽ സാൽമൺ ഫിഷ്, അയല, ഫോർട്ടിഫൈഡ് പാൽ, മുട്ടയുടെ മഞ്ഞക്കരു തുടങ്ങിയവ ഉൾപ്പെടുത്താൻ ശ്രമിക്കുക.

**5. സെലീനിയം, സിങ്ക്**

സെലീനിയം, സിങ്ക് എന്നിവയും മികച്ച ആൻറി ഓക്സിഡൻറായി പ്രവർത്തിച്ചുകൊണ്ട് കണ്ണുകളുടെ ആരോഗ്യം സംരക്ഷിക്കും.

**6. ഒമേഗ 3 ഫാറ്റി ആസിഡ്**

ഒമേഗ 3 ഫാറ്റി ആസിഡും കണ്ണുകളുടെ ആരോഗ്യം സംരക്ഷിക്കാൻ സഹായിക്കും. ഇതിനായി സാൽമൺ മത്സ്യം, വാൾനട്സ്, ചിയാസീഡ്, ഫ്ലക്സ് സീഡ് തുടങ്ങിയവ ഡയറ്റിൽ ഉൾപ്പെടുത്തുക.

RNI KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com

# ഓസീസിനെതിരേ ടി20 പരമ്പര സ്വന്തമാക്കി ഇന്ത്യ

**ബ്രിസ്ബെയ്ൻ:** ഓസ്ട്രേലിയക്കെതിരായ ടി20 പരമ്പര സ്വന്തമാക്കി ഇന്ത്യ. അഞ്ചുമത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ രണ്ട് മത്സരങ്ങൾ ജയിച്ചപ്പോൾ ഓസീസ് ഒരു മത്സരം ജയിച്ചു. രണ്ട് മത്സരങ്ങൾ മഴ മൂലം ഉപേക്ഷിച്ചു. നേരത്തേ ഓസീസിനെതിരായ ഏകദിനപരമ്പര ഇന്ത്യക്ക് നഷ്ടമായിരുന്നു.ഗാബയിൽ നടന്ന അവസാനമത്സരവും മഴ മുടക്കിയതോടെയാണ് ഇന്ത്യയുടെ പരമ്പരനേട്ടം. മത്സരത്തിൽ ഇന്ത്യയുടെ ബാറ്റിങ്ങിനിടെയാണ് മഴയെത്തിയത്. ആദ്യം ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 4.5 ഓവറിൽ 52 റൺസെടുത്തുനിൽക്കുമ്പോഴാണ് മഴ കളി മുടക്കിയത്. പിന്നീട് മത്സരം തുടരാനാവാതെ വന്നതോടെ കളി ഉപേക്ഷിച്ചതായി അമ്പയർമാർ അറിയിച്ചു. അതോടെ ഇന്ത്യ പരമ്പരയും സ്വന്തമാക്കി.
പരമ്പരയിലെ ആദ്യ മത്സരവും മഴ മൂലം ഉപേക്ഷിച്ചിരുന്നു. എന്നാൽ രണ്ടാം മത്സരം ഓസ്ട്രേലിയ സ്വന്തമാക്കി. നാലുവിക്കറ്റിന് ഓസീസ് ഇന്ത്യയെ പരാജയപ്പെടുത്തി. മൂന്നാം മത്സരത്തിൽ വിജയിച്ച് ഇന്ത്യ പരമ്പരയിൽ ഒപ്പമെത്തി. ഹൊബാർട്ടിൽ നടന്ന മത്സരത്തിൽ അഞ്ചുവിക്കറ്റിനാണ് ഇന്ത്യയുടെ ജയം. നാലാം മത്സരത്തിലും ജയം ആവർത്തിച്ച് ഇന്ത്യ പരമ്പരയിൽ മുന്നിലെത്തിയിരുന്നു. 48 റൺസിനാണ് സൂര്യകുമാറും സംഘവും വിജയിച്ചുകയറിയത്.







## കുവൈത്തിനെതിരെ ഇന്ത്യയ്ക്ക് ഞെട്ടിക്കുന്ന തോൽവി







**മോങ് കോക്ക് (ഹോങ്കോങ്):** ഹോങ്കോങ് സിക്സസ് ക്രിക്കറ്റ് ടൂർണമെന്റിൽ കുവൈത്തിനെതിരെ ഇന്ത്യയ്ക്ക് ഞെട്ടിക്കുന്ന തോൽവി. കുവൈത്ത് ഉയർത്തിയ 107 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ, 5.4 ഓവറിൽ 79 റൺസിനു പുറത്തായി. കുവൈത്തിന് 27 റൺസ് ജയം. ഇതോടെ പൂൾ സിയിൽ അവസാനസ്ഥാനക്കാരായ ഇന്ത്യയ്ക്ക് ക്വാർട്ടർ ഫൈനലിലേക്ക് പ്രവേശിക്കാനായില്ല. എല്ലാം പൂളുകളിലെയും മൂന്നാം സ്ഥാനക്കാർ തമ്മിൽ ഏറ്റുമുട്ടുന്ന ബൗൾ ഗ്രൂപ്പിലാകും ഇനി ഇന്ത്യയുടെ മത്സരങ്ങൾ. ഇന്നലെ പാക്കിസ്ഥാനെതിരെ ഇന്ത്യ 2 റൺസിന് ജയിച്ചിരുന്നു. കുവൈത്തിനെ പാക്കിസ്ഥാൻ തോൽപ്പിക്കുകയും ചെയ്തു. മൂന്നു ടീമുകൾക്കും രു പോയിന്റ് വീതമാണ് ഉള്ളതെങ്കിലും റൺറേറ്റിന്റെ അടിസ്ഥാനത്തിൽ ഇന്ത്യ അവസാന സ്ഥാനത്താകുകയായിരുന്നു.
കുവൈത്തിനെതിരെ ടോസ് നേടിയ ഇന്ത്യ ബോളിങ് തിരഞ്ഞെടുക്കുകയായിരുന്നു. എന്നാൽ ക്യാപ്റ്റൻ യാസിൻ പട്ടേലിന്റെയും (14 പന്തിൽ 58*), ബിലാൽ താഹിറിന്റെയും (9 പന്തിൽ 25) ബാറ്റിങ് കരുത്തിൽ നിശ്ചിത ആറ് ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ കുവൈത്ത് 106 റൺസെടുത്തു. എട്ടു സിക്സും രു ഫോറുമടങ്ങുന്നതായിരുന്നു യാസിന്റെ ഇന്നിങ്സ്. ഇന്ത്യയ്ക്കായി അഭിമന്യു മിഥുൻ രു വിക്കറ്റ് വീഴ്ത്തി. 107 റൺസ് വിജയലക്ഷ്യവുമായി മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ ഇന്ത്യൻ ഇന്നിങ്സിലെ ആദ്യ പന്തിൽ തന്നെ ഓപ്പണർ റോബിൻ ഉത്തപ്പ (0) ഗോൾഡൻ ഡക്കായി പുറത്തായി. ആദ്യ ഓവറിലെ തന്നെ അഞ്ചാം പന്തിൽ ക്യാപ്റ്റൻ ദിനേശ് കാർത്തിക്കും (4 പന്തിൽ 8) പുറത്തായി. രാം ഓവറിലെ രാം പന്തിൽ സ്റ്റുവർട്ട് ബിന്നി (2 പന്തിൽ 2) റണ്ണൌട്ടാകുകയും ചെയ്തു. ഇതോടെ കൂറ്റൻ വിജയലക്ഷ്യം ഇന്ത്യയ്ക്ക് അപ്രാപ്യമായി.പ്രിയങ്ക് പഞ്ചൽ (10 പന്തിൽ 17), അഭിമന്യു മിഥുൻ (9 പന്തിൽ 25), ഷഹ്ബാസ് നദീം (8 പന്തിൽ 19) എന്നിവർ പൊരുതിയെങ്കിലും കാര്യമുായിരുന്നു. ഇന്നിങ്സിൽ രു പന്തു മാത്രം ശേഷിക്കെ ഇന്ത്യ ഓൾഔട്ടായി. ബാറ്റിങ്ങിൽ അർധസെഞ്ചറി നേടുകയും ബോളിങ്ങിൽ മൂന്നു വിക്കറ്റ് വീഴ്ത്തുകയും ചെയ്ത കുവൈത്ത് ക്യാപ്റ്റൻ യാസിൻ പട്ടേലാണ് മത്സരത്തിലെ താരം.

## 'പ്രോത്സാഹനത്തിന്റെ പേരിൽ കെട്ടിപ്പിടിക്കും' വനിതാ താരത്തിന്റെ ആരോപണം അന്വേഷിക്കുമെന്ന് ബിസിബി



**ധാക്ക :** 2022 ലോകകപ്പിനിടെ ലൈംഗികാതിക്രമത്തിനിരയായെന്ന ബംഗ്ലദേശ് വനിതാ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ ജഹനാര ആലത്തിന്റെ ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തുമെന്ന് ബംഗ്ലദേശ് ക്രിക്കറ്റ് ബോർഡ് (ബിസിബി). ജഹനാരയുടെ ആരോപണം വളരെ ആത്മാർഥതയോടെ അന്വേഷിക്കുമെന്നും ഇക്കാര്യത്തിൽ സർക്കാർ ഏജൻസികളുടെ സഹായം തേടുമെന്നും ബിസിബി വനിതാ വിഭാഗം ചെയർമാൻ അബ്ദുർ റസാഖ് പറഞ്ഞു.
ഒരു യുട്യൂബ് ചാനലിനു നൽകിയ അഭിമുഖത്തിൽ ജഹനാര ഉന്നയിച്ച ലൈംഗിക പീഡന ആരോപണം ബംഗ്ലദേശ് കായികമേഖലയെ ആകെ പിടിച്ചുകുലുക്കിയിരിക്കുകയാണ്. ആരോപണങ്ങൾ ആദ്യം അവഗണിച്ചെങ്കിലും എല്ലാ കോണുകളിൽനിന്നും കടുത്ത വിമർശനം ഉയർന്നതിനു പിന്നാലെയാണ് അന്വേഷണം നടത്താമെന്ന് ബിസിബി സമ്മതിച്ചത്. ''ഈ വിഷയം ഞങ്ങൾ ഗൗരവമായി കാണുന്നു. സമഗ്രമായ അന്വേഷണം നടത്താനാണ് തീരുമാനം. കാരണം, ഇത് ഒരു ക്രിക്കറ്റ് താരത്തിന്റെ മാത്രം പ്രശ്നമല്ല, മറിച്ച് വനിതാ ക്രിക്കറ്റിന്റെ മൊത്തത്തിലുള്ള അഭിമാനപ്രശ്നമാണ്. എന്താണ് ചെയ്യേതെന്ന് ഞങ്ങൾ തീർച്ചയായും ആലോചിക്കും. നിലവിൽ, ഞങ്ങളുടെ ബിസിബി പ്രസിഡന്റ് ബുൾബുൾ (അമിനുൾ ഇസ്ലാം) ഭായ് വിദേശത്താണ്. അദ്ദേഹം തിരിച്ചെത്തിയാലുടൻ ഞങ്ങൾ അദ്ദേഹവുമായി ഇരുന്ന് സംസാരിച്ച് അടുത്ത നടപടിയെക്കുറിച്ച് തീരുമാനമെടുക്കും.'' അബ്ദുർ റസാഖ് പറഞ്ഞു.
''ആവശ്യമെങ്കിൽ, അന്വേഷണം പൂർത്തിയാക്കാൻ സർക്കാർ ഏജൻസികളിൽനിന്നു സഹായം തേടും. ഈ അന്വേഷണത്തിൽ ഒന്നും വിട്ടുകളയാൻ ആഗ്രഹിക്കുന്നില്ല. വനിതാ താരങ്ങൾ സുരക്ഷിതമായ അന്തരീക്ഷത്തിൽ കളിക്കുന്നുന്ന് ഞങ്ങൾ ഉറപ്പാക്കണം. അങ്ങനെയല്ലെങ്കിൽ, ഭാവിയിൽ ക്രിക്കറ്റ് കളിക്കാൻ ആളുകൾക്ക് അവരുടെ പെൺമക്കളെയോ ബന്ധുക്കളെയോ അയയ്ക്കുന്നതിന് വിശ്വാസം നഷ്ടപ്പെടും.'' അബ്ദുർ റസാഖ് കൂട്ടിച്ചേർത്തു.
2022ലെ വനിതാ ലോകകപ്പിനിടെ മുൻ വനിതാ വിഭാഗം സെലക്ടറും മാനേജരുമായ മഞ്ജുരുൾ ഇസ്ലാം തനിക്കു നേരെ ലൈംഗികാതിക്രമം നടത്തിയെന്നായിരുന്നു ജഹനാര ആലത്തിന്റെ ആരോപണം. നിലവിൽ സജീവ ക്രിക്കറ്റിൽനിന്ന് ഇടവേളയെടുത്തിരിക്കുന്ന 32 വയസ്സുകാരിയായ താരം, ഓസ്ട്രേലിയയിലാണ് താമസിക്കുന്നത്.
മഞ്ജുരുൾ തന്നെ മോശമായ രീതിയിൽ സമീപിച്ചെന്നും വിസമ്മതിച്ചപ്പോൾ അപമര്യാദയായി പെരുമാറാൻ തുടങ്ങിയെന്നും ജഹനാര ആരോപിച്ചു. ബംഗ്ലദേശ് ക്രിക്കറ്റ് ബോർഡ് തലവനായിരുന്ന അന്തരിച്ച തൗഹിദ് മഹ്മൂദിനെ 'വേ പോലെ കാണണമെന്ന്' ബോർഡിലെ ജീവനക്കാരനായ സർഫറാസ് ബാബു തന്നോട് പറഞ്ഞെന്നും ജഹനാര ആരോപിച്ചു. മഞ്ജുരുൾ അനുചിതമായ രീതിയിൽ ശരീരത്തിൽ സ്പർശിച്ചെന്നും പ്രോത്സാഹനത്തിന്റെ പേരിൽ പലപ്പോഴും വനിതാ താരങ്ങളെ കെട്ടിപ്പിടിക്കുകയോ നെഞ്ചിൽ അമർത്തുകയോ ചെയ്യുമെന്നും ജഹനാര വെളിപ്പെടുത്തി. ബംഗ്ലദേശ് ക്രിക്കറ്റ് ബോർഡിനു കത്തെഴുതി ഇക്കാര്യം പരിശോധിക്കാൻ അപേക്ഷിച്ചിട്ടും ഒരു നടപടിയും സ്വീകരിച്ചില്ലെന്നും താരം വ്യക്തമാക്കി. ബംഗ്ലാദേശിനായി 135 വൈറ്റ് ബോൾ മത്സരങ്ങൾ കളിച്ച പേസർ ജഹനാര ആലം, ഏകദിനത്തിൽ 48 വിക്കറ്റുകളും ടന്റി20യിൽ 60 വിക്കറ്റുകളും വീഴ്ത്തിയിട്ടു്.

## സ്പോൺസർ ഇല്ല; ഐഎസ്എൽ അനിശ്ചിതത്വത്തിൽ

**ന്യൂഡൽഹി :** ലീഗ് നടത്തിപ്പിനുള്ള സ്പോൺസറെ കിട്ടാതായതോടെ ഇന്ത്യൻ സൂപ്പർ ലീഗിന്റെ (ഐഎസ്എൽ) ഭാവി അനിശ്ചിതത്വത്തിൽ. ഐഎസ്എൽ സ്പോൺസർഷിപ്പിനായി ടെൻഡർ നൽകാനുള്ള സമയപരിധി ഇന്നലെ വൈകിട്ട് 6ന് അവസാനിച്ചപ്പോൾ ഒരു കമ്പനി പോലും താൽപര്യമറിയിച്ച് രംഗത്തെത്തിയില്ല.
ഐഎസ്എലിന്റെ മുൻ സ്പോൺസറായ ഫുട്ബോൾ സ്പോർട്സ് ഡവലപ്മെന്റ് ലിമിറ്റഡ് (എഫ്എസ്ഡിഎൽ) അടക്കം 4 കമ്പനികൾ പ്രാഥമിക ഘട്ടത്തിൽ താൽപര്യമറിയിച്ച് പ്രീ-ബിഡ് കോൺഫറൻസിൽ പങ്കെടുത്തിരുന്നെങ്കിലും ഇവരിലാരും അവസാനഘട്ടത്തിൽ ടെൻഡർ സമർപ്പിച്ചില്ല. ഇതോടെ ഡിസംബറിൽ ഐഎസ്എൽ സീസൺ ആരംഭിക്കുമെന്ന അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷന്റെ പ്രഖ്യാപനം നടപ്പാകില്ലെന്ന് ഉറപ്പായി.
പ്രതിവർഷം 37.5 കോടി രൂപ അല്ലെങ്കിൽ ആകെ വരുമാനത്തിന്റെ 5 നൽകണമെന്ന വ്യവസ്ഥയാണ് കമ്പനികളുടെ പ്രധാന തടസ്സമെന്നാണ് സൂചന. ഐഎസ്എലിന്റെ വിപണി സാധ്യതകൾ വിശകലനം ചെയ്യുമ്പോൾ ഫുട്ബോൾ ഫെഡറേഷന്റെ ആവശ്യം യാഥാർഥ്യത്തിന് വിരുദ്ധമാണെന്ന് വിമർശനമുയർന്നിരുന്നു.
ആദ്യ ശ്രമം പരാജയപ്പെട്ടതോടെ ലേല വ്യവസ്ഥകളിൽ ഇളവ് നൽകി വീും ടെൻഡർ വിളിക്കുക എന്ന വഴി മാത്രമാണ് ഇനി ഫുട്ബോൾ ഫെഡറേഷന്റെ മുന്നിലുള്ളത്. വീും വ്യവസ്ഥകൾ പുതുക്കുന്നതോടെ ഐഎസ്എൽ തുടങ്ങാൻ 2 മാസമെങ്കിലും കാലതാമസം നേരിട്ടേക്കും.

## സ്കൂൾ കായികമേള: വിദ്യാഭ്യാസ വകുപ്പ് പ്രായത്തട്ടിപ്പ് സ്ഥിരീകരിച്ചു

**തിരുവനന്തപുരം:** സംസ്ഥാന സ്കൂൾ കായിക മേളയിൽ സീനിയർ പെൺകുട്ടികളുടെ 100, 200 മീറ്റർ മത്സരങ്ങളിൽ വെള്ളി മെഡൽ നേടിയ കോഴിക്കോട് പുല്ലൂരാംപാറ സ്കൂൾ വിദ്യാർഥി ജ്യോതി ഉപാധ്യായ പ്രായത്തട്ടിപ്പ് നടത്തിയതായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രാഥമിക അന്വേഷണത്തിൽ സ്ഥിരീകരിച്ചു. ഉത്തർപ്രദേശുകാരിയായ ജ്യോതി സ്കൂൾ പ്രവേശനത്തിനായി സമർപ്പിച്ചിരിക്കുന്ന ആധാർ വ്യാജമാണെന്നാണ് കത്തെൽ. സ്കൂളിനും കുട്ടിക്കും വിശദീകരണം നൽകാൻ അടുത്ത ആഴ്ച ഹിയറിങ് നടത്തുമെന്ന് സ്കൂൾ സ്പോർട്സ് ഓർഗനൈസർ ഹരീഷ് ശങ്കർ പറഞ്ഞു. അതിനു ശേഷമാകും തുടർ നടപടികൾ സ്വീകരിക്കുക. ജ്യോതിയുടെ ആധാർ കാർഡ് വ്യാജമാണെന്നും പ്രായത്തട്ടിപ്പ് നടന്നെന്നും കായികമേളയ്ക്കിടെ മനോരമ റിപ്പോർട്ട് ചെയ്തിരുന്നു.
സ്കൂൾ പ്രവേശനത്തിനു സമർപ്പിച്ച ആധാറിൽ ഈ കുട്ടിയുടെ ജനനത്തീയതി 2007 മേയ് 4 ആണ്. ഇതനുസരിച്ചാണ് അർ 19 വിഭാഗത്തിൽ മത്സരിച്ചത്. എന്നാൽ ദേശീയ അത്‌ലറ്റിക് ഫെഡറേഷനിൽ ഇതേ കുട്ടി റജിസ്റ്റർ ചെയ്തിരിക്കുന്നത് മറ്റൊരു ആധാർ ഉപയോഗിച്ചാണ്. അതിൽ 2004ൽ ആണ് ജനന തീയതി. കേരളത്തിൽ സ്കൂൾ പ്രവേശനത്തിനു നൽകിയ ആധാർ വ്യാജമാണെന്നാണ് പൊതു വിദ്യാഭ്യാസ വകുപ്പ് അന്വേഷണത്തിൽ സ്ഥിരീകരിച്ചത്. അതനുസരിച്ച് ജ്യോതിക്ക് 21 വയസ്സു്. ജനന സർട്ടിഫിക്കറ്റിലും പൊരുത്തക്കേടു്. ഇക്കഴിഞ്ഞ ഒക്ടോബർ ആറിനാണ് കുട്ടി സ്കൂളിൽ പ്രവേശനം നേടിയത്. ജനന സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കുന്നതും അതിനു തൊട്ടുമുൻപാണ്.
പരാതി ഉയർന്നതിനെ തുടർന്ന് ജ്യോതിയുടെ മത്സര ഫലങ്ങൾ വകുപ്പ് തടഞ്ഞിരുന്നു. സബ് ജൂനിയർ വിഭാഗത്തിൽ മത്സരിച്ച മലപ്പുറത്തെ ഒരു സ്കൂളിലെ മറുനാട്ടുകാരനായ വിദ്യാർഥിക്കെതിരെയും പ്രായത്തട്ടിപ്പ് പരാതി ലഭിച്ചിട്ടു്. ഇതും വിദ്യാഭ്യാസ വകുപ്പ് വിജിലൻസ് അന്വേഷിക്കുന്നു്.

## ചെസ് ലോകകപ്പ്: അർജുന് ജയം,ഗുകേഷിന് സമനില



**പനജി :** ലോകകപ്പ് ചെസിന്റെ മൂന്നാം റൗിൽ രാം സീഡ് അർജുൻ എരിഗെയ്സിക്കും 24ാം സീഡ് പി.ഹരികൃഷ്ണയ്ക്കും വിജയത്തുടക്കം. ഉസ്ബെക്കിസ്ഥാൻ ഗ്രാൻഡ് മാസ്റ്റർ ഷംസിദിൻ വോക്കിദോവിനെയാണ് അർജുൻ 30 നീക്കങ്ങളിൽ തോൽപിച്ചത്. കഴിഞ്ഞ റൗിലെ രു കളികളും ജയിച്ചിരുന്ന അർജുന്റെ തുടർച്ചയായ മൂന്നാം ക്ലാസിക്കൽ ഗെയിം ജയമാണിത്. മനോഹരമായ റൂക്ക് സാക്രിഫൈസോടെയാണ് പി. ഹരികൃഷ്ണ 25 നീക്കങ്ങളിൽ ബെൽജിയൻ താരം ഡാനിയൽ ദർധയെ തോൽപിച്ചത്. ലോക ജൂനിയർ ചാംപ്യൻ ഇന്ത്യയുടെ വി. പ്രണവ്, റേറ്റിങ്ങിൽ മുന്നിലുള്ള ടൈറ്റസ് സ്ട്രെമാവിഷ്യസിനെ 102 നീക്കങ്ങളിൽ തോൽപിച്ച് ലീഡ് നേടി.
ലോക ചാംപ്യൻ ഡി.ഗുകേഷും മൂന്നാം സീഡ് ആർ. പ്രഗ്നാനന്ദയും വിദിത് ഗുജറാത്തിയും മൂന്നാം റൗിലെ ആദ്യ മത്സരത്തിൽ സമനില വഴങ്ങി. ജർമനിയുടെ ഫ്രെഡറിക് സ്വാനെയാണ് 34 നീക്കങ്ങളിൽ ഗുകേഷിനെ തളച്ചത്. അർമീനിയയുടെ റോബർട്ട് ഹോവ്ഹാന്നിസ്യാൻ പ്രഗ്നാനന്ദയെ 30 നീക്കങ്ങളിൽ സമനിലയിൽ തളച്ചു. ഗുജറാത്തി യുഎസിന്റെ ഷാം ഷങ്ക്ലാൻഡിനെയും എസ്.എൽ. നാരായണൻ യുയാങ്യിയെയും സമനിലയിൽ തളച്ചു.

## ചരിത്രനിമിഷം;ശീതൾ ദേവി ഇന്ത്യൻ ടീമിൽ



**ന്യൂഡൽഹി:** പാരാ ആർച്ചറിയിൽ ഇന്ത്യയുടെ ആദ്യ വനിതാ ലോക ചാംപ്യനായ ശീതൾ ദേവി ഏഷ്യാ കപ്പ് ആർച്ചറി ചാംപ്യൻഷിപ്പിനുള്ള ഇന്ത്യൻ ദേശീയ ടീമിൽ ഇടം നേടി. ആദ്യമായാണ് പാരാ ആർച്ചറി വിഭാഗത്തിൽ നിന്നുള്ള ഒരാൾ രാജ്യാന്തര മത്സരത്തിനുള്ള ദേശീയ ടീമിൽ ഇടം നേടുന്നത്.
ഇരു കൈകളുമില്ലാതെ കാലുകൊ് ഞാൺ വലിക്കുന്ന ജമ്മു കശ്മീർ സ്വദേശിനി അറുപതിലേറെ താരങ്ങൾ പങ്കെടുത്ത സിലക്ഷൻ ട്രയൽസിൽ വിജയിച്ചാണ് ഇന്ത്യൻ ജനറൽ ടീമിൽ സ്ഥാനമുറപ്പിച്ചത്. പതിനെട്ടുകാരിയായ ശീതൾ 2024ലെ പാരിസ് പാരാലിംപിക്സിൽ ആർച്ചറി മിക്സ്ഡ് കോംപൗ ഇനത്തിൽ വെങ്കലം നേടിയിരുന്നു.

## ഫിഫ ദ് ബെസ്റ്റ്: പട്ടികയിൽ ഉസ്മാൻ ഡെംബലെ, ലമീൻ യമാൽ

**സൂറിക് :** കഴിഞ്ഞ വർഷത്തെ മികച്ച പുരുഷ ഫുട്ബോളർക്കുള്ള ഫിഫ ദ് ബെസ്റ്റ് പുരസ്കാരത്തിന്റെ ചുരുക്കപ്പട്ടികയിൽ സൂപ്പർ താരങ്ങളായ ഉസ്മാൻ ഡെംബലെ, ലമീൻ യമാൽ, കിലിയൻ എംബപെ, കോൾഡ് പാമർ, മുഹമ്മദ് സലാ എന്നിവർ ഇടംപിടിച്ചു. കഴിഞ്ഞ വർഷത്തെ ബലോൻ ദ് ഓർ പുരസ്കാരം ഫ്രഞ്ച് താരം ഡെംബലെയ്ക്കായിരുന്നു. പട്ടികയിൽ രാമനായിരുന്നു സ്പാനിഷ് യുവതാരം യമാൽ. ഫിഫ ദ് ബെസ്റ്റ് പുരസ്കാരത്തിനുള്ള മത്സരത്തിലും ഇരുവരും തന്നെയാണ് മുന്നിൽ. പുരസ്കാരത്തിനുള്ള 11 പേരുടെ ചുരുക്കപ്പട്ടികയിൽ 4 പേർ യുവേഫ ചാംപ്യൻസ് ലീഗ് ജേതാക്കളായ ഫ്രഞ്ച് ഫുട്ബോൾ ക്ലബ് പിഎസ്ജിയിൽ നിന്നാണ്. പിഎസ്ജി കോച്ച് ലൂയി എൻറികെ മികച്ച പരിശീലകനുള്ള പുരസ്കാരപ്പട്ടികയിലു്. മികച്ച വനിതാ താരത്തിനുള്ള ചുരുക്കപ്പട്ടികയിൽ 16 പേരു്. സ്പെയിനിന്റെ അയ്റ്റാന ബോൺമറ്റിയാണ് പട്ടികയിലെ പ്രധാനി. നവംബർ 28 വരെ നീളുന്ന വോട്ടിങ്ങിലൂടെയാണ് വിജയികളെ തീരുമാനിക്കുക. പുരസ്കാര പ്രഖ്യാപന തീയതി ഇതുവരെ തീരുമാനിച്ചിട്ടില്ല.

## ധോണി ചെന്നൈ ടീമിൽ തുടരും



**ന്യൂഡൽഹി :** സൂപ്പർ താരം എം.എസ്.ധോണി അടുത്ത ഐപിഎൽ സീസണിലും ചെന്നൈ സൂപ്പർ കിങ്സിനൊപ്പം ഉണ്ടാകുമെന്ന് ടീം സിഇഒ കാശി വിശ്വനാഥൻ. ഒരു സ്വകാര്യ അഭിമുഖത്തിൽ ധോണിയുടെ ഐപിഎൽ ഭാവിയെക്കുറിച്ചു ചോദിച്ചപ്പോഴായിരുന്നു കാശി വിശ്വനാഥന്റെ മറുപടി.
'അടുത്ത സീസണിലും ടീമിനൊപ്പം ഉണ്ടാകുമെന്ന് ധോണി അറിയിച്ചിട്ടുണ്ട്' കാശി പറഞ്ഞു. നാൽപത്തിനാലുകാരനായ ധോണിക്കു കീഴിൽ ചെന്നൈ ടീം 5 തവണ ഐപിഎൽ ചാംപ്യൻമാരായിട്ടുണ്ട്.

## 100ാം വാർഷികം ആഘോഷിച്ച് ഇന്ത്യൻ ഹോക്കി




**ന്യൂഡൽഹി :** ഒളിംപിക്സ് മെഡൽ ജേതാക്കളായ ഗുർബക്സ് സിങ്, അസ്‌ലം ഷേർ ഖാൻ തുടങ്ങിയ കായിക ഇതിഹാസങ്ങളെ സാക്ഷി നിർത്തി ഇന്ത്യൻ ഹോക്കിയുടെ നൂറാം വാർഷികാഘോഷം ഡൽഹി മേജർ ധ്യാൻ ചന്ദ് നാഷനൽ സ്റ്റേഡിയത്തിൽ നടന്നു.
കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ നയിക്കുന്ന സ്പോർട്സ് മിനിസ്റ്റേഴ്സ് ഇലവനും ഹോക്കി ഇന്ത്യ പ്രസിഡന്റും മുൻ ക്യാപ്റ്റനുമായ ദിലീപ് ടിർക്കിയുടെ നേതൃത്വത്തിലുള്ള ഹോക്കി ഇന്ത്യ ഇലവനും തമ്മിൽ നടന്ന പ്രദർശന മത്സരത്തോടെയാണ് പരിപാടികൾക്ക് തുടക്കമായത്. മത്സരത്തിൽ മിനിസ്റ്റേഴ്സ് ഇലവൻ 31ന് ജയിച്ചു.

## രാജ്യാന്തര ഫുട്ബോൾ മതിയാക്കാൻ തീരുമാനിച്ചതായി സുനിൽ ഛേത്രി

**ന്യൂഡൽഹി:** രാജ്യാന്തര ഫുട്ബോളിൽ നിന്നു 'വീും' വിരമിക്കൽ പ്രഖ്യാപിച്ച് ഇന്ത്യൻ ഇതിഹാസം സുനിൽ ഛേത്രി. കഴിഞ്ഞ ദിവസം ഒരു ഇംഗ്ലിഷ് മാധ്യമത്തിനു നൽകിയ അഭിമുഖത്തിലാണ് ദേശീയ ജഴ്സിയിൽ ഇനി ഉാകില്ലെന്ന് നാൽപത്തിയൊന്നുകാരൻ ഛേത്രി വ്യക്തമാക്കിയത്. കഴിഞ്ഞ വർഷം രാജ്യാന്തര ഫുട്ബോളിൽ നിന്നു വിരമിക്കൽ പ്രഖ്യാപിച്ച ഛേത്രി ഈ വർഷം മാർച്ചിൽ വിരമിക്കൽ തീരുമാനം പിൻവലിച്ച് ടീമിലേക്ക് തിരിച്ചെത്തിയിരുന്നു. അന്നത്തെ പരിശീലകൻ മനോലോ മാർക്കേസിന്റെ നിർബന്ധപ്രകാരം, എഎഫ്സി ഏഷ്യൻ കപ്പ് യോഗ്യതാ മത്സരങ്ങൾ ലക്ഷ്യം വച്ചായിരുന്നു ഛേത്രി ടീമിലേക്ക് തിരിച്ചെത്തിയത്. എന്നാൽ ടൂർണമെന്റിന് യോഗ്യത നേടാൻ ടീമിനു സാധിച്ചില്ല. ഇതോടെയാണ് വിരമിക്കൽ തീരുമാനത്തെക്കുറിച്ച് വീും ചിന്തിച്ചതെന്ന് അഭിമുഖത്തിൽ ഛേത്രി പറഞ്ഞു.
വിരമിക്കൽ പിൻവലിച്ച് തിരിച്ചെത്തിയ ഛേത്രിക്ക് 6 മത്സരങ്ങളിൽ നിന്ന് ഒരു തവണ മാത്രമാണ് ലക്ഷ്യം കാണാൻ സാധിച്ചത്. ഇന്ത്യൻ സൂപ്പർ ലീഗിൽ (ഐഎസ്എൽ) ബെംഗളൂരു എഫ്സിയുടെ താരമാണ് ഛേത്രി. അടുത്ത ഐഎസ്എൽ സീസണോടെ ക്ലബ് ഫുട്ബോളും താൻ മതിയാക്കിയേക്കുമെന്നും ഛേത്രി പറഞ്ഞു.
20 വർഷത്തോളം ടീം ഇന്ത്യയുടെ ഭാഗമായ ഛേത്രി, സജീവ ഫുട്ബോൾ താരങ്ങളിൽ ഏറ്റവും കൂടുതൽ രാജ്യാന്തര ഗോളുകളുള്ള മൂന്നാമത്തെ പ്ലെയറാണ് (155 മത്സരങ്ങളിൽ നിന്ന് 95 ഗോൾ). 225 മത്സരങ്ങളിൽ നിന്ന് 143 ഗോളുകളുള്ള പോർച്ചുഗൽ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയും 194 മത്സരങ്ങളിൽ നിന്ന് 114 ഗോളുകളുള്ള അർജന്റീനയുടെ ലയണൽ മെസ്സിയുമാണ് ആദ്യ രണ്ടു സ്ഥാനങ്ങളിൽ



RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com